1

# കാലാതീതം കാവ്യവിസ്മയം

## ആമുഖം

കാവ്യം കാലദേശങ്ങൾക്കതീതമാണ്. തികച്ചും ഭാരതീയപശ്ചാത്തലത്തിൽ രചിച്ച ശാകുന്തളം യൂറോപ്യൻ കവികളുടെ മനസ്സിൽ അഹ്ലാദം നിറയ്ക്കുന്നതും ഷേക്സ്പിയറുടെയും ഖലീൽജിബ്രാന്റെയും രചനകൾ മലയാള സാഹിത്യലോകത്തു ചർച്ചയാവുന്നതും സാഹിത്യം കാലദേശാതീതമായതുകൊണ്ടാണ്. വ്യാസന്റെയും വാല്മീകിയുടെയും കഥാപാത്രങ്ങൾ നൂറുകണക്കിനു സാഹിത്യരൂപങ്ങളിലൂടെ ഇന്നും പുനഃസൃഷ്ടിക്കപ്പെടുന്നു. കാലദേശാദി പരിമിതികളെ മറികടന്ന് സാഹിത്യം മാനവസംസ്കാരത്തിന്റെ ഏകസ്വരമായി മാറുന്നു എന്ന നിരീക്ഷണത്തിലേക്ക് ഈ യൂണിറ്റ് നമ്മെ നയിക്കുന്നു.

മൂന്നു പാഠങ്ങളാണ് യൂണിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തുഞ്ചത്തെഴുത്തച്ഛന്റെ അദ്ധ്യാത്മ രാമായണം കിളിപ്പാട്ട് – അയോധ്യാകാണ്ഡത്തിൽ നിന്നെടുത്ത 'ലക്ഷ്മണസാന്ത്വനം' ആണ് ആദ്യത്തേത്. ജീവിതത്തിലെ പ്രതിസന്ധിയെ വിവേകപൂർണമായ ഇടപെടലുകൾ കൊണ്ടു മറികടക്കുന്ന ഈ സന്ദർഭം എഴുത്തച്ഛന്റെ പ്രായോഗിക തത്ത്വചിന്തയ്ക്കു നിദർശനമാണ്. ക്രോധം എന്ന ഇരുട്ടിനെ തത്ത്വവിചാരത്തിന്റെ വിളക്കുകൾ കൊണ്ടു ഇല്ലാതാക്കുന്ന വികാരവിക്ഷുബ്ധനായ ഒരാളെ സാന്ത്വനിപ്പിക്കുന്നതെങ്ങനെയെന്നും ബോധ്യപ്പെടുത്തുന്നു.

വിശ്വമഹാകവി കാളിദാസന്റെ കാവ്യലോകം സമുചിതമായി പരിചയപ്പെടുത്തുന്ന ലേഖനമാണ് രണ്ടാമത്തെ പാഠമായി ചേർത്തിട്ടുള്ള 'കാളിദാസൻ'. എൻ.വി. കൃഷ്ണവാര്യരുടെ 'കാളിദാസ പഠനങ്ങൾ' എന്ന കൃതിയിലെ ഒരധ്യായമാണിത്. കാളിദാസന്റെ കാവ്യസംസ്കാരത്തിന്റെ സവിശേഷതകൾ സമഗ്രഭാവത്തിൽ പകർന്നു നൽകുന്ന രചന.

ഇന്ത്യൻ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട അതുല്യമായ അനുഭവകഥയാണ് വൈക്കം മുഹമ്മദ് ബഷീറിന്റെ 'ഓർമക്കുറിപ്പി'ൽ നിന്നെടുത്തിട്ടുള്ള 'അമ്മ' എന്ന രചന. മാതൃത്വം, വിശപ്പ്, അധികാരം മുതലായ പ്രമേയങ്ങളെ സാധാരണക്കാരന്റെ യുക്തിയിലൂടെ നിരീക്ഷിക്കുന്ന ബഷീർ മാന്ത്രികഭാഷകൊണ്ട് തന്റെ രചനയെ വികാരസാന്ദ്രമാക്കുന്നു.

സച്ചിദാനന്ദന്റെ രണ്ടു വരികളാണ് പ്രവേശകമായി ചേർത്തിരിക്കുന്നത്. അദ്ദേഹത്തിന്റെ റഷ്യൻ യാത്രാനുഭവഗീതമായ 'മഞ്ഞിൽ' നിന്നുള്ളതാണ് ഈ വരികൾ. എഴുതാനുപയോഗിക്കുന്ന ഭാഷ വ്യത്യസ്തമാണെങ്കിലും കവിത യുടെ ആന്തരികഭാഷ എല്ലായിടത്തും ഒന്നാണെന്ന കണ്ടെത്തലാണ് ഇതിന്റെ ഉള്ളടക്കം. കാളിദാസനും എഴുത്തച്ഛനും ബഷീറും എല്ലാം ഒരേ ജീവിതപാനപാത്രത്തിൽനിന്ന് കയ്പും മധുരവും രുചിച്ച് എഴുതുന്നവരാണെന്ന വെളിച്ചത്തിലേക്ക് ഈ ആശയത്തെ ബന്ധിപ്പിക്കാം.

കാലാതിവർത്തിയായ കാവ്യഭാവനകൾ കുട്ടികൾക്കു പരിചയപ്പെടാനും അവ ആസ്വദിക്കാനും ഈ പാഠങ്ങളുടെ വിനിമയത്തിലൂടെ കഴിയണം. ഇവിടെ വിവരിക്കുന്ന ജീവിത മുഹൂർത്തങ്ങളിൽനിന്ന് മൂല്യബോധം ഉൾക്കൊണ്ട് വൈകാരിക സന്തുല കൈവരിച്ച്

വിവേകശാലികളായി കുട്ടികൾ വളർന്നു വരണം. പ്രയോഗഭംഗികൾ കണ്ടെത്തി ആസ്വ

ദിക്കുന്നതോടൊപ്പം കാവ്യഭാഷയുടെ സാധ്യതകൾ തിരിച്ചറിഞ്ഞു പ്രയോഗിക്കാനുള്ള ശേഷിയും വളരണം. വിശാലമായ സാഹിത്യലോകത്തേക്കുള്ള ജാലകം തുറക്കലായി ഈ യൂണിറ്റ് പ്രയോജനപ്പെടുത്താൻ അധ്യാപികയ്ക്കു സാധിക്കണം.

## പ്രവേശക പ്രവർത്തനം

കവിത ക്ലാസിൽ പ്രദർശിപ്പിക്കുന്നു.

തുടർന്നു കവിത നൽകുന്ന ആശയങ്ങളെക്കുറിച്ച് ചർച്ചയാവാം.

### സൂചനകൾ

- ഇലകളുടെ മർമ്മരം, തത്തകളുടെ കൊഞ്ചൽ, എന്നിവയ്ക്ക് ലോകത്തെല്ലായിടത്തും സമാനതയുണ്ട്. ഇതുപോലെ ലോകമെമ്പാടുമുള്ള കവികൾ വികാരാവിഷ്കരണത്തിന് സമാനമായ ഭാഷയാണുപയോഗിക്കുന്നത്.

കവികൾക്ക് ലോകമെമ്പാടും ഒരേ ഭാഷയേയുള്ളു എന്നു പറയുന്നതെന്തുകൊണ്ടാവാം?

- ഭാഷയിലൂടെ വിനിമയം ചെയ്യുന്നത് വികാരം, ഭാവം, ആശയം എന്നിവയാണ്.
- കവിതയുടെ വികാരാവിഷ്കാരത്തിന് സാർവലൗകിക സ്വഭാവമുണ്ട്.
- കവിതയുടെ ഭാവതലം സാർവലൗകികമാണ്.
- മഹത്തായ കവിതകൾ ലോകനന്മ ലക്ഷ്യം വയ്ക്കുന്നു. (ഹോമർ, വ്യാസൻ, ദാന്തെ, കാളിദാസൻ, തിരുവള്ളുവർ, എഴുത്തച്ഛൻ........)

## പാഠാവതരണം

ലോകനന്മ ലക്ഷ്യം വച്ച കവിയാണ് എഴുത്തച്ഛൻ എന്ന ആശയത്തിലേക്ക് എത്തിച്ചേർന്ന കുട്ടികൾക്ക് മുന്നിൽ അദ്ദേഹത്തിന്റെ കാവ്യഭാഗം അവതരിപ്പിക്കണം.

തുടർന്ന് കവിത ഈണത്തിൽ അവതരിപ്പിക്കാൻ കുട്ടികൾക്ക് നൽകാം (ഗ്രൂപ്പ് പ്രവർത്തനവും ആകാം). ആവർത്തിച്ചുള്ള ചൊല്ലലിലൂടെ കവിത കുട്ടികളുടെ മനസ്സിൽ ഉറപ്പിക്കുന്ന കാര്യം ശ്രദ്ധിക്കുമല്ലോ.

### ലക്ഷ്മണസാന്ത്വനം (എഴുത്തച്ഛൻ)

ആദികാവ്യമായ രാമായണത്തിന് ഭാരതീയഭാഷകളിൽ അനേകം പുനരാവിഷ്കാരങ്ങളുണ്ടായി. മലയാളഭാഷയിൽ രാമചരിതം, രാമകഥപ്പാട്ട്, കണ്ണശ്ശരാമായണം, ഭാഷാരാമായണം ചമ്പു മുതലായ കാവ്യങ്ങൾ വ്യത്യസ്ത പ്രസ്ഥാനങ്ങളിലായി രൂപംകൊണ്ടു. സംസ്കൃതത്തിലെ അധ്യാത്മരാമായണം എന്ന കാവ്യത്തെ അവലംബിച്ചു മഹാകവി എഴുത്തച്ഛൻ കിളിപ്പാട്ടുരീതിയിൽ എഴുതിയ കൃതിയാണ് അധ്യാത്മരാമായണം കിളിപ്പാട്ട്. അധ്യാത്മരാമായണം കിളിപ്പാട്ട് മലയാളത്തിൽ സാംസ്കാരികവും ഭാഷാപരവുമായ നവോത്ഥാനത്തിനു കളമൊരുക്കി.

സാമൂഹികവും സാംസ്കാരികവുമായ അപചയത്തിൽ നിന്ന് ജനതയെ മോചിപ്പിക്കുന്നതിനുവേണ്ടിയാണ് എഴുത്തച്ഛൻ ഭക്തികാവ്യങ്ങളുടെ രചന നിർവഹിച്ചത്. പാട്ട്, മണിപ്രവാളം എന്നിങ്ങനെ രണ്ടുതരം കാവ്യസരണയിൽ ഒഴുകിയിരുന്ന മലയാള കവിതയ്ക്ക് മാതൃകാപരമായ സത്തയും ശൈലിയും ഒരുക്കിയെടുക്കാൻ അദ്ദേഹത്തിന്റെ കാവ്യങ്ങൾ സഹായിച്ചു. മലയാളഭാഷയുടെ പിതാവ് എന്ന് ആദരപൂർവം നാം അദ്ദേഹത്തെ വിളിക്കുന്നതും ഇക്കാരണം കൊണ്ടാണ്. കിളിപ്പാട്ട് എന്ന പുതിയ കാവ്യരീതിയിലൂടെ പുരാണേതിഹാസകഥകൾ അദ്ദേഹം പകർന്നു തന്നു.

കവിതയും തത്ത്വചിന്തയും എഴുത്തച്ഛന്റെ കാവ്യശൈലിയും ഉദാത്തലക്ഷ്യങ്ങളും 'ലക്ഷ്മണസാന്ത്വനം' എന്ന പാഠഭാഗത്തിൽ പരിചയപ്പെടാം.

എഴുത്തച്ഛനെക്കുറിച്ച് വള്ളത്തോൾ

"…..തൻകിടാവിനോടൊപ്പമങ്ങുന്നു താലോലിച്ച
പൈങ്കിളിപ്പിടയുടെ പഞ്ചമസ്വരാലാപം
ഇരുളിൽ മയങ്ങിയ ലോകത്തെയുണർത്തിയി-
ട്ടരുണപ്രഭവീശും സുപ്രഭാതത്തെക്കാട്ടി
അപ്പഞ്ചവർണത്തത്തൻ ചിറകടിനല്ലോ-
രദ്ഭുതവിശറിയായ് കൈരളീദേവിക്കന്നാൾ
സഞ്ചിതമധുരിമാസാരമാമതിൻ കിളി-
ക്കൊഞ്ചലോ, മുൻ കേൾക്കാത്തവീണവായനയായി…."

*(തുഞ്ചത്തെഴുത്തച്ഛൻ)*

## പാഠവിശകലനം

അദ്ധ്യാത്മരാമായണം കിളിപ്പാട്ട് അയോദ്ധ്യാകാണ്ഡത്തിൽ വിവരിക്കുന്ന രാമാഭിഷേകവിഘ്നമാണ് സന്ദർഭം. കൈകേയിയുടെ നിർബന്ധത്തിനുവഴങ്ങി ദശരഥമഹാരാജാവിന് തന്റെ തീരുമാനം മാറ്റേണ്ടിവന്നു. രാമൻ യുവരാജാവാകുന്നില്ല എന്നുമാത്രമല്ല, പതിന്നാലുവർഷം വനവാസം സ്വീകരിക്കുകയും വേണം. അച്ഛന്റെ വാക്കുമാനിച്ച് കാട്ടിലേക്കു പുറപ്പെടാനൊരുങ്ങുന്ന രാമകുമാരൻ അമ്മ കൗസല്യയോടു യാത്രചോദിക്കാൻ അന്തഃപ്പുരത്തിലെത്തുമ്പോഴാണ് ലക്ഷ്മണനെ കണ്ടുമുട്ടുന്നത്. അഭിഷേകവിഘ്നം ലക്ഷ്മണനെ കുപിതനാക്കി. ജ്യേഷ്ഠനോടുള്ള സ്നേഹാധിക്യം കൊണ്ട് എന്തു വിലകൊടുത്തും അഭിഷേകം നടത്തുമെന്ന കടുത്ത തീരുമാനവുമായി കോപതാപ ധീനനായി നിൽക്കുന്ന ലക്ഷ്മണനെ ശ്രീരാമൻ സാന്ത്വനിപ്പിക്കുന്നു. വൽസാ, സൗമിത്രേ കുമാരാ നീ മൽസരഭാവമില്ലാതെ എന്റെ വാക്കുകൾ കേൾക്കുക എന്ന ശ്രീരാമവാക്യം തന്നെ ലക്ഷ്മണസാന്ത്വനമാണ്. വൽസാ എന്ന വാത്സല്യം തുളുമ്പുന്ന വിളി സുമിത്രയെപ്പോലെ ബഹുമാന്യയായ ഒരമ്മയുടെ പുത്രനാണെന്ന ധ്വനി, നീ കുമാരനാകയാൽ ഇത്തിരി എടുത്തുചാട്ടമുണ്ടെന്ന ജ്യേഷ്ഠവാൽസല്യം എല്ലാം ഈ സംബോധനയിൽ എഴുത്തച്ഛൻ ധ്വനിപ്പിക്കുന്നുണ്ട്.

തുടർന്ന് ലക്ഷ്മണനെക്കുറിച്ച് മതിപ്പോടെ ശ്രീരാമൻ സംസാരിക്കുന്നു. തന്നോടുള്ള സ്നേഹവും ആദരവുമാണ് ലക്ഷ്മണനെ കുപിതനാക്കുന്നതെന്നറിയുന്ന ശ്രീരാമൻ രാജ്യം, ദേഹം, ലോകം, ധനധാന്യങ്ങൾ എന്നിവ അനിത്യമാണെന്ന് സമർഥിക്കുന്നു. അതുകൊണ്ടു തന്നെ നശ്വരമായ അതിന്റെ നേട്ടത്തിൽ ആനന്ദിക്കാനൊന്നുമില്ലെന്നും അനുജനോട് പറയുന്നു.

ഭോഗങ്ങൾ ക്ഷണികങ്ങളാണ്; ആയുസ്സും. ചുട്ടുപഴുത്ത ലോഹത്തിൽ ഒരു തുള്ളി ജലം വീഴുമ്പോൾ എന്തുസംഭവിക്കുമോ അതുപോലെ ക്ഷണഭംഗുരമാണ് മർത്യജന്മവും. പാമ്പിന്റെ വായിലിരയായി വീണ തവള ആഹാരത്തിന് ശ്രമിക്കുന്നതുപോലെ കാലമാകുന്ന സർപ്പത്താൽ വിഴുങ്ങപ്പെട്ട മനുഷ്യർ ചഞ്ചലമനസ്കരായി ലൗകികസുഖങ്ങൾ തേടുകയാണ്. മകൻ, കൂട്ടുകാരൻ, ഭാര്യ തുടങ്ങിയ പ്രിയപ്പെട്ടവരോടൊപ്പമുള്ള കുടുംബജീവിതം അൽപ്പകാലത്തേക്ക് മാത്രമേ ഉള്ളൂ. സത്രത്തിൽ ഒരു രാത്രി ഒത്തുകൂടുന്ന വഴിയാത്രക്കാർ പിരിഞ്ഞുപോകുന്നതുപോലെയും പുഴയിൽ ഒഴുകുന്ന പൊങ്ങുതടികൾ പോലെയും തികച്ചും അസ്ഥിരമാണ് ജീവിതം. (നാടും വീടും കുടുംബവും ജീവിതവും അൽപ്പകാലം മാത്രം എന്നാശയം.) ധനം, ഐശ്വര്യം, യൗവനം ഇവയൊന്നും ശാശ്വതമല്ല. സ്വപ്നം കണ്ടുതീരുന്ന വേഗത്തിൽ അൽപ്പായുസ്സായ കുടുംബജീവിതം അവസാനിക്കുന്നു. ദേഹം നിമിത്തമാണ് അഹംഭാവമുണ്ടാകുന്നത്. ഞാൻ ബ്രാഹ്മണനാണ്, ഞാൻ രാജാവാണ്, ഞാൻ ശ്രേഷ്ഠനാണ് എന്നൊക്കെ മനുഷ്യർ ആവർത്തിച്ച് പറഞ്ഞഹങ്കരിച്ചുകൊണ്ടിരിക്കുമ്പോൾ. ജന്തുക്കൾ അവരെ ഭക്ഷിച്ച് വിസർജ്ജിച്ചേക്കാം; തീയിൽ വെന്തു ചാമ്പലായിത്തീരാം. മണ്ണിന്റെയടിയിൽ ചീഞ്ഞ് കീടങ്ങളാകാം. അതിനാൽ ദേഹത്തെ അടിസ്ഥാനമാക്കിയുള്ള അതിമോഹം ഒരിക്കലും നല്ലതല്ല.

തുടർന്ന് ശരീരത്തിന്റെ നിസ്സാരതയെക്കുറിച്ച് പറയുകയാണ് രാമൻ. ഈ ശരീരത്തെ വെറുതെ സ്നേഹിക്കുന്നതെന്തിന്? തോല്, ചർമ്മം, രക്തം, അസ്ഥി, മൂത്രം, ശുക്ലം എന്നിവയെല്ലാം സമ്മേളിക്കുന്ന ഒരിടം മാത്രമാണ് ശരീരം. അത് നശിച്ചുപോവാനുള്ളതുമാണ്. ഭൂമി, ജലം, അഗ്നി, വായു, ആകാശം എന്നീ പഞ്ചഭൂതങ്ങളാൽ നിർമിച്ച ആ ശരീരം കൊണ്ട് ആരും ഒന്നും നേടുന്നില്ല. ശരീരം പരിണാമിയും അസ്ഥിരവുമാണ്. ദേഹാഹങ്കാരം കൊണ്ട് ലോകം നശിപ്പിക്കാം എന്ന വിചാരം അറിവില്ലായ്മയാണ്. ദേഹമാണ് താൻ എന്ന ചിന്ത മോഹത്തെ ജനിപ്പിക്കുന്ന അവിദ്യയാണ്. മോഹത്തെ ഹനിക്കുന്നത് വിദ്യയും. അത് തിരിച്ചറിയലാണ്; മനസ്സിലാക്കലാണ് വിദ്യാഭ്യാസം. അതിനാൽ മോക്ഷാർഥി ഏകാന്തമാനസനായി വിദ്യ അഭ്യസിക്കേണ്ടതാണ്. അവിടെ കാമക്രോധലോഭമോഹാദികൾ ശത്രുക്കളാണ്. തീർച്ചയായും ക്രോധമാണ് ധർമത്തെ ഇല്ലാതാക്കുന്നത്. ക്രോധം കൊണ്ടാണ് അച്ഛൻ, അമ്മ, സഹോദരൻ, കൂട്ടുകാരൻ, പത്നി എന്നിവരെയെല്ലാം വധിക്കാൻ തുനിയുന്നത്. ക്രോധം ദുഃഖമുണ്ടാക്കും. അതുകൊണ്ട് അറിവുള്ളവർ ക്രോധം ഉപേക്ഷിക്കണം.

- ശ്രീരാമൻ ലക്ഷ്മണന്റെ പരുഷമായ വാക്കുകൾ ശ്രദ്ധാപൂർവം കേൾക്കുന്നു.
- ലക്ഷ്മണനെ നിറഞ്ഞ വാത്സല്യത്തോടെ ആലിംഗനം ചെയ്യുന്നു.
- മൃദുവായ ഭാഷയിൽ സ്നേഹപൂർവം സംബോധന ചെയ്യുന്നു.
- ലക്ഷ്മണന്റെ കഴിവുകളെ അഭിനന്ദിക്കുന്നു.
- ലക്ഷ്മണൻ ഉന്നയിച്ച വാദഗതികൾ പൊതുവെ അംഗീകരിക്കുന്നു. എന്നാൽ മറ്റൊരു വീക്ഷണത്തിലൂടെ അവയെ വിലയിരുത്തുന്നു.
- ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാട്ടി ഗുണദോഷവിചാരം നടത്തുന്നു.
- യഥാർഥപ്രശ്നം കണ്ടെത്താൻ സഹായകമായ സൂചനകൾ നൽകുന്നു.
- പ്രശ്നപരിഹാരം നിർദേശിക്കുന്നു.

## കണ്ടെത്തുക

- ജീവിതത്തിന്റെ നശ്വരത ബോധ്യപ്പെടുത്താൻ ശ്രീരാമൻ പറയുന്നതെന്തെല്ലാമാണ്?

  വരികളിലെ ആശയങ്ങൾ കുട്ടികൾ വ്യക്തിഗതമായി കുറിക്കട്ടെ. ഗ്രൂപ്പിൽ അവ തരിപ്പിച്ചു മെച്ചപ്പെടുത്തുന്നു.

- കാണപ്പെടുന്ന ലോകം വാസ്തവമല്ല.
- കുടുംബത്തിലെ കൂടിച്ചേരൽ അൽപ്പകാലത്തേക്കു മാത്രമാണ്.
- ഐശ്വര്യവും യൗവനവും സ്ഥിരമല്ല.
- ലോകജീവിതം സ്വപ്നതുല്യമാണ്.

തുടങ്ങിയ ആശയങ്ങൾക്ക് ഊന്നൽ നൽകാൻ ശ്രമിക്കണം.

മെച്ചപ്പെടുത്തിയ രചനകൾ പൊതുവായി അവതരിപ്പിക്കുന്നു.

വിശകലനക്കുറിപ്പ് തയാറാക്കുക.

"ചക്ഷു ശ്രവണഗളസ്ഥമാം ദർദുരം"
"ആലോലചേതസാഭോഗങ്ങൾ തേടുന്നു".

അധ്യാപിക വരികൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

- അർഥം കണ്ടെത്തൽ – ചക്ഷുഃശ്രവണൻ, ഗളസ്ഥം, ദർദുരം, അഹി, പരിഗ്രസ്തം മുതലായ പദങ്ങളുടെ അർഥം കണ്ടെത്തുന്നു.

  തുടർന്ന് വരികൾ വിശകലനം ചെയ്യാനുള്ള ചോദ്യങ്ങൾ ഉന്നയിക്കുന്നു.

- ലൗകികസുഖങ്ങൾ തേടുന്നവരെ ഇവിടെ എന്തിനോടു സാദൃശ്യപ്പെടുത്തുന്നു?
- അപകടത്തിൽ പെട്ടിട്ടും തവള ആഹാരം തേടാൻ ശ്രമിക്കുന്നത് എന്തുകൊണ്ടാവാം?
- കാലത്തെ പാമ്പായി കണക്കാക്കിയതിന്റെ യുക്തി എന്താണ്?

കുട്ടികളുടെ പ്രതികരണങ്ങൾ അധ്യാപിക ക്രോഡീകരിക്കുന്നു.

- പാമ്പിന്റെ വായിലകപ്പെട്ടിട്ടും ഭക്ഷണം കാംക്ഷിക്കുന്ന തവള.
- മരണം മുന്നിലുള്ളപ്പോഴും ജീവിതത്തോടുള്ള ആസക്തി അവസാനിക്കുന്നില്ല.
- പാമ്പ് വളരെപ്പതുക്കെ വിഴുങ്ങുന്നതുകൊണ്ട് തവള അത് അറിയുന്നില്ല.
- കാലമാകുന്ന പാമ്പ് മനുഷ്യരെ വിഴുങ്ങിയിരിക്കുന്നു.
- കൽപ്പനയിലെ സമാനത ബോധ്യപ്പെടുന്നു.

- കാലം എല്ലാവരേയും പതുക്കെപ്പതുക്കെ വിഴുങ്ങിത്തീർക്കുന്നു. കാലം ഭയം ജനിപ്പിക്കുന്നു. ചിലപ്പോൾ ചടുലമായും ചിലപ്പോൾ മന്ദമായും ചലിക്കുന്നതായി അനുഭവപ്പെടുന്നു.

  എഴുത്തച്ഛന്റെ കൃതിയെന്നു കരുതപ്പെടുന്ന 'ഹരിനാമകീർത്തന'ത്തിൽ, ഇതേ ഭാവന ഇങ്ങനെ കാണുന്നു:

  ഭക്ഷിപ്പതിന്നുഗുഹപോലെ പിളർന്ന മുഖ-
  മയ്യോ കൃതാന്തനിഹ പിമ്പേ നടന്നു മമ
  എത്തുന്നു, ദർദുര മുരത്തോടെ പിമ്പെയൊരു
  സർപ്പം കണക്കെ, ഹരിനാരായണായ നമഃ

  (കൃതാന്തൻ = കാലൻ - കാലം)

- ചർച്ചചെയ്ത ആശയങ്ങളുടെ വെളിച്ചത്തിൽ 'കാലാഹി' എന്ന പ്രയോഗത്തിന്റെ സവിശേഷതകൾ വിശകലനം ചെയ്തു കുറിപ്പാക്കുക.

കുട്ടികളുടെ കുറിപ്പുകൾ പൊതുവായി അവതരിപ്പിക്കുന്നു.

വിലയിരുത്തൽ

മെച്ചപ്പെടുത്തൽ

മെച്ചപ്പെടുത്തിയ രചനകൾ പോർട്ട്ഫോളിയോവിലേക്ക്.

**കാലം കവിഭാവനകളിൽ**

*ലോകം നിത്യചലം, വൃഥാമൃതിഭയം*
*തോന്നുന്നു മാറ്റങ്ങളിൽ*
*പാകത്തിൻ പൊരുളൊന്നു തന്നെ; പലതാ-*
*മദ്ദേശകാലങ്ങളാൽ;*
*ഏക വ്യാകുല വിശ്വചക്രപടലം*
*ധർമ്മാക്ഷദണ്ഡത്തിൽ നി-* — *കൃതിയുടെ പേര്*
*ന്നാകല്പം ചുഴലുന്നു, തദ്ഗതിതടു-*
*പ്പാനില്ല കൈയാർക്കുമേ.* — *(കുമാരനാശാൻ)*

*കാലമതിന്റെ കനത്ത കരം കൊണ്ടു*
*ലീലയാലൊന്നു പിടിച്ചുകുലുക്കിയാൽ* — *കൃതിയുടെ പേര്*
*പാടേ പതറിക്കൊഴിഞ്ഞുപോം - ബ്രഹ്മാണ്ഡ -*
*പാദപപ്പൂക്കളാം താരങ്ങൾ കൂടിയും.* — *(വള്ളത്തോൾ)*

*വത്സരങ്ങളാം വൻ തിരമാലകൾ*
*മത്സരിച്ചാർത്തു മുന്നോട്ടു പായുന്ന*
*സങ്കടജലസമ്പൂർണമായുള്ള*
*വൻകടലാകും കാലം ഭയങ്കരം.* — *(ഇടപ്പള്ളി)*

*(കാലം)*

*എന്നെപ്പിടിച്ചു വലിക്കുന്നു താഴ്ത്തുന്നു*

*കണ്ണീരിൽ ജീവിക്കും നീരാളി*
*ഏറെജ്ജനത്തെ വിഴുങ്ങിയിട്ടും, വിശ-*
*പ്പാറാത്ത കാലമാം നീരാളി...* *(അക്കിത്തം)*

*(ഒരപേക്ഷ മാത്രം)*

**ചമൽക്കാരഭംഗി കണ്ടെത്തുക**

- പുത്രമിത്രാർഥകളത്രാദി സംഗമമെത്രയുമല്പകാലസ്ഥിതമോർക്ക നീ
- എത്രയും ചഞ്ചലമാലയസംഗമം

ആശയം അവതരിപ്പിക്കാൻ എഴുത്തച്ഛൻ സ്വീകരിക്കുന്ന ഉപമകളിലേക്ക് കുട്ടികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

- പെരുവഴിയമ്പലത്തിലെ കൂട്ടായ്മകൾ എപ്രകാരമാണ്...? (വഴിയാത്ര എന്ന പാഠം എട്ടാംക്ലാസിൽ പഠിച്ചിട്ടുള്ളത് ഓർമിക്കാം).
- നദിയിലൂടെ ഒഴുകുന്ന മരക്കഷണങ്ങളെ നിയന്ത്രിക്കുന്നത് എന്താണ്?
- മനുഷ്യജീവിതവുമായി ഇവയ്ക്കുള്ള ബന്ധം കല്പിക്കാമോ?
- ഉദാഹരണങ്ങൾ ഉചിതമായിത്തോന്നുന്നത് എന്തുകൊണ്ടാണ്?
- ഒന്നിലേറെ ഉദാഹരണങ്ങൾ നൽകിയത് എന്തിനായിരിക്കും?

ചോദ്യങ്ങളോടു കുട്ടികൾ പ്രതികരിക്കട്ടെ. അവരുടെ കണ്ടെത്തലുകൾ അധ്യാപിക ക്രോഡീകരിക്കുന്നു.

- പെരുവഴിയമ്പലത്തിലെ കൂട്ടായ്മകൾ അസ്ഥിരവും യാദൃച്ഛികവും തുടർച്ചയില്ലാത്തതുമാണ്.
- നദിയുടെ വേഗവും കാലാവസ്ഥയും മരക്കഷണങ്ങളെ നിയന്ത്രിക്കുന്നു.
- ലോകജീവിതത്തിലും അസ്ഥിരതയും അനിശ്ചിതത്വവും കാണാം.



- നിത്യപരിചയമുള്ള ഒന്നിലേറെ ഉദാഹരണങ്ങൾ ആശയവ്യക്തതയ്ക്കു സഹായകമാണ്.
- മനുഷ്യജീവിതവുമായി എല്ലാ അർഥത്തിലും ഇവ ബന്ധപ്പെട്ടിരിക്കുന്നു.

ചർച്ചയുടെ വെളിച്ചത്തിൽ വരികളിലെ ചമൽക്കാരഭംഗി കണ്ടെത്തി കുറിപ്പു തയാറാക്കുക. കുറിപ്പുകൾ കൈമാറി വിലയിരുത്തട്ടെ. മെച്ചപ്പെടുത്തി അവതരിപ്പിക്കട്ടെ.

- എഴുത്തച്ഛന്റെ അലങ്കാരപ്രയോഗങ്ങളുടെ ഒരു ധർമ്മം ഗഹനമായ ആശയത്തെ ഉദാഹരണങ്ങളിലൂടെ ലളിതമാക്കുക എന്നതാണ്. ചുട്ടുപഴുത്ത ഇരുമ്പിൽ വീഴുന്ന ജലബിന്ദുവും, പാമ്പിന്റെ വായിലകപ്പെട്ട തവളയും, സത്രത്തിലെ വഴിയാത്രക്കാരും നദിയിലൂടെ ഒഴുകിപ്പോകുന്ന മരക്കഷണവും, ഉദാഹരണങ്ങളാണ്. ഇവയെത്തന്നെ ഉപമാനങ്ങളാക്കി ഉപയോഗിക്കുമ്പോൾ ആശയം വളരെ വേഗം ഉൾക്കൊള്ളാൻ കഴിയുന്നു.

തത്ത്വചിന്താനിർഭരങ്ങളായ ഉപമകൾക്ക് ചില മാതൃകകൾ....

- ഓരോരോ ജലാശയേ കേവലം മഹാകാശം<br>നേരേ നീ കാണ്മീലയോ കണ്ടാലുമതുപോലേ.
- രക്താദി സാന്നിദ്ധ്യമുണ്ടാകകാരണം<br>ശുദ്ധസ്ഫടികവും തദ്വർണമായ് വരും.
- അഗ്നിയെക്കണ്ടു മോഹിച്ചു ശലഭങ്ങൾ<br>മഗ്നമായ് മൃത്യുഭവിക്കുന്നിതവ്വണ്ണം.
- കണ്ണാടി കാണ്മോളവും തന്നുടെ മുഖമേറ്റം<br>നന്നെന്നു നിരൂപിക്കുമെത്രയും വിരൂപന്മാർ
- അധ്വരത്തിങ്കൽ ചെന്നു ശുനകൻ, മന്ത്രംകൊണ്ടു<br>ശുദ്ധമാം പുരോഡാശം ഹോമദ്രവ്യം കൊണ്ടുപോകുന്ന പോലെ
- ക്രോധം വരുത്തിവയ്ക്കുന്ന നാശനഷ്ടങ്ങൾ കവിതയിൽനിന്നു കണ്ടെത്തി പട്ടികപ്പെടുത്താം.
- ക്രോധം മൂലം നാശം ക്ഷണിച്ചു വരുത്തിയ മറ്റു കഥാസന്ദർഭങ്ങൾ ഓർമ്മിക്കാം.
- പട്ടികപ്പെടുത്തിയ ആശയങ്ങളുടെ അടിസ്ഥാനത്തിൽ പൊതുചർച്ച.
- സമകാലികസംഭവങ്ങളുമായി ബന്ധപ്പെടുത്തി വിഷയം വിശകലനം ചെയ്യുന്നു.
- വിവിധ സ്രോതസ്സുകളിൽ നിന്ന് ആശയസ്വീകാരം നടത്തുന്നു.
- മുഖപ്രസംഗത്തിന്റെ മാതൃകയും പരിചയപ്പെടുന്നു.

- തുടർന്നു മുഖപ്രസംഗരചന വിലയിരുത്തൽ, മെച്ചപ്പെടുത്തൽ.

**പരീക്ഷിത്ത് മഹാരാജാവിന്റെ കഥ**

മൃഗയാ വിനോദത്തിനെത്തിയ രാജാവ് ദാഹജലം തേടി ഒരു ആശ്രമത്തിൽ എത്തി. അവിടെ ധ്യാനനിഷ്ഠനായിരുന്ന മഹർഷി രാജാവിന്റെ സാന്നിധ്യം അറിഞ്ഞില്ല. താൻ അവഗണിക്കപ്പെട്ടതായി പരീക്ഷിത്തിനു തോന്നി (ദേഹാഭിമാനം). പ്രതികാരബുദ്ധി ഉണർന്നു (ക്രോധം) ചത്തപാമ്പിനെ എടുത്തു മഹർഷിയുടെ (അവിവേകം) കഴുത്തിലിട്ടു. ഇതറിഞ്ഞ മുനികുമാരൻ രാജാവ് തക്ഷകദംശനമേറ്റു മരിക്കട്ടെ എന്നു ശപിച്ചു. (സർവനാശം).

- പെട്ടെന്നുള്ള കോപാവേശത്തിൽ മനുഷ്യർ ചെയ്തുകൂട്ടുന്ന ചെറുതും വലുതുമായ തെറ്റുകൾ ചർച്ചചെയ്യാം. ആനുകാലികവാർത്തകൾ ഇതിനുവേണ്ടി ഉപയോഗിക്കുന്നു.

- ക്രോധത്തിൽ ഭയാനകതയെപ്പറ്റി ക്രോധം ഒഴിവാക്കേണ്ടതിനെപ്പറ്റി മഹദ്ഗ്രന്ഥങ്ങളും ആചാര്യന്മാരും പറഞ്ഞിട്ടുള്ള വാക്യങ്ങൾ കണ്ടെത്താം.

  - കോപമാകുന്നതു വിത്തെന്നറിയണം<br>പാപമാകുന്ന മരാമരത്തിന്നെടോ **(മഹാഭാരതം)**

  - ക്രോധാദ് ഭവതിസമ്മോഹഃ<br>സമ്മോഹാത് സ്മൃതിവിഭ്രമഃ<br>സ്മൃതിഭ്രംശാത് ബുദ്ധിനാശോ<br>ബുദ്ധിനാശാത് പ്രണശ്യതി **(ഭഗവദ്ഗീത)**

(കോപത്തിൽനിന്ന് അവിവേകവും അവിവേകത്തിൽനിന്ന് ഓർമ്മക്കേടും ഉണ്ടാകുന്നു. ഓർമ്മത്തെറ്റ് ബുദ്ധിനാശത്തിനും ബുദ്ധിനാശം സർവനാശത്തിനും കാരണമാകുന്നു).

- കോപം വരുമ്പോൾ നിങ്ങൾ നിൽക്കുകയാണെങ്കിൽ ഇരിക്കണം. ഇരിക്കുകയാണെങ്കിൽ കിടക്കണം. അതുകൊണ്ടും അടങ്ങുന്നില്ലെങ്കിൽ ജലം കൊണ്ടു ദേഹശുദ്ധി ചെയ്യണം. **(പ്രവാചകന്റെ വചനങ്ങൾ)**

- കോപം അഗ്നിപോലെയാണ്. നാശമുണ്ടാക്കിയേ അത് അടങ്ങൂ. **(മഹാത്മാഗാന്ധി)**

- അതിന്നൊരരിയാം നാസ്തിക്യം താൻ ദ്വേഷം ലോകത്തി-<br>ന്ന ഹോതമസ്സാ മതിലടിപെട്ടാലകാലമൃത്യുഫലം<br>മാരണദേവതയാമതുമാറ്റും മണവറ പട്ടടയായ്<br>മടുമലർവാടിക മരുപ്പറമ്പായ്, നാകം നാരകമായ്

  **(ഉള്ളൂർ – പ്രേമസംഗീതം)**

- നിങ്ങളുടെ കോപം സൂര്യൻ അസ്തമിക്കുന്നതുവരെ നീണ്ടുപോകാതിരിക്കട്ടെ.

  **(ബൈബിൾ)**

## താളം കണ്ടെത്തുന്നു

- പോയ മധുവിധുക്കാലത്തിനേക്കാളു-
  മിന്നു പ്രിയമുണ്ടെനിക്കു നിന്നോടെടോ
  **(നഗരത്തിൽ ഒരു യക്ഷൻ) - ആറ്റൂർ**

- മാരീചമാനിനെക്കൊന്നൊരു രാഘവൻ
  തൻ പ്രാണ ദേവിയെക്കാണാഞ്ഞു ഖിന്നനായ്
  **കല്യാണസൗഗന്ധികം - കുഞ്ചൻനമ്പ്യാർ**

ഈ വരികൾ അധ്യാപിക പ്രദർശിപ്പിക്കുന്നു.

താളത്തിന്റെ ഘടനാപരമായ പ്രത്യേകതകൾ കണ്ടെത്തട്ടെ.

- വരിയിൽ പന്ത്രണ്ട് അക്ഷരങ്ങൾ
- ഒരേ ഘടനയിലുള്ള ഈരടികൾ

പാഠഭാഗത്തിലെ വരികൾ ഇതേ താളത്തിൽ ചൊല്ലിനോക്കട്ടെ.

(എഴുത്തച്ഛന്റെ കിളിപ്പാട്ടുകളിൽ ധാരാളമായി ഉപയോഗിച്ചിട്ടുള്ള ഈ വൃത്തം 'കാകളി' എന്ന പേരിൽ അറിയപ്പെടുന്നു).

### ❖ കിളിപ്പാട്ടുവൃത്തങ്ങൾ

എഴുത്തച്ഛൻ കിളിപ്പാട്ടുകളിൽ ഉപയോഗിച്ചിട്ടുള്ള വൃത്തങ്ങളാണ് കിളിപ്പാട്ടുവൃത്തങ്ങൾ. ഓരോ വരിയിലും പതിന്നാല് അക്ഷരങ്ങളുള്ള കേകാവൃത്തവും പന്ത്രണ്ടക്ഷരങ്ങളുള്ള കാകളി വൃത്തവുമാണ് പ്രധാന കിളിപ്പാട്ടുവൃത്തങ്ങൾ. രണ്ടക്ഷരം വീതമുള്ള ആറുഗണങ്ങൾ ഒരു വരിയിൽ വരുന്ന അന്നനടയാണ് മറ്റൊരു കിളിപ്പാട്ടുവൃത്തം. ഇവ കൂടാതെ കാകളിയുടെ വകഭേദങ്ങളായ കളകാഞ്ചി, മണികാഞ്ചി, മിശ്രകാകളി, ഊനകാകളി എന്നിവയും കിളിപ്പാട്ടുവൃത്തങ്ങളാണ്.

- ശാരികപ്പൈതൽ താനും വന്ദിച്ചു വന്ദ്യന്മാരെ
  ശ്രീരാമസ്മൃതിയോടെ പറഞ്ഞു തുടങ്ങിനാൾ **(കേക)**

- ശാരികപ്പൈതലേ ചാരുശീലേ വരി -
  കാരോമലേ കഥാശേഷവും ചൊൽക നീ **(കാകളി)**

- പര പര പര പരമപാഹിമാം
  പരമാനന്ദമെന്നതേ പറയാവൂ **(അന്നനട)**

- സകലശുക കുലവിമല തിലകിതകളേബരേ
  സാരസ്യ സായൂജ്യ സാരസർവസ്വമേ **(കളകാഞ്ചി)**

### എഴുത്തച്ഛന്റെ ഭാഷാശൈലി

- ഭാവഗൗരവത്തിനുവേണ്ടി ദീർഘമായ സമസ്തപദങ്ങൾ ഉപയോഗിക്കുന്നു.
  - വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദു
  - ചക്ഷു ശ്രവണഗളസ്ഥമാം ദർദുരം
  - പുത്രമിത്രാർഥകളത്രാദിസംഗമം
  - ത്വങ്മാംസരക്താസ്ഥിവിൺമൂത്രരേതസ്
  - കാമക്രോധലോഭമോഹാദികൾ
  - മാതാപിതൃഭ്രാതൃമിത്രസഖികൾ

- വിഭക്തിപ്രത്യയങ്ങളോടു കൂടിയ സംസ്കൃതപദങ്ങൾ ഉപയോഗിക്കുന്നു.

  ബിന്ദുനാ, കാലാഹിനാ, ചേതസാ, രോഷേണ, നദ്യാം, ദേഹാഭിമാനിനാം, ബ്രാഹ്മണോഹം, രേതസാം

- ശ്രോതാവിനെ സംബോധനചെയ്യുന്ന ക്രിയാപദങ്ങൾ ആവർത്തിക്കുന്നു.

  നീ കേൾക്കണം, കേൾക്ക നീ, ഓർക്ക നീ, അറികെടോ, നിരൂപിക്ക ലക്ഷ്മണാ, അറിക നീ, കേൾ

- ഈരടികളിലെ രണ്ടാമത്തെ വർണം സമാനമാണ്.

  വത്സ - മത്സര, നിന്നുടെ - മുന്നമേ, പാന്ഥർ - താന്തർ

❖ **കാളിദാസൻ - എൻ. വി. കൃഷ്ണവാര്യർ**

വിശ്വമോഹനമായ കാളിദാസകവിതയെക്കുറിച്ച് കേട്ടിട്ടില്ലാത്തവരായി ആരുമില്ല. പ്രകൃതിയുടെ സൗന്ദര്യവിലാസങ്ങളും മനുഷ്യജീവിതത്തിന്റെ താരള്യങ്ങളും കൊണ്ട് അനശ്വരമായ കാവ്യലോകം നിർമിച്ച് കാളിദാസമഹാകവിയുടെ പാത പിന്തുടരുന്നതിൽ ഭാരതീയകവികൾ അഭിമാനം കൊള്ളുന്നു. എൻ. വി. കൃഷ്ണവാര്യരുടെ 'കാളിദാസപഠനങ്ങൾ' എന്ന കൃതിയിൽനിന്ന് എടുത്തിട്ടുള്ള 'കാളിദാസൻ' എന്ന ലേഖനം ആ മഹാകവിയുടെ കാവ്യപാതകൾ പരിചയപ്പെടുത്തുന്നതോടൊപ്പം അദ്ദേഹത്തിനു ലഭിച്ച സാർവലൗകികമായ സ്വീകാര്യതയും വ്യക്തമാക്കുന്നു. കാളിദാസകൃതികളെ ഖണ്ഡകാവ്യം, മഹാകാവ്യം, നാടകം എന്നിങ്ങനെ വേർതിരിക്കുകയും ഓരോന്നിന്റെയും ഇതിവൃത്തവും ഗുണവിശേഷങ്ങളും വിവരിക്കുകയും ചെയ്യുന്ന ഈ ലേഖനം കാളിദാസ കാവ്യങ്ങളെ സംബന്ധിക്കുന്ന നവീന ദർശനങ്ങൾ കൊണ്ടു സമ്പന്നമാണ്. ലളിത ഭാഷയിൽ അടുക്കും ചിട്ടയും പാലിച്ച്, വിഷയത്തിൽ ഒതുങ്ങിനിന്ന് വിവരണ പ്രധാനമായി ചമച്ചിട്ടുള്ള എൻ. വി.യുടെ ലേഖനശൈലി പ്രബന്ധരചനയുടെ മികച്ച നിദർശനം കൂടിയാണ്. കാളിദാസനെ അടുത്തറിയാനും അദ്ദേഹത്തിന്റെ കൃതികൾ പരിചയപ്പെടാനും അവ വായിക്കാനുള്ള പ്രേരണ ജനിപ്പിക്കാനും ഈ ലേഖനത്തിന്റെ പഠനം സഹായകമാവും.

**പാഠാവതരണം**

ലോകവും നാകവും കൂട്ടിയിണക്കി നീ
ശാകുന്തളത്തിൽ കനക ശലാകയാൽ
മോഘമല്ലാത്ത സനാതനപ്രേമമാ
മേഘത്തിനെക്കൊണ്ടെടുത്തു പാടിച്ചു നീ
നീയാരഘുവിനെക്കൊണ്ടു പറപ്പിച്ചു
നീതിധർമ്മങ്ങൾ തൻ പൊൽക്കൊടിക്കൂറകൾ
വാരുറ്റ വാടാത്ത വെള്ളി നക്ഷത്രമേ
ഭാരതത്തിന്നുള്ളഭിമാനമാണു നീ..."

**(കാളിദാസൻ)** **(ചങ്ങമ്പുഴ)**

അധ്യാപിക കവിത പ്രദർശിപ്പിക്കുന്നു. പൊതുവായ വായനയ്ക്കുശേഷം പാഠാവതരണത്തിലേക്കു നയിക്കുന്ന ചോദ്യങ്ങൾ ഉന്നയിക്കുന്നു.

- ഇവിടെ പരാമർശിക്കുന്ന കവി ആരാണ്?
- അദ്ദേഹത്തിന്റെ കൃതികളെക്കുറിച്ചു സൂചന നൽകുന്ന വരികൾ ഏതെല്ലാമാണ്?
- ചങ്ങമ്പുഴ കാളിദാസനെ എങ്ങനെ വിശേഷിപ്പിക്കുന്നു?

കാളിദാസകവിയെക്കുറിച്ചു കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കാൻ പാഠവായനയിലേക്കു കടക്കാം.

- പട്ടിക തയാറാക്കാം

കാളിദാസന്റെ കൃതികളും കഥാപാത്രങ്ങളും ഉള്ളടക്കവും പരിചയപ്പെടുത്തുന്ന പട്ടിക ചാർട്ടിൽ തയാറാക്കി പ്രദർശിപ്പിക്കൽ.

| കൃതി | വിഭാഗം | കഥാപാത്രങ്ങൾ | ഉള്ളടക്കം |
|---|---|---|---|
| ഋതുസംഹാരം | ഖണ്ഡകാവ്യം | ............................ | പ്രകൃതിവർണന ആറ് ഋതുക്കളിലും ഉണ്ടാകുന്ന പ്രകൃതിവിലാസം വർണിക്കുന്നു. |
| മേഘസന്ദേശം | ഖണ്ഡകാവ്യം | യക്ഷൻ, മേഘം | വിരഹിയായ നായകൻ (സന്ദേശകാവ്യം) പ്രിയതമയ്ക്ക് സന്ദേശമെത്തിക്കാൻ മേഘത്തെദൂതനായി കല്പിക്കുന്നു. |
| കുമാരസംഭവം? | | | |
| രഘുവംശം | | | |
| മാളവികാഗ്നിമിത്രം | | | |
| വിക്രമോർവശീയം | | | |
| അഭിജ്ഞാനശാകുന്തളം | | | |

- സമാനരീതിയിൽ മുകളിലുള്ള പട്ടിക തയാറാക്കുക.

- കാളിദാസകൃതികൾക്ക് പരിചയക്കുറിപ്പുകൾ തയാറാക്കുക.
    - ഒരു ഗ്രൂപ്പ് ഒരു കൃതിയുടെ വിവരണം തയാറാക്കണം.
    - പാഠഭാഗത്തുള്ള വിവരങ്ങൾക്കു പുറമേ ലൈബ്രറി ഉപയോഗപ്പെടുത്തി അധിക വിവരങ്ങൾ കണ്ടെത്തണം.
    - കൃതിയുടെ മലയാള പരിഭാഷകളെപ്പറ്റി പരാമർശിക്കണം.
    - കാളിദാസശൈലി വ്യക്തമാക്കുന്ന സന്ദർഭങ്ങൾ ഉദാഹരിക്കണം.

- ഗ്രൂപ്പിൽ തയാറാക്കിയ കുറിപ്പുകൾ പൊതുവായി അവതരിപ്പിക്കട്ടെ.കുറിപ്പും അവതരണവും നിരന്തരമൂല്യനിർണയ പ്രവർത്തനങ്ങളായി പരിഗണിക്കാം.

**അധികവായനയ്ക്ക്**

കാളിദാസകൃതികളുടെ മലയാളവിവർത്തനങ്ങൾ പ്രയോജനപ്പെടുത്താം

കാളിദാസ കാവ്യങ്ങൾക്ക് കുട്ടികൃഷ്ണമാരാര് തയാറാക്കിയ ഗദ്യപരിഭാഷകൾ ഇതോടൊപ്പം പരിഗണിക്കാം.

ആശയം സമർഥിക്കുക

“മൂന്നോ നാലോ ചതുരയടി കാൻവാസ് മതിയല്ലോ, മഹാനായ ഒരു ചിത്രകാരന് വിശ്വോത്തരമായ ഒരു ചിത്രം നിർമിക്കുവാൻ.”

ഈ പ്രസ്താവനയിലേക്ക് അധ്യാപിക കുട്ടികളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ആശയ വിശകലനത്തിലേക്കു നയിക്കുന്ന ചോദ്യങ്ങൾ ഉന്നയിക്കുന്നു.

- ചിത്രം വിശ്വോത്തരമാകുന്നതു കാൻവാസിന്റെ വലുപ്പം കൊണ്ടാണോ..?
- ഇവിടെ സൂചിപ്പിക്കുന്ന ആശയം എന്താണ്?
- ഓന്നോ രണ്ടോ കൃതികൾ കൊണ്ട് വിശ്വപ്രസിദ്ധരായ എഴുത്തുകാരുണ്ടോ...?
- കാളിദാസനെ സംബന്ധിച്ച് ഈ നിരീക്ഷണം പ്രസക്തമാണോ?
- ഗുണമാണ് കാര്യം, കാളിദാസകവിത ഗുണത്തിൽ മികച്ചു നിൽക്കുന്നതായി കരുതുന്നുണ്ട്. എന്തുകൊണ്ടാണ്?

ചർച്ചചെയ്ത ആശയങ്ങൾ അധ്യാപിക ക്രോഡീകരിക്കുന്നു.

- വലുപ്പമല്ല, ഗുണസവിശേഷതയാണ് മഹത്ത്വത്തിനടിസ്ഥാനം.
- ‘‘അന്തരീക്ഷത്തിൽ സുഗന്ധം പരത്തുവാൻ എന്തിനു കസ്തൂരി ഏറെയോർത്താൽ.....” വെണ്ണിക്കുളത്തിന്റെ ഈ വരികളുടെ ആശയം കൂട്ടിച്ചേർക്കാം. (മാണിക്യവീണ, കേരളപാഠാവലി 8)

- ആദികവി വാല്മീകി, എഴുത്തച്ഛൻ, ഉണ്ണായിവാര്യർ, രാമപുരത്തുവാര്യർ...
- കാളിദാസകൃതികൾ എഴെണ്ണം മാത്രം. എല്ലായിടത്തും അദ്ദേഹത്തിന്റെ കീർത്തി പരക്കുന്നു.
- ലോകമെമ്പാടുമുള്ള അംഗീകാരം, വൈവിധ്യമാർന്ന ഇതിവൃത്തങ്ങൾ, ഹൃദ്യമായ വർണനകൾ, ഉചിതമായ ജീവിതനിരീക്ഷണങ്ങൾ.........

ചർച്ചയിലൂടെ ലഭിച്ച സൂചനകൾ പരിഗണിച്ചുകൊണ്ട് 'വലുപ്പമല്ല, ഗുണമാണു കാര്യം – ഈ പ്രസ്താവനയെ സാധൂകരിക്കുന്ന തെളിവുകൾ കണ്ടെത്തി എഴുതുക.

വ്യക്തിഗതരചന
കൈമാറി വിലയിരുത്തൽ
മെച്ചപ്പെടുത്തൽ
അവതരണം.

**വിലയിരുത്തൽക്കുറിപ്പ്**

കവിതാ കാളിദാസസ്യ
തത്ര ശാകുന്തളംവരം."

ശാകുന്തളത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ഈ ശ്ലോകാർദ്ധം അധ്യാപിക പരിചയപ്പെടുത്തുന്ന പാഠഭാഗത്തിന്റെ അവസാന ഖണ്ഡികയ്ക്ക് ശേഷം കുട്ടികൾ വീണ്ടും വായിക്കട്ടെ. തുടർന്ന് ആശയ വിശകലനത്തിനുള്ള ചോദ്യങ്ങൾ ഉന്നയിക്കുന്നു.

- നാടകത്തിന്റെ കഥ എവിടെനിന്നു സ്വീകരിച്ചതാണ്?
- ജീവിതത്തിലെ വിഭിന്നമുഖങ്ങൾ എന്നു പറയാവുന്ന ഘടകങ്ങൾ എന്തൊക്കെയാണ്?
- ശാകുന്തളത്തിലെ പ്രകൃതിസുന്ദരദൃശ്യത്തിന് ഉദാഹരണം പറയാമോ....?
- അനുഭൂതി മധുരമായ ജീവിത മുഹൂർത്തങ്ങൾ കണ്ടെത്താമോ...?
- ശാകുന്തളത്തെപ്പറ്റി 'ഗോയ്ഥേ' എന്താണ് പറയുന്നത്?
- നാടകം നൽകുന്ന ജീവിത സന്ദേശമെന്താണ്?

കുട്ടികളുടെ നിരീക്ഷണങ്ങൾ അധ്യാപിക ക്രോഡീകരിക്കുന്നു.

- ശാകുന്തളനാടകത്തിന്റെ ഇതിവൃത്തം മഹാഭാരതത്തിൽ നിന്നെടുത്തതാണ്.
- ജീവിതത്തിന്റെ വിഭിന്ന മുഖങ്ങളുടെ സംഗമമാണ് ശാകുന്തളം.

| | | | |
|---|---|---|---|
| – | ആശ്രമത്തിന്റെ അഴകും പരിശുദ്ധിയും | – | നഗരത്തിന്റെ പകിട്ടും പ്രൗഢിയും |
| – | പ്രഥമപ്രണയത്തിന്റെ വിലാസകാവ്യം | – | പ്രൗഢപ്രണയത്തിന്റെ ക്ഷമ, ത്യാഗം |
| – | ക്രോധത്തിന്റെ ആളിക്കത്തൽ | – | അപാരമായ ഔദാര്യത്തിന്റെ ശീതളിമ |

- ആണ്ടുപിറപ്പിലെ പൂക്കൾ - ആണ്ടറുതിയിലെ ഫലങ്ങൾ

- ശകുന്തളയുടെ വേർപാടിൽ കണ്ണീർ പൊഴിക്കുന്ന വൃക്ഷങ്ങൾ.
  - പുടവത്തുമ്പിൽ പിടിച്ചു തടഞ്ഞു നിർത്തുന്ന മാൻകിടാവ്.
  - മകളെ ഭർത്തൃഗൃഹത്തിലേക്കു യാത്രയാക്കുന്ന താതകാശ്യപൻ.
- ഭൂമിയും സ്വർഗവും ഒറ്റവാക്കിൽ സംഗ്രഹിച്ചു പറയാം, അതാണ് ശാകുന്തളം.
- ഇന്ദ്രിയസുഖാനുഭവം മാത്രമല്ല സ്നേഹം; ത്യാഗനിർഭരമായ ജീവിതവുമാണ്.

വർണശബളമായ പൂക്കളും ജീവദായകങ്ങളായ ഫലങ്ങളും ഒരു ചെടിയുടെതന്നെ ഭാഗങ്ങളാണ്. സ്നേഹമെന്ന ചെടിയുടെ പൂക്കളും ഫലങ്ങളുമാണ് ഭോഗവും ത്യാഗവും, ഇന്ദ്രിയങ്ങളിലൂടെ ആസ്വദിക്കാവുന്ന അനുഭവതലവും ഉദാത്തചിന്തയിലൂടെ വെളിച്ചം വിതറുന്ന ജീവിതദർശനവും സ്നേഹത്തിനുണ്ട്. ജീവിതത്തെ മധുരോദാരമാക്കുന്ന സ്നേഹത്തിന്റെ ഈ രണ്ടു തലങ്ങളും ഒരുപോലെ പ്രകാശിപ്പിക്കുന്നു എന്നതാണ് അഭിജ്ഞാന ശാകുന്തളത്തിന്റെ സവിശേഷത.

ചർച്ചയിലൂടെ ഉരുത്തിരിഞ്ഞ ആശയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കാളിദാസന്റെ ഭാവന ഏറ്റവും തെളിഞ്ഞു പ്രകാശിക്കുന്നതു 'ശാകുന്തള'ത്തിന്റെ രചനയിലാണ് എന്ന അഭിപ്രായം വിലയിരുത്തി കുറിപ്പു തയ്യാറാക്കുക.

രചനകൾ വ്യക്തിഗതമായി തയാറാക്കുന്നു.

അവതരണം

വിലയിരുത്തൽ

മെച്ചപ്പെടുത്തൽ

**കാളിദാസനെക്കുറിച്ച്**

പുരാ കവീ നാം ഗണനപ്രസംഗേ
കനിഷ്ഠികാധിഷ്ഠിത: കാളിദാസ:
അദ്യാപിതേത്തുല്യകാവെരഭാവ
ദനാമികാ സാർഥക നാമധേയാ

പണ്ട് കവികളുടെ കണക്കെടുത്തപ്പോൾ ചെറുവിരൽ മടക്കി കാളിദാസനെന്ന് ആദ്യം എണ്ണി. ഇന്നോളം തത്തുല്യനായ ഒരു കവി ഉണ്ടാവാത്തതിനാൽ രണ്ടാമത്തെ വിരൽ മടക്കാനാവാതെ, അനാമിക എന്ന പേര് അന്വർഥമാക്കിയിരിക്കുന്നു. (അനാമിക = മോതിരവിരൽ, പേരില്ലാത്ത, മടക്കാനാവാത്ത....)

ഉപമാ കാളിദാസസ്യ
ഭാരവേരർത്ഥ ഗൗരവം
ദണ്ഡിന ; പദലാളിത്യം
മാഘേ സന്തിതയോ ഗുണാ:

കാളിദാസന്റെ ഉപമ, ഭാരവിയുടെ ആശയലോകം, ദണ്ഡിയുടെ ലളിതഭാഷ ഇവ ഒരുമിച്ചുകാണുന്നതു മാഘകാവ്യത്തിലാണ്. (മാഘം - ശിശുപാലവധം കാവ്യം)

കവിതാ കാളിദാസസ്യ
തത്രശാകുന്തളം വരം
ശാകുന്തളേ ചതുർഥോ/ങ്കഃ
തത്ര ശ്ലോകാ. ചതുഷ്ടയം

കാവ്യങ്ങളിൽ ശ്രേഷ്ഠം കാളിദാസകാവ്യമാണ്. അവയിൽ വിശേഷപ്പെട്ടതു ശാകുന്തളം. ശാകുന്തളത്തിൽ നാലാമങ്കം ഏറ്റവും വിശേഷപ്പെട്ടതാകുന്നു. അവയിൽത്തന്നെ കണ്വമഹർഷിപറയുന്നതായ നാലു ശ്ലോകങ്ങൾ സർവോത്തമങ്ങളാകുന്നു.

കാളിദാസകവീന്ദ്രന്റെ
കാൽനഖേന്ദുമരീചികൾ
കാവ്യാധ്വാവിൽ സഞ്ചരിക്കു-
മെനിക്കു വഴികാട്ടണം

കാളിദാസമഹാകവിയുടെ കാൽപ്പാടുകൾ കാവ്യലോകത്തു സഞ്ചരിക്കുന്ന എനിക്ക് മാർഗദർശകമാവണം എന്ന് മഹാകവി കെ.സി. കേശവപിള്ള കേശവീയകാവ്യത്തിൽ എഴുതുന്നു.

കാളിദാസ കവിതാ, നവം വയഃ
മാഹിഷം ദധി, സശർക്കരം പയഃ

കാളിദാസകവിതയും നവയൗവനവും എരുമപ്പാലിന്റെ തൈരും മധുരം ചേർത്ത പാലും ഒരു പോലെയാണ്. ജന്മജന്മാന്തരങ്ങളിലും അവ ലഭിക്കണേ എന്ന പ്രാർഥന.

**അലങ്കാരഭംഗി കണ്ടെത്തുക**

നിത്യജീവിതത്തിലെ വാക്യപ്രയോഗങ്ങളിൽ കാണുന്ന സാദൃശ്യകല്പനകൾ അധ്യാപിക അവതരിപ്പിക്കുന്നു. (ഈർക്കിൽപോലെ മെലിഞ്ഞകുട്ടി, വെടിയുണ്ട പോലെ പായുന്ന ബൈക്ക്) തുടർന്ന് ഈ സാദൃശ്യങ്ങൾ നമ്മുടെ മനസ്സിൽ സൃഷ്ടിക്കുന്ന ആശയങ്ങൾ എന്തൊക്കെയാണ് എന്നു ചർച്ച നടക്കുന്നു. മഹാകവികളുടെ കല്പനകൾ വായനക്കാരുടെ മനസ്സിൽ പുതിയ ആശയതലങ്ങൾ രൂപപ്പെടുത്തുന്നു. 'ഉപമാ കാളിദാസസ്യ' എന്ന സഹൃദയ നിരീക്ഷണത്തിലേക്ക് കുട്ടികളുടെ ശ്രദ്ധ ക്ഷണിക്കണം. മുൻപാഠത്തിൽ എഴുത്തച്ഛന്റെ ഉപമകൾ അവർ പരിചയിച്ചിട്ടുണ്ട് മഹാകവികളുടെ ഉപമകൾ സാദൃശ്യം കണ്ടെത്തൽ മാത്രമല്ല. ആ സന്ദർഭത്തിന്റെ ആകെ സൗന്ദര്യം പ്രതിഫലിപ്പിക്കുന്ന ഭാവനാവ്യാപാരമാണ് പരിചിതമായ ഉദാഹരണങ്ങളിലൂടെ ഇതു വ്യക്തമാക്കണം.

ഒരു മാതൃക

"ഇടിവെട്ടീടുംവണ്ണം വിൽമുറിഞ്ഞൊച്ചകേട്ടു
നടുങ്ങീ രാജാക്കന്മാരുരഗങ്ങളെപ്പോലെ
മൈഥിലി മയിൽപ്പേടപോലെ സന്തോഷം പൂണ്ടാൾ
കൗതുകമുണ്ടായ് വന്നു ചേതസി കൗശികനും"

(അധ്യാത്മരാമായണം കിളിപ്പാട്ട് - സീതാസ്വയംവരം)(എഴുത്തച്ഛൻ)

ഇവിടെ വില്ലുമുറിഞ്ഞ ശബ്ദത്തെ ഇടിനാദമായി കല്പിക്കുന്നു.

- രാജാക്കന്മാർ ഉരഗങ്ങളെപ്പോലെ നടുങ്ങി
(ഇടിനാദം ഉരഗങ്ങൾക്കു ഭീതികരമാണ്).

- മൈഥിലി മയിൽപ്പേടപോലെ ആനന്ദിച്ചു
(മയിൽപ്പേട പീലിവിടർത്തി ആടാറില്ല. സന്തോഷം ഉള്ളിലൊതുക്കി തെളിഞ്ഞു നിൽക്കുന്നു)

ഇടിവെട്ട്, മഴസൂചനയെന്ന നിലയിൽ മയിലുകൾക്ക് ആനന്ദകരമാണ്.

- കൗശികന് കൗതുകമുണ്ടായി.
(കൗശികൻ - വിശ്വാമിത്രൻ, കർഷകൻ : കർഷകർ ഇടിനാദം കേട്ട് സന്തോഷിക്കും).

- സ്വതവേ വീരന്മാരെങ്കിലും പതറി വീണുപോയ രാജാക്കന്മാർ.
- അടക്കാനാവാത്ത ആനന്ദം ഉള്ളിലൊതുക്കി നിൽക്കുന്ന സീത.
- ഇടിനാദം കേട്ട കർഷകൻ വരാൻപോകുന്ന മഴക്കാലവും ഫലസമൃദ്ധിയും ഓർത്ത് ആനന്ദിക്കുന്നതുപോലെ ഭാവിയുടെ ശുഭസൂചന മനസ്സിലാക്കി സന്തോഷിക്കുന്ന കൗശികൻ.
- കാർമേഘവർണനായ രാമന്റെ കൈയിലെ മുറിഞ്ഞ വില്ല്.

ഇപ്രകാരം സന്ദർഭത്തിന്റെ ചാരുത പൂർണമായി ഉൾക്കൊള്ളുന്ന ഒരു പ്രയോഗമാണ് "ഇടിവെട്ടിടുംവണ്ണം വിൽമുറിഞ്ഞൊച്ച കേട്ടു" എന്നത്.

കുട്ടികളെ നാല് ഗ്രൂപ്പാക്കുന്നു.

കാളിദാസഭാവന നിറഞ്ഞുനിൽക്കുന്ന ഉപമാസന്ദർഭങ്ങൾ ഗ്രൂപ്പുകൾക്കു നൽകുന്നു. സന്ദർഭം, പ്രയോഗഭംഗി, ഔചിത്യം ഇവ പരിഗണിച്ച് ആസ്വാദനം എഴുതട്ടെ.

സഞ്ചാരിണീ ദീപശിഖേവ രാത്രൗ
യം യം വ്യതീയായ പതിംവരാ സാ
നരേന്ദ്രമാർഗാത് ഇവ പ്രവേദേ
വിവർണഭാവം സസഭൂമിപാലാ.

- ഇന്ദുമതീ സ്വയംവരമാണ് സന്ദർഭം അജനെ സ്വയംവരം ചെയ്തത് ഇന്ദുമതിയാണ്.

- സഞ്ചരിക്കുന്ന ദീപശിഖ പോലെയാണ് ഇന്ദുമതി (ശോഭ, പ്രകാശം).
- ഇരുട്ടിലൂടെ വരുന്ന ദീപശിഖ അതുനിൽക്കുന്ന സ്ഥലം തെളിച്ച-മുള്ളതാക്കുന്നു. വിട്ടുപോകുന്നിടം ഇരുട്ടിലാക്കുന്നു.
- സ്വയംവരസദസ്സിലൂടെ നടന്നുനീങ്ങുന്ന ഇന്ദുമതി ഓരോ രാജകുമാരനും പ്രതീക്ഷ പകർന്ന് പിന്നീടു നിരാശപ്പെടുത്തി കടന്നുപോകുന്നു.
- ഈ ഉപമാപ്രയോഗം കവിക്കു 'ദീപശിഖാകാളിദാസൻ' എന്ന ബഹുമതി നേടിക്കൊടുത്തു.

തം വീക്ഷ്യ വേപഥുമതീ സരസാംഗയഷ്ടിർ
നിക്ഷേപണായ പദമുദ്ധൃതമദ്വഹന്തീ
മാർഗാചല വ്യതികരാകലിതേവ സിന്ധു
ശൈലാധിരാജതനയാ ന യയൗ ന തസ്തൗ.

തപസ്സുചെയ്യുന്ന പാർവതിയുടെ സ്നേഹവും ഭക്തിയും പരീക്ഷിച്ചറിയാൻ ബ്രഹ്മചാരീവേഷത്തിൽ വന്ന പരമശിവന്റെ വാക്കുകളോടു കയർത്ത് പാർവതി പോവാനെഴുന്നേൽക്കുന്നു. അപ്പോൾ സ്വന്തം രൂപം വെളിപ്പെടുത്തിയ ശിവനെ കണ്ടു പരിഭ്രമിച്ചുപോയ പാർവതിയുടെ അവസ്ഥ കാളിദാസൻ വർണിക്കുന്നു.

## അധികവായനയ്ക്ക്

### കാളിദാസനെ തേടുമ്പോൾ

പ്രാചീനരായ എല്ലാ എഴുത്തുകാരുടെയും കാര്യത്തിലെന്നപോലെ കാളിദാസന്റെ ജീവിതത്തെ സംബന്ധിച്ചും അപൂർണവും അവ്യക്തവുമായ വിവരങ്ങളേയുള്ളൂ. കാളിദാസനെ തേടാൻ കുറഞ്ഞത് രണ്ടു നൂറ്റാണ്ടെങ്കിലുമായി നടക്കുന്ന പണ്ഡിതശ്രമങ്ങളെല്ലാം ദുർബലമായ അടിത്തറയിലൂന്നിയ വാദങ്ങളാണ് കാളിദാസന്റെ വ്യക്തിജീവിതത്തെയും കാലദേശങ്ങളെയും പറ്റി അവതരിപ്പിച്ചിട്ടുള്ളത്. ചില കൃതികളുടെ കാര്യത്തിലും സംശയം നിലനിൽക്കുന്നു. അദ്ദേഹത്തിന്റെ പേരിനെപ്പറ്റിപ്പോലും ഒട്ടേറെ പണ്ഡിതർക്ക് അഭിപ്രായഭേദമുണ്ട്. തന്റെ പേര് കാളിദാസൻ എന്നാണെന്ന് 'മാളവികാഗ്നിമിത്രം', 'വിക്രമോർവശീയം', 'അഭിജ്ഞാനശാകുന്തളം' എന്നീ നാടകങ്ങളിൽ അദ്ദേഹംതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. ഇരിക്കുന്ന കൊമ്പുമുറിച്ച വിഡ്ഢിയായ ആട്ടിടയൻ കാളീദേവിയുടെ അനുഗ്രഹംകൊണ്ട് മഹാകവിതയുടെ മഹത്വത്തെപ്പറ്റി അദ്ഭുതംകൊള്ളിക്കാൻ കൊള്ളാമെന്നല്ലാതെ ജീവചരിത്രപരമായി അതുകൊണ്ട് കാളിദാസൻ കാളിയെ സ്തുതിക്കുന്ന സന്ദർഭങ്ങളൊന്നും ആ കാവ്യലോകത്തിലല്ലാത്തതിനാൽ ആ കെട്ടുകഥയിൽ കാര്യമില്ലെന്നു തെളിയുന്നു. 'കുമാരസംഭവ'ത്തിൽ ഒരു ശ്ലോകത്തിൽ മാത്രമേ കാളീപരാമർശമുള്ളൂ. പരമശിവന്റെ വിവാഹഘോഷയാത്രയിൽ കപാലാഭരണയായ കാളി ഒറ്റയ്ക്കു നടക്കുന്നുവെന്നാണ് ആ പരാമർശം. ഉജ്ജയിനിയിലെ മഹാകാലന്റെ പത്നിയായ മഹാകാളിയാവാം കാളിദാസന്റെ പ്രേഷ്ഠദേവതയെന്ന് എം.പി. ശങ്കുണ്ണിനായർ പറയുന്നു (ഛത്രവും ചാമരവും 1988).

കാളിദാസന്റെ ജീവിതകാലത്തെപ്പറ്റി പല വാദങ്ങളുണ്ട്. ബി.സി.ഇ. അഞ്ചാം നൂറ്റാണ്ടു മുതൽ സി.ഇ. ആറാം നൂറ്റാണ്ടുവരെ കാലത്തിനിടയ്ക്ക് പലയിടത്തും പണ്ഡിതർ കാളിദാസനെ പ്രതിഷ്ഠിക്കുന്നു. സി.ഇ. ഏഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ബാണൻ (കാദംബ

രിയുടെയും ഹർഷചരിതത്തിന്റെയും കർത്താവ്) കാളിദാസനെ സ്മരിക്കുന്നതുകൊണ്ട് അതിനുമുമ്പായിരുന്നു കാളിദാസകാലമെന്ന് എല്ലാവർക്കും തീർച്ചയുണ്ട്. വിക്രമാദിത്യൻ എന്ന രാജാവുമായി കാളിദാസനു ബന്ധമുണ്ടായിരുന്നുവെന്നു പറയപ്പെടുന്നുവെങ്കിലും ആ രാജാവ് ആരാണെന്ന് ആർക്കും തീർച്ചയില്ല. സ്കന്ദഗുപ്തനാണ് അതെന്നു ചിലർ വാദിക്കുന്നു. വിക്രമാദിത്യ സദസ്സിലെ നവരത്നങ്ങളിലൊരാളായിരുന്നു കാളിദാസൻ എന്നായിരുന്നു പ്രശസ്തി. പി.വി. കാനെ, ഭണ്ഡാർക്കർ തുടങ്ങിയവർ സി.ഇ. ആറാം നൂറ്റാണ്ടായിരുന്നു കാളിദാസകാലമെന്നു വാദിക്കുന്നു. പുലകേശി രണ്ടാമൻ രാജാവിന്റെ അയ്ഹോളെ ശാസനത്തിൽ (സി.ഇ. 634) കാളിദാസന്റെ പേരു പരാമർശിച്ചിട്ടുണ്ട്. കാളിദാസൻ എന്ന പേരിൽ പില്ക്കാലത്തും കവികളുണ്ടായിട്ടുണ്ട്. സി.ഇ. നാലാം നൂറ്റാണ്ടാണ് കാളിദാസന്റെ കാലം എന്ന അഭിപ്രായത്തിനാണ് ആധുനികകാലത്ത് പ്രാബല്യം കിട്ടിയിട്ടുള്ളത്. കാലത്തിന്റെ കാര്യത്തിലെന്നപോലെ ജന്മസ്ഥലത്തിന്റെ കാര്യത്തിലും ഉറപ്പില്ല. പലരും പലയിടങ്ങൾ ചൂണ്ടിക്കാണിക്കുന്നുവെന്നുമാത്രം. ഓരോ വാദവും അതു ശരിയാണെന്നു ശഠിക്കുന്നു. വിവിധ പ്രദേശങ്ങളെപ്പറ്റി വിവരിച്ചിട്ടുള്ള കാളിദാസനെ ഏതെങ്കിലുമൊരിടത്തു കൂട്ടിക്കെട്ടുകയും എളുപ്പമല്ല.

മഹാകാവ്യങ്ങളായ 'രഘുവംശം', 'കുമാരസംഭവം', സന്ദേശകാവ്യമായ 'മേഘസന്ദേശം' (മേഘദൂതം), നാടകങ്ങളായ മാളവികാഗ്നിമിത്രം, വിക്രമോർവശീയം, അഭിജ്ഞാനശാകുന്തളം എന്നിവയാണ് കാളിദാസന്റെ കൃതികൾ. നാടകങ്ങളിൽ മാത്രമേ കവി സ്വന്തം പേരു പരാമർശിച്ചിട്ടുള്ളൂ. 'ഋതുസംഹാരം' എന്ന ഋതുവർണനാകാവ്യം കാളിദാസന്റെ പേരിൽ പ്രചരിക്കുന്നതാണെങ്കിലും അതു കാളിദാസന്റേതല്ല എന്നാണ് പ്രമുഖ പണ്ഡിതരുടെ അഭിപ്രായം. കാമുകിയെ സംബോധനചെയ്ത് ഗ്രീഷ്മം തൊട്ടുള്ള ആറ് ഋതുക്കളെയും വർണിക്കുന്ന ഋതുസംഹാരത്തെ 'കാമുകന്റെ കലണ്ടർ' എന്നു വിളിച്ച എം.പി. ശങ്കുണ്ണിനായർ എഴുതുന്നു. ഋതുസംഘാതം എന്നായിരിക്കും ശരിയായ പേര്. സംഘാതം ഒരു കാവ്യവിഭാഗമത്രേ. ഋതുസംഹാരം കാളിദാസീയമാണെന്ന ധാരണ നവ്യ കാളിദാസവിമർശനത്തിന്റെ ബാലിശത്വം വ്യക്തമാക്കുന്നു. എന്നാൽ ഋതുസംഹാരം കാളിദാസന്റെ ആദ്യകൃതിയാണെന്നു വാദിക്കുന്നവരുമുണ്ട്. 'ഘടകർപ്പരകാവ്യം', 'കുന്തളേശ്വരദൗത്യം' എന്നീ കാവ്യങ്ങൾ കാളിദാസൻ രചിച്ചവയാണെന്നും ഒരു വാദമുണ്ട്. പ്രാചീനകാലത്തെ സാഹിത്യസൈദ്ധാന്തികനായിരുന്ന അഭിനവഗുപ്തൻ ഘടകർപ്പരകാവ്യം കാളിദാസന്റേതാണെന്ന നിലയിൽ വ്യാഖ്യാനിച്ചിട്ടുള്ളതാണ് ഈ വാദത്തിന് അടിസ്ഥാനം. ഭോജൻ, ക്ഷേമേന്ദ്രൻ എന്നീ പുരാതന സൈദ്ധാന്തികരാണ് കുന്തളേശ്വരദൗത്യം കാളിദാസന്റേതെന്നു സൂചിപ്പിച്ചത്. എങ്കിലും ഈ കൃതികളെ പൊതുവേ കാളിദാസരചനകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്താറില്ല.

സ്ഥലകാലങ്ങൾ തീർച്ചയില്ലെങ്കിലും രണ്ടു സഹസ്രാബ്ദമായി കാളിദാസകൃതികൾ ഇന്ത്യൻ ജീവിതത്തിന്റെ ഭാഗമാണ്. പൂർണസാക്ഷരതം ഇപ്പോൾപോലും ഇന്ത്യ ആർജിച്ചു കഴിഞ്ഞിട്ടില്ലെങ്കിലും കാളിദാസകൃതികൾ നിരന്തരം വായിക്കപ്പെട്ടു. ഒരിക്കലും അവ മറവിയിൽ മുങ്ങിപ്പോയില്ല. അച്ചടിവരുന്നതിനും എത്രയോ മുമ്പുതന്നെ കൈയെഴുത്തുപ്രതികളായി ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ അവ പ്രചരിച്ചു. ദേശഭേദവും പകർത്തിയെഴുത്തുകളും അവയിൽ പാഠാന്തരങ്ങൾ സൃഷ്ടിക്കാനും കാരണമായി. പൗരസ്ത്യവാദി (ഓറിയെന്റലിസ്റ്റ്)കളായ യൂറോപ്യൻ പണ്ഡിതരാണ് കാളിദാസനെ പാശ്ചാത്യലോകത്ത് പരിചയപ്പെടുത്തിയത്. വില്യം ജോൺസ് അഭിജ്ഞാനശാകുന്തളത്തിന്റെ ഇംഗ്ലീഷ് പരിഭാഷ 1789-ൽ പ്രസിദ്ധപ്പെടുത്തി. 1830 മുതലാണ് കാളിദാസകൃതികൾ സംസ്കൃതത്തിൽ അച്ചടിക്കപ്പെട്ടു തുടങ്ങിയത് (ആ വർഷം Antoine Leonard de chezy അഭിജ്ഞാനശാകുന്തളം ലണ്ടനിൽ പ്രസിദ്ധീകരിച്ചു.) അന്നത്തെ ബ്രിട്ടീഷ് ഇന്ത്യയുടെ കേന്ദ്രം കൊൽക്കത്തയായിരുന്നതുകൊണ്ട് ബംഗാൾ പാഠങ്ങളെ ആധാരമാക്കിയാണ് ആദ്യകാല പ്രസിദ്ധീകരണങ്ങൾ ഉണ്ടായത്. പിന്നീട് ദാക്ഷിണാത്യ, കശ്മീരി, ദേവനാ

ഗരി പാഠങ്ങളും കണ്ടെത്തി. പുണെയിലും ബറോഡ (വഡോദര)യിലും നിന്ന് കാളിദാസകൃതികളുടെ ക്രിട്ടിക്കൽ എഡിഷനുകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇന്ത്യയിൽ കാളിദാസകൃതികളുടെ വ്യാഖ്യാനത്തിന്റെ ചരിത്രം. കാളിദാസവ്യാഖ്യാനവും പരിഭാഷകളും ഒരു അനുഷ്ഠാനംപോലെയാണ് ഇന്ത്യയിൽ നിർവഹിക്കപ്പെട്ടത്. മലയാളവും അക്കൂട്ടത്തിൽ മുന്നിൽത്തന്നെ. ശാകുന്തളം മലയാളത്തിലാക്കിയവർ ഒട്ടേറെയുണ്ട്.

തനിക്കു പിന്നിലുള്ള കാവ്യസംസ്കാരമാകെ ഉൾക്കൊണ്ട കവിയായിരുന്നു കാളിദാസൻ. 'രാമായണ'വും 'മഹാഭാരത'വുമായിരുന്നു അദ്ദേഹത്തിന്റെയും കാവ്യസ്രോതസ്സുകൾ. ഭരതന്റെ 'നാട്യശാസ്ത്ര'ത്തെപ്പറ്റിയുള്ള ഗഹനധാരണയും കാളിദാസകൃതികളിൽ കാണാം. എന്നാൽ രഘുവംശം രാമായണ കഥയെ പൂർണമായി പിന്തുടരുന്നില്ല. രാമായണത്തിൽ നിന്നു ഭിന്നമാണ് കാളിദാസൻ അവതരിപ്പിക്കുന്ന രഘുവംശരാജാക്കന്മാരുടെ പട്ടിക. 'വിഷ്ണുപുരാണ'ത്തിലെയും 'ഭരതപുരാണ'ത്തിലെയും രഘുവംശാവലിയോടാണ് കാളിദാസന് അടുപ്പമെന്നു ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. വായുപുരാണകാരനും കാളിദാസനും ഒരേ സ്രോതസ്സുതന്നെയാവാം ആശ്രയിച്ചത്. മാളവികാഗ്നിമിത്രത്തിൽ പൂർവികരായ എഴുത്തുകാരെ കാളിദാസൻ അനുസ്മരിക്കുന്നു. ഭാസൻ, സൗമില്ലൻ, കവിപുത്രൻ തുടങ്ങിയ പ്രസിദ്ധരായ നാടകകാരന്മാരുടെ രചനകൾ ഉള്ളപ്പോൾ കാളിദാസന്റെ നാടകത്തോട് ആദരവു തോന്നിയതെങ്ങനെ? (പ്രഥിതയശസ്സാം ഭാസസൗമില്ല കവിപുതാദീനം പ്രബന്ധാനതിക്രമ്യ വർത്തമാനസ്യകവേ കാളിദാസസ്യ ക്രിയായാം കഥം ബഹുമാനഃ) എന്നാണ് മാളവികാഗ്നിമിത്രത്തിലെ സൂത്രധാരന്റെ ചോദ്യം. ഭാസനെക്കുറിച്ചുള്ള ആദ്യപരാമർശമാണത്. (ഭാസന്റെ നാടകങ്ങൾ കണ്ടെത്താൻ ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കംവരെ കാത്തിരിക്കേണ്ടിവന്നു. 1910–ൽ പദ്മനാഭപുരത്തെ മണലിക്കരമഠത്തിൽ നിന്ന് തിരുവനന്തപുരത്തെ ഹസ്തലിഖിത ഗ്രന്ഥാലയത്തിലെ ടി.ഗണപതിശാസ്ത്രിയാണ് ഭാസനാടകങ്ങൾ കണ്ടെത്തിയത്). ബുദ്ധചരിതകാരനായ അശ്വഘോഷൻ കാളിദാസന്റെ പൂർവികനാണെന്നും അദ്ദേഹത്തിന്റെ സ്വാധീനം കാളിദാസകാവ്യങ്ങളിലുണ്ടെന്നും ശക്തമായ വാദമുണ്ട്. എതിർവാദവുമുണ്ട്. വേദങ്ങളുടെ സ്വാധീനവും കാളിദാസകൃതികളിൽ കാണാം. ത്രിലോകസങ്കല്പവും അസത്തിൽ (non being) നിന്നാണ് സത്ത് (being) ഉണ്ടായതെന്ന വിശ്വാസവും പുനർജന്മസങ്കല്പവും യാഗങ്ങളെക്കുറിച്ചുള്ള വിവരണവും തപസ്സിലും ഋഷിമാരിലുമുള്ള വിശ്വാസവുമെല്ലാം കാണിക്കുന്നത് വേദബന്ധമാണ്.

### കാളിദാസഭാവന

മധുരോദാരവും കല്പനാമധുരവുമാണ് കാളിദാസന്റെ ഭാഷാശൈലി. കാല്പനികതയുടെ സ്വഭാവം പണ്ടേ കാളിദാസകവിത പ്രകടിപ്പിച്ചുവെന്നു പോലും പറയാം. വൈദർഭിയെന്നാണ് കാളിദാസന്റെ ഭാഷാശൈലിയുടെ പേര്. ദേശാധിഷ്ഠിതമായി ശൈലിക്കു പേരിടുന്ന സംസ്കൃതരീതിയിൽ നിന്നാണ് വൈദർഭിയെന്ന പേരുണ്ടായത്. വിദർഭയെ അതു സൂചിപ്പിക്കുന്നു. കാളിദാസനും അശ്വഘോഷനും പിന്തുടർന്ന വൈദർഭിയെയാണ് ഉത്തമശൈലിയായി ഗണിക്കുന്നത്. കാളിദാസശൈലിയിൽ 'ഏതുചിത്രവും ഏതു തത്ത്വവും ശുദ്ധജലപ്പരപ്പിലൂടെ വാപീഹൃദയമെന്നപോലെ കാണാം. അമിട്ടുപൊട്ടിവിരിയുമ്പോലെയാണ് മനോവീഥിയിൽ വാക്യോത്ക്ഷിപ്തമായിട്ട് ആശയം ഓരോന്നും പരക്കുന്നതെന്ന് ജോസഫ് മുണ്ടശ്ശേരി കാളിദാസശൈലിയെ വിശേഷിപ്പിച്ചു. സംസ്കൃതം മാത്രമല്ല കാളിദാസൻ തന്റെ കൃതികളിൽ ഉപയോഗിച്ചത്. നാടകങ്ങളിൽ ശൗരസേനി, മഹാരാഷ്ട്രി, മാഗധി എന്നീ പ്രകൃതഭാഷ സംസ്കൃതത്തിനു പുറമേയുണ്ട്. സ്ത്രീകൾ, പരിചാരകർ തുടങ്ങിയ കഥാപാത്രങ്ങൾ പ്രാകൃതത്തിലേ സംസാരിക്കാവൂ എന്ന സംസ്കൃതനാടകനിയമമാണ് അതിനു കാരണം. വീരാദ്ഭുതങ്ങളുടെ ശബ്ദായമാനവും തീക്ഷ്ണവുമായ ലോകമല്ല പ്രേമവും ജീവിതാഭിരതിയും നിറഞ്ഞ സ്വച്ഛ ലോകമാണ് മിക്കപ്പോഴും കാളിദാസൻ അവതരിപ്പിച്ചത്. അദ്ദേഹത്തിന്റെ ഭാഷ ലളിതസുന്ദരമായിത്തീരാനുള്ള ഒരുകാരണവുമതാണ്. ബിംബാത്മകമായ ഭാഷയാണത്. ഗന്ധബിംബങ്ങളും ശബ്ദബിംബങ്ങളും

ദൃശ്യബിംബങ്ങളും അവിടെ പൂത്തുലഞ്ഞു സുഗന്ധം പരത്തി നിൽക്കുന്നു. രഘുവംശത്തിലെ പതിമൂന്നാം സർഗത്തിൽ ഇങ്ങനെ വായിക്കാം: ഇവിടെ പുതുമഴയേറ്റ കാട്ടുചോലകളിൽ നിന്നുയരുന്ന പരിമളവും പാതിവിരിഞ്ഞ കടമ്പിൻമൊട്ടുകളും കേകാരവവും നീയില്ലാത്തതുകൊണ്ട് എനിക്ക് അസഹ്യമായിത്തീർന്നു. ഈ ബിംബസമൃദ്ധി കാളിദാസകവിതയുടെ മുഖമുദ്രയായിത്തീർന്നതിന്റെ മറ്റൊരു കാരണം ഇന്ദ്രിയപരതയാണ്. ഇന്ദ്രിയാനുഭൂതികളുടെ ലോകം കാളിദാസൻ നിർമിച്ചു. അവിടെ മനുഷ്യർ മാത്രമല്ല പക്ഷിമൃഗാദികളും സസ്യജാലവുമെല്ലാം നിറയുന്നു. അസാധാരണമായ ഒരു പ്രകൃതിബന്ധമാണത്. മറ്റൊരു കവിയിലും അങ്ങനെയൊരു ലോകം ഇത്രമേൽ സമൃദ്ധമായി നാം കാണുകയില്ല.

കാളിദാസന്റെ ലോകം മനുഷ്യലോകം മാത്രമല്ല, മനുഷ്യേതരങ്ങളുടെ ലോകംകൂടിയാണ്. മുല്ലവള്ളിയും മാൻകിടാവും തേന്മാവും പൂത്തുലഞ്ഞ പാച്ചോറ്റിപോലെ നിൽക്കുന്ന സിംഹവും അവിടെയുണ്ട്. നഗരങ്ങളും രാജകൊട്ടാരങ്ങളുംപോലെ വനങ്ങളും കുന്നിൻചെരിവുകളും പന്നിക്കൂട്ടങ്ങളും ചേക്കേറാനുള്ള മരങ്ങളിലേക്കു പറക്കുന്ന മയിലുകളും പച്ചപ്പുൽത്തകിടുകളിൽ കിടക്കുന്ന മാനുകളും നിറഞ്ഞ ഇരുണ്ട കാടിനെ നോക്കി നടക്കുന്ന രാജാക്കന്മാരും കാളിദാസന്റെ ലോകത്തുണ്ട്. മനുഷ്യനും പ്രകൃതിയും തമ്മിൽ അവിടെ അന്തരമില്ല. പ്രകതിയുമായുള്ള കാളിദാസന്റെ വിനിമയത്തെപ്പറ്റി എം.പി. ശങ്കുണ്ണിനായർ എഴുതിയത് ഇങ്ങനെയാണ്: "ശാകുന്തളം നാലാമങ്കത്തിലും കുമാരസംഭവം എട്ടാം സർഗത്തിലും മനുഷ്യനും പ്രകൃതിക്കുമിടയിലുള്ള എല്ലാ അതിരുകളും വരമ്പുകളും അറ്റു പോകുന്നു. സ്നേഹവിശ്വാസങ്ങൾ ഇരുവഴിയായും പ്രവഹിക്കുന്നു. സസ്യലതാദികൾ പുലർത്തുന്ന മൗനലോകത്തിന്റെ മണിയറകളിലേക്കു മനുഷ്യരും പ്രവേശിക്കുന്നു. ഈ ജീവിതവിനിമയം കാളിദാസന് ഒരു സങ്കല്പം മാത്രമല്ല, അനുഭവവുമാകുന്നു. ശാകുന്തളം നാലാമങ്കത്തിൽ കാണുന്നത് വെറും പ്രകൃതിവർണനമല്ല, പ്രകൃതിയും മനുഷ്യനും തമ്മിൽ സാത്മ്യം വന്ന ഒരു ജീവിതമത്രേ. അവിടെ വനജ്യോത്സ്നയും മറ്റും കഥാപാത്രങ്ങൾതന്നെ. പച്ചിലപ്പടർപ്പിന്നിടയിൽ വെൺകളി വീശി നിൽക്കുന്ന ആ മുല്ലയ്ക്ക് ശകുന്തളയിൽ നിന്നു വ്യത്യാസമില്ല എന്നാണല്ലോ കണ്വൻ പറയുന്നത്... ചരാചരാത്മകമായ പ്രകൃതിയോട് ഇത്രയും സഹകരിച്ചു ജീവിച്ച ഒരു കവി സംസ്കൃതസാഹിത്യത്തിൽ വേറെയില്ല. പ്രകൃതിയുടെ കേളീഗൃഹത്തിലേക്ക് കാളിദാസന് ഒരു നിത്യനെപ്പോലെ പ്രവേശിക്കാമായിരുന്നു. ഋതുസംക്രമണങ്ങളുടെ നവോന്മേഷിയായ ആവർത്തനകഥയിൽ അദ്ദേഹം ഉല്ലസിച്ചു. നഗരത്തിലായാലും തപോവനത്തിലായാലും പ്രകൃതിയും മനുഷ്യജീവിതവും അന്യോന്യം ആശ്ലേഷിക്കുന്നതായി അദ്ദേഹം കണ്ടു." കാളിദാസന്റെ ജീവിതാശ്ലേഷത്തിന്റെ ഭാഗമായിരുന്നു ആ പ്രകൃതിബോധം. പരിസ്ഥിതിസൗന്ദര്യശാസ്ത്രത്തിന്റെ സാധ്യതകൾ ആരായുന്നവർ കാളിദാസന്റെ വനരഥ്യകളിൽ നിന്നും തപോവനങ്ങളിൽ നിന്നുമാണ് തുടങ്ങേണ്ടത്.

സ്ഥലത്തിന്റെയും യാത്രകളുടെയും കലാകാരനായിരുന്നു കാളിദാസൻ. അദ്ദേഹം സഞ്ചാരിയായിരുന്നുവോയെന്ന് നമുക്കറിഞ്ഞുകൂടാ. എന്നാൽ കാളിദാസകൃതികൾ അവതരിപ്പിക്കുന്ന ഭൂഭാഗദൃശ്യങ്ങളും സ്ഥലപരാമർശങ്ങളും യാത്രികനായ ഒരു കവിയുടെ വിദൂരദൃശ്യം സമ്മാനിക്കുന്നു. രഘുവംശത്തിൽ രഘുവിന്റെ ജൈത്രയാത്ര വിവരിക്കുമ്പോൾ ഇന്ത്യയുടെ പ്രാചീനമായൊരു ഭൂപടമാണ് കാളിദാസൻ നിർമിക്കുന്നത്. പാരസീകം മുതൽ കേരളം വരെയുള്ള പ്രദേശങ്ങൾ കാളിദാസന്റെ വാക്കിൽ തെളിയുന്നു. കേരളത്തെ രഘു കീഴടക്കിയതായോ ഇവിടെ എത്തിയതായോ കാളിദാസൻ പറയുന്നില്ല. പടയോട്ടം കണ്ടു പേടിച്ച് അണിഞ്ഞൊരുങ്ങൽ ഉപേക്ഷിച്ച കേരള സ്ത്രീകളുടെ കുറുനിരകളിൽ സൈന്യം ഉയർത്തിയ പൊടികൊണ്ടു രഘു ഗന്ധചൂർണം ചാർത്തിക്കൊടുത്തുവെന്നാണ് കാളിദാസവാക്യം (ഭയോത്സൃഷ്ട വിഭൂഷാണാം തേ കേരളയോ ഷിതാം/അളകേഷു ചമുരേണുശ്ചൂർണ പ്രതിനിധീകൃതഃ). അണിഞ്ഞൊരുങ്ങാതെ പടയോട്ടം കാണാൻ ചെന്നുനിന്ന

സ്ത്രീകളെപ്പറ്റിയാണു കാളിദാസൻ വിവരിച്ചതെന്ന് കുട്ടികൃഷ്ണമാരാർ പറഞ്ഞിട്ടുണ്ട്. ആറുതരത്തിലുള്ള സൈന്യവുമായി ദിഗ്‌വിജയത്തിനു പുറപ്പെട്ട രഘു ഒരു ഇന്ത്യയെ കണ്ടെത്തൽ/കീഴടക്കൽ ആണു നടത്തുന്നത്. കിഴക്കോട്ടു പുറപ്പെട്ട് കടൽക്കരയിലെത്തിയ രഘു സുഹ്മദേശ രാജാക്കന്മാരെയും (ഇന്നത്തെ മ്യാൻമാർ ആണെന്നു വ്യാഖ്യാനമുണ്ട്) നാവികപ്പടയിൽ അഹങ്കരിച്ചിരുന്ന വംഗദേശപ്രഭുക്കളെയും കലിംഗരാജാവിനെയും പരാജയപ്പെടുത്തി. തുടർന്നു തെക്കോട്ടുതിരിച്ച രഘു ആനകളുടെ മദഗന്ധം നിറഞ്ഞ കാവേരീ നദിയും പാണ്ഡ്യദേശത്തെ മുത്തുവിളയുന്ന താമ്രപർണീനദിയും കുരുമുളകുകൊടികളിൽ കിളികൾ പറന്നണയുന്ന മലയപർവതവും കടൽ അകന്നൊഴിഞ്ഞു കിടക്കുന്ന സഹ്യനും മദയാനക്കൊമ്പു പതിഞ്ഞ ത്രികൂടപർവതവും കണ്ടു, കീഴടക്കി. വടക്കൻ ദേശത്ത് പാരസീയരും (പേർഷ്യ) ഹൂണരും (മധ്യേഷ്യ) ഹിമാലയവാസികളും വടക്കു കിഴക്ക് പ്രാക്ജ്യോതിഷക്കാരും രഘുവിനു കീഴടങ്ങി. അവിഭക്തമായ പൗരാണിക ഇന്ത്യയുടെ ഏകദേശരാഷ്ട്രീയ ഭൂപടമാണ് ആ ദിഗ്‌വിജയ യാത്രയുടെ വിവരണത്തിലൂടെ കാളിദാസൻ വരച്ചത്.

*വിശ്വസാഹിത്യതാരാവലി - ജന.എഡിറ്റർ പി.കെ. രാജശേഖരൻ*

**പ്രഭാഷണം തയാറാക്കുക**

കാളിദാസനെക്കുറിച്ചുള്ള മഹാന്മാരുടെ നിരീക്ഷണങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്താം.

എൻ.വി. കൃഷ്ണവാര്യർ കാളിദാസനെ ഉപമിക്കുന്നത് എന്തിനോടാണ്?

ഹിമാലയവും കാളിദാസനും സമരാവുന്നതെങ്ങനെയെല്ലാമാണ്?

- ആകാശത്ത് അനുപമമായ ഭംഗിയോടെ, തലയെടുപ്പോടെ ഹിമാലയം. സാഹിത്യസദസ്സിൽ അതുപോലെ കാളിദാസൻ
- ഹിമാലയത്തിന്റെയും കാളിദാസന്റെയും പ്രഥമസ്ഥാനം ചോദ്യം ചെയ്യപ്പെടുന്നില്ല.
- രണ്ടും ഭാരതത്തിന്റെ അഭിമാനമുദ്രകളാണ്.
- ഹിമാലയം കാളിദാസഭാവനയുടെ പശ്ചാത്തലമാണ്.
- കുമാരസംഭവത്തിലെ പ്രഥമപദ്യം - ഹിമാലയപ്രശസ്തി - കാളിദാസനെയും പ്രശസ്തനാക്കി

അസ്ത്യുത്തരസ്യാംദിശിദേവതാത്മാ

ഹിമാലയോനാമ നഗാധിരാജ

പൂർവാപരൗ വാരിനിധീവഗാഹ്യ

സ്ഥിത : പൃഥിവ്യാ ഇവ മാനദണ്ഡം

ദേവതാത്മാവായ ഹിമാലയപർവതം ഭൂമിയുടെ അളവുകോൽ/അരഞ്ഞാൺപോലെ രണ്ടു സമുദ്രങ്ങളും തൊട്ടുകൊണ്ട് വടക്കേ ദിക്കിൽ പ്രശോഭിക്കുന്നു.

- ജീവചരിത്രസൂചനകൾ
- കാളിദാസകൃതികൾ
- കാളിദാസനെപ്പറ്റി ചിന്തകരുടെ നിരീക്ഷണങ്ങൾ
- കാളിദാസന്റെ സ്വാധീനം മറ്റു കവികളിൽ
- സ്വന്തമായ കണ്ടെത്തലുകൾ/ അഭിപ്രായങ്ങൾ

ആശയങ്ങൾ ക്രമപ്പെടുത്തി പ്രഭാഷണം തയാറാക്കുക (വ്യക്തിഗതം). കുട്ടികൾ തയാറാക്കിയ പ്രഭാഷണങ്ങൾ അവതരിപ്പിക്കുന്നു.

വാചികവും ലിഖിതവുമായ വിലയിരുത്തൽ.

വായനക്കുറിപ്പും പ്രഭാഷണങ്ങളും നിരന്തരമൂല്യനിർണയപ്രവർത്തനത്തിന് ഉപയോഗിക്കാം.

**പ്രഭാഷണം വിലയിരുത്തുമ്പോൾ**

- സംബോധന
- ഉപക്രമം
- വിഷയാവതരണം
- ആശയപൂർണത
- ഉപസംഹാരം
- പ്രഭാഷണശൈലി
- ശബ്ദം, ശബ്ദവ്യതിയാനം
- ഭാഷാമികവ്
- ഉചിതമായ ശരീരഭാഷ

**അമ്മ - വൈക്കം മുഹമ്മദ് ബഷീർ**

സ്വന്തം ജീവിതം സ്വന്തം ഭാഷയിലെഴുതി മലയാളകഥയുടെ സുൽത്താനായിത്തീർന്ന വൈക്കം മുഹമ്മദ്ബഷീറിന്റെ 'ഓർമ്മക്കുറിപ്പിൽ' നിന്നെടുത്ത ഒരു അനുഭവകഥയാണ് അമ്മ. ദേശസ്നേഹവും മാതൃസ്നേഹവും തുല്യശക്തിയിൽ നിറഞ്ഞുനിൽക്കുന്ന ഈ കഥ ഏറെ പ്രശസ്തമാണ്. ബഷീറിന്റെ വിദ്യാർഥി ജീവിതവും സ്വാതന്ത്ര്യസമരത്തിന്റെ വീരഗാഥകളും അമ്മയെക്കുറിച്ചുള്ള നിരീക്ഷണങ്ങളും ഓർമ്മകളും എല്ലാമടങ്ങുന്ന 'അമ്മ' ബഷീറിന്റെ ആത്മകഥയായി ത്തന്നെ വായിക്കാം. അമ്മയുടെ കത്തിൽ നിന്നാരംഭിച്ച് ഓർമയിലൂടെ അമ്മയിലേക്കും ഗാന്ധിജിയിലേക്കും ഉപ്പുസത്യഗ്രഹസമരക്കാ

ലത്തെ അനുഭവങ്ങളിലേക്കും പ്രവഹിച്ച് ഒടുവിൽ അമ്മയുടെ കരതിലേക്കുതന്നെ തിരിച്ചെത്തുന്ന അന്യാദൃശമായ കഥനശൈലികൊണ്ട് ബഷീർ നമ്മെ വിസ്മയിപ്പിക്കുന്നു. മാതാവിന്റെയും മാതൃഭൂമിയുടെയും മഹത്ത്വം തിരിച്ചറിയാനും സാമൂഹികവും വ്യക്തിപരവുമായ കടമകൾ നിർവഹിക്കാനുമുള്ള മൂല്യബോധം ഉറപ്പിക്കാൻ ഈ കഥ സഹായകമാവും. ബഷീർശൈലിയുടെ സത്തയും തനിമയും പരിചയപ്പെടാനും അനുഭവങ്ങളെ ശക്തമായ ഭാഷയിൽ എഴുതിപ്പരിശീലിപ്പിക്കാനും ഈ പാഠത്തിന്റെ വിനിമയം സഹായിക്കും.

**പാഠാവതരണം**

ശ്രീരാമന്റെ ഉപദേശം കേട്ട ലക്ഷ്മണന്റെ മാനസികാവസ്ഥ നമ്മൾ കണ്ടുവല്ലോ. ഇത്തരത്തിൽ നിങ്ങൾ ക്രോധാകുലനായ സന്ദർഭത്തിൽ അമ്മ പ്രതികരിച്ചതെങ്ങനെയെന്ന് കുറിപ്പ് തയാറാക്കുക.

വ്യത്യസ്ത സ്വഭാവമുള്ള ഏതാനും കുറിപ്പുകൾ ക്ലാസിൽ അവതരിപ്പിക്കുക.

തുടർന്ന് ബഷീറിന്റെ പ്രവൃത്തികളോട് അമ്മ പ്രതികരിച്ചതെങ്ങനെയെന്ന് പാഠവായനയിലൂടെ കണ്ടെത്താം.

കുട്ടികൾ വ്യക്തിഗതമായി പാഠഭാഗത്തിലൂടെ കടന്നുപോകട്ടെ.

വായനവേളയിൽ കുട്ടികളുടെ മനസ്സിനെ സ്പർശിച്ച കഥാമുഹൂർത്തങ്ങൾ അവർ കുറിക്കട്ടെ.

സൂചനകൾ

- ബഷീറിന്റെ സാമൂഹികപ്രതിബദ്ധത
- ബഷീറിന്റെ അനുഭവങ്ങൾ
  - വിദ്യാലയം
  - വീട്
  - റെയിൽവേസ്റ്റേഷൻ
  - ജയിൽ
  - കോൺഗ്രസ് ഓഫീസ്
  - പൊതുവേദി
  - ഗാന്ധിയുടെ മുന്നിൽ

**ബഷീറിന്റെ അമ്മ**

ഏതാനും മുഹൂർത്തങ്ങൾ ക്ലാസിൽ അവതരിപ്പിക്കട്ടെ. കുട്ടികൾ കണ്ടെത്തിയ കഥാമുഹൂർത്തത്തെ ആസ്പദമാക്കി കഥയെക്കുറിച്ച് ഒരു ലഘുചർച്ചയാവാം.

- ബഷീർ എന്ന വിദ്യാർഥി
- ബഷീർ എന്ന രാജ്യസ്നേഹി
- ബഷീർ എന്ന മകൻ

ഞാനാണ് കഥ; ഞാനെഴുതുന്നതു ഭാഷയും. ഇതൊരാത്മാഭിമാനമാണ്. അഹന്തയാണെന്നു നിങ്ങൾക്കു പറയാം. പക്ഷേ, ബഷീറിന്റെ കൃതികളിൽ തനിക്കേറ്റ നഖപ്പാടുകളാണ് സ്നേഹം. തനിക്കുകിട്ടിയ ചവിട്ടും തൊഴിയുമാണ് സ്വാതന്ത്ര്യസമരം. താനലഞ്ഞനാടുകളാണ് ലോകം. തന്റെ അനുഭവങ്ങളുടെ സാകല്യമാണ് തത്ത്വചിന്ത. ബഷീർ ചരിത്രത്തെ തന്നെക്കൊണ്ടളക്കുന്നു. കൃതികൾ കൊണ്ടടയാളപ്പെടുത്തുന്നു. ഉണർന്നു ജീവിക്കുന്ന ഒരു കലാകാരന്റെ ആത്മകഥയാണ് ചരിത്രം ...

എം. എൻ വിജയൻ
അവതാരിക- ബഷീർ
സമ്പൂർണ കൃതികൾ

- ഈ നിരീക്ഷണം കഥാവായനയുടെ കോഡീകരണമായി ഉപയോഗിക്കാം.

## അനുഭവത്തിന്റെ കൊടുമുടികൾ

അലച്ചിലിന്റെ ചരിത്രമാണ് ബഷീറിന്റെ കല. അലഞ്ഞില്ലെങ്കിൽ ബഷീറില്ല. എസ്.കെ. പൊറ്റെക്കാട്ടിന്റെ യാത്രകൾ പോലെയല്ല. അതിനൊക്കെ കൃത്യമായ ആസൂത്രണവും ലക്ഷ്യവും സജ്ജീകരണങ്ങളും ഉണ്ടായിരുന്നു. എന്നാൽ ബഷീർ ജീവിതത്തിന്റെ യാദൃച്ഛികതകളിലൂടെ, വിസ്മയങ്ങളിലൂടെ എങ്ങെന്നില്ലാതെ നടന്നുപോയി. വേട്ടനായ പോലെ ജീവിതം അദ്ദേഹത്തിന് പിന്നിലുണ്ടായിരുന്നു. പി. കുഞ്ഞിരാമൻ നായരെപ്പോലെ അലഞ്ഞുകൊണ്ടേയിരിക്കാൻ പ്രേരിപ്പിക്കുന്ന അവധൂതത്വം ബഷീറിലുമുണ്ടായിരുന്നു.

മലയാളത്തിൽ മറ്റൊരു എഴുത്തുകാരനും സാധിക്കാത്ത വിധത്തിൽ ബഷീർ ജീവിതത്തെ ഉഴുതുമറിച്ചു. ട്യൂഷൻ മാസ്റ്റർ, കൈനോട്ടക്കാരൻ, കണക്കപ്പിള്ള, മരുന്നുവിൽപ്പനക്കാരൻ, ലൂംഫിറ്റർ, മിൽത്തൊഴിലാളി, ഖലാസി, ഗേറ്റ് കീപ്പർ, സ്വാതന്ത്ര്യസമരസേനാനി, ഭീകരവാദി, ക്ഷുരകൻ, യാചകൻ, പാചകക്കാരൻ, പത്രവിൽപ്പനക്കാരൻ, പത്രാധിപർ, ഗുസ്തിക്കാരൻ, മാജിക്ക്കാരന്റെ ശിങ്കിടി, സ്പോർട്സ് സാധനങ്ങളുടെ ഏജന്റ്, ട്രാവലിങ് ഏജന്റ്, സന്ന്യാസി, സൂഫി, എഴുത്തുകാരൻ, ഹോട്ടൽ തൊഴിലാളി എന്നിങ്ങനെ എന്തെന്ത് വൈവിധ്യങ്ങളിലൂടെയാണ് ബഷീർ കടന്നുപോയത്! ഈ നാനാത്വം ബഷീറിന്റെ അനുഭവലോകത്തെയും രചനാലോകത്തെയും സമൃദ്ധമാക്കി.

മനുഷ്യവാസമില്ലാത്ത മരുഭൂമികളിലും മലകളിലും ഗുഹകളിലും കടൽക്കരകളിലും നിലാവ് നിറഞ്ഞ പെരുവഴിയിലും എത്തും പിടിയും കിട്ടാത്ത അനുഭവങ്ങൾ തനിക്കുണ്ടായിട്ടുണ്ടെന്ന് ബഷീർ എഴുതി.

ഒരു ദിവസം താൻ യാചകനായി ജീവിച്ചുവെന്ന് ബഷീർ എഴുതി. ക്ഷുരകനായി ജീവിച്ച കാലത്തിന്റെ ഓർമകൾ ബഷീർ ഒരു ലേഖനത്തിൽ വിവരിച്ചിട്ടുണ്ട്. ഉപ്പുസത്യഗ്രഹത്തിൽ പങ്കെടുത്ത് കണ്ണൂർ

സെൻട്രൽ ജയിലിൽ കഴിയുന്ന കാലമാണ്. ബഷീർ എഴുതുന്നു: "ഞാൻ അന്ന് ജയിലിൽ മുഴുവൻ നടക്കുമായിരുന്നു. അന്നു ഞാൻ വളരെ തിരക്കുള്ള ഒരു ബാർബർ ആയിരുന്നു... കണ്ണൂർ സെൻട്രൽ ജയിലിൽ വച്ച് ഞാൻ മുൻചൊന്ന മഹാക്ഷുരകന്റെ ശിഷ്യനായി. അദ്ദേഹം എനിക്ക് കത്രികയും ചീപ്പും ബ്രഷും കത്തിയും കല്ലു മൊക്കെ തന്നു. ഞാൻ പുതിയ ചെരപ്പിയായി. ഞാൻ ഒരുപാട് മഹത്തുക്കളുടെ തലകൾ ശരിപ്പെടുത്തിയിട്ടുണ്ട്. മിക്കതും ഹിന്ദുക്കളുടേതാണ്. അവരാണ് എനിക്ക് കൂടുതൽ പ്രോത്സാഹനം തന്നത്."

ബഷീറിന്റെ രചനകളിലെ അനുഭവങ്ങളെ നാലുഘട്ടങ്ങളായി വിഭജിക്കാം. കുട്ടിക്കാലത്തിലേയും രാഷ്ട്രീയകാലത്തിലേയും സഞ്ചാരകാലത്തിലേയും കുടുംബജീവിത കാലത്തിലേയും അനുഭവങ്ങളെ വെവ്വേറെ വായിച്ചെടുക്കാം. ബാല്യകാലസഖി, പാത്തുമ്മായുടെ ആട് തുടങ്ങിയ കൃതികളിൽ ബഷീറിന്റെ കുട്ടിക്കാല ഓർമകളുണ്ട്.

ആനപ്പൂട, അജ്ഞാതമായ ഭാവിയിലേക്ക് തുടങ്ങിയ കഥകളിലും ബാല്യകാലം ഉണ്ട്. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതിന്റെയും ജയിലിൽ കിടന്നതിന്റെയും നിരവധി അനുഭവങ്ങൾ ബഷീർകൃതികളിൽ വായിക്കാവുന്നതാണ്. 'എന്റെ വലതുകൈ' എന്ന കഥയിൽ ജയിലിൽ കഴിയുന്ന കാലത്തെ പൊള്ളുന്ന ഒരു ഓർമയാണുള്ളത്. ഗാന്ധിജിയെ തൊട്ട അനുഭവം 'അമ്മ'യിലുണ്ട്. ടൈഗർ, പോലീസുകാരന്റെ മകൾ, ഇടിയൻ പണിക്കർ തുടങ്ങിയ കഥകൾ കൊല്ലം കസബ സ്റ്റേഷനിലെ ലോക്കപ്പിൽ കിടന്നെഴുതിയതാണ്. 'മതിലുകൾ' ജയിലിന്റെ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട നോവലാണ്.

ഗാന്ധിജി മരിച്ചപ്പോൾ റേഡിയോവിൽ നെഹ്റുവിന്റെ പ്രസംഗം കേൾക്കാൻ എറണാകുളത്തേക്ക് ഓടിപ്പോയതിന്റെ ചരിത്രം 'എന്റെ വലതുകൈ' എന്ന കഥയിലുണ്ട്. വത്സരാജനിൽ ബഷീർ എഴുതി–:

"പണ്ട് യുവാവായിരുന്ന കാലത്ത് ഞാൻ വൈക്കം ഇംഗ്ലീഷ് സ്കൂളിൽ പഠിക്കുമ്പോൾ എന്റെ പെറ്റമ്മയുടെ കൈയിൽ നിന്ന് ഒരു ഗ്ലാസ് വെള്ളം വാങ്ങിക്കുടിച്ചിട്ട് ആരോടും ഒന്നും പറയാതെ വീട്ടിൽ നിന്ന് ഒളിച്ചോടി. വിദൂരമായ കോഴിക്കോട്ടു വന്ന് ഉപ്പുസത്യാഗ്രഹത്തിൽ പങ്കുകൊണ്ട് ബ്രിട്ടീഷ് ഗവൺമെന്റിന്റെ നിശ്ചിത നിയമം ലംഘിച്ച് രാഷ്ട്രീയസമരത്തിൽ പങ്കുകൊണ്ട് അടിയും ഇടിയും വാങ്ങി ജയിൽശിക്ഷ അനുഭവിച്ചു."

കണ്ണൂർ ജയിലിൽ ബഷീർ കഴിയുന്ന കാലത്താണ് ഭഗത്സിങ്ങിനെ തൂക്കിക്കൊല്ലുന്നത്. ഗാന്ധിജിയുടെ സഹനസമരമാർഗത്തിൽ വിശ്വാസം നഷ്ടപ്പെട്ട ബഷീർ ജയിൽമോചിതനായശേഷം എറണാകുളത്തെത്തി. വാനരസേന എന്ന പേരിൽ ഭീകരസംഘം രൂപീകരിച്ചു. 'ഉജ്ജീവനം വാരിക' നടത്തി. അക്കാലത്ത് അറസ്റ്റ് വാറണ്ട് ഉണ്ടായപ്പോൾ കേരളം വിട്ടു. നീണ്ട കാലത്തെ യാത്രയുടെ തുടക്കമായിരുന്നു. ഉത്തരേന്ത്യയിലെ മിക്ക നഗരങ്ങളിലും ബഷീർ താമസിച്ചു. വിജനമായ മരുഭൂമികളിലൂടെ അലഞ്ഞു. കപ്പൽ ജോലിക്കാരനായി ആഫ്രിക്കയുടെയും അറേബ്യയുടെയും തീരങ്ങളിലൂടെ സഞ്ചരിച്ചു.

സിയാൽകോട്ടിൽ സ്പോർട്സ് സാധനങ്ങളുടെ ഏജന്റായി പ്രവർത്തിക്കുന്ന കാലത്താണ് ബഷീർ നാട്ടിലേക്ക് തിരിച്ചുവരുന്നത്. പിന്നെ എഴുത്തിൽ സജീവമായി. അനുഭവത്തിന്റെ നാലാം ഘട്ടം 'സെൽഫിച്ചികൾ' എന്ന കുടുംബകഥയിൽ നിന്നു തുടങ്ങുന്നു. സ്വർണമാല, തങ്കമോതിരം തുടങ്ങിയ കഥകളിലും പാത്തുമ്മായുടെ ആട്, മാന്ത്രികപ്പൂച്ച തുടങ്ങിയ നോവലുകളിലും യാത്രകളവസാനിപ്പിച്ച് കുടുംബജീവിതത്തിൽ ബദ്ധനായ ബഷീറാണുള്ളത്.

ബഷീറിനെ അനുകരിക്കാൻ മലയാളത്തിൽ ആർക്കുമായിട്ടില്ല. പക്ഷേ, ബഷീർ പറയുന്നത് നോക്കുക: ഞാൻ എഴുതിയിട്ടുള്ളമാതിരി കഥകൾ ആർക്കും പ്രയാസം കൂടാതെ എഴുതാവുന്നതാണല്ലോ... അതിന് വലിയ ബുദ്ധിയും ഭാവനയും അറിവും ഒന്നും ആവശ്യമില്ല. ചുമ്മാ എവിടെയെങ്കിലും കുത്തിയിരുന്ന് എഴുതിയാൽ മതി. അനുഭവങ്ങൾ ചിരിപ്പിടിയോളമുണ്ടല്ലോ. അതെല്ലാം കാച്ചിയാൽ മതി."

അതെ, അനുഭവങ്ങളാണ് പ്രധാനം. ബഷീറിന്റെ പേന ബഷീറിന്റെ അനുഭവങ്ങൾ തന്നെ. ആ അനുഭവാഖ്യാനങ്ങളിൽ നിന്നും എം.എൻ. വിജയൻ പറഞ്ഞപോലെ അനുഭവങ്ങളുടെ എത്ര വൻകരകളാണ് പൊങ്ങിവന്നത്!

**അംബികാസുതൻ മാങ്ങാട്**

### അമ്മയെപ്പറ്റി ഖലീൽജിബ്രാൻ

മനുഷ്യവംശത്തിന്റെ ചുണ്ടിൽ വിളങ്ങുന്ന
ഏറ്റവും മനോഹരമായ പദമാണ് അമ്മ
ഏറ്റവും ചേതോഹരമായ വിളിയാകട്ടെ, അമ്മേ എന്നുള്ളതും.
സ്നേഹവും പ്രത്യാശയും നിറഞ്ഞുനിൽക്കുന്ന ഒരു പദമാണത്
ദുഃഖത്തിൽ സാന്ത്വനമാണമ്മ
ദുരിതത്തിലെ പ്രത്യാശയും ദൗർബല്യത്തിൽ കരുത്തുമാണവൾ

പ്രകൃതിയിലെ ഓരോന്നും
അമ്മയുടെ ഭാഷയിൽ സംസാരിക്കുന്നു
സൂര്യൻ ഭൂമിയുടെ അമ്മയാണ്.
ഭൂമിക്കത് ഹൃദയം കൊണ്ടു പോഷണം നൽകുന്നു.

ഭൂമി മരങ്ങളുടെയും പൂക്കളുടെയും അമ്മയാണ്
ഭൂമി അവരെ സൃഷ്ടിക്കുന്നു പരിപാലിച്ചു വളർത്തുന്നു.

അതിനുശേഷം
സ്വതന്ത്രരാക്കുന്നു.
മരങ്ങളും പൂക്കളുമാകട്ടെ, ഫലങ്ങളുടെയും വിത്തുകളുടെയും
കരുണാമയികളായ അമ്മമാരാകുന്നു.
അമ്മ സമസ്ത അസ്തിത്വങ്ങളുടെയും ആദിരൂപമാണ്
സൗന്ദര്യവും സ്നേഹവും നിറഞ്ഞ അനന്തചൈതന്യമാണമ്മ.

എന്റെ അഭിസംബോധന കേട്ട് ഓടിയെത്തി ആദ്യമായി ആശ്ലേഷിച്ചാശ്വസിപ്പിച്ചത് ആരാണ്...! ഒരദൃശ്യശക്തിയുടെ അന്തഃശ്ചോദനയാൽ ഒരു ഉല്ബമായി ഉടലെടുത്ത എന്നെ ഗർഭഭാരഭരണ ക്ലേശങ്ങൾ വകവെക്കാതെ വളർത്തിക്കൊണ്ടുവന്ന് ഈ വിശ്വരംഗത്തിലേക്കെത്തിച്ച മാതൃത്വത്തിന്റെ മുമ്പിൽ എന്റെ സാഷ്ടാംഗപ്രണാമം.

എന്റെ ആയുസ്സിനും ശ്രേയസ്സിനും സ്വത്വം മറന്ന് ശുശ്രൂഷിച്ചു വളർത്തിയതവരാണ്. അച്ഛൻ, അമ്മ, കാക്ക, പൂച്ച ഇങ്ങനെ ഓരോന്നിനെയും ചൂണ്ടിക്കാട്ടി ഈ വിസ്തൃത പ്രപഞ്ചത്തെ പരിചയപ്പെടുത്തിത്തന്നതവരാണ്. ശുഷ്കങ്ങളായ വൈദിക ക്രിയകൾകൊണ്ടു വാടിത്തളർന്നെത്തുമ്പോൾ സ്നേഹാർദ്രമായ പുഞ്ചിരിതൂകി കുളുർപ്പിച്ചതവരാണ്. അമ്മ!

*വി.ടി. ഭട്ടതിരിപ്പാട് - കർമ്മവിപാകം (ആത്മകഥ)*

1892 നവംബർ 2ന് സ്വാമി വിവേകാനന്ദൻ ആത്മസുഹൃത്തായ ഖേത്രി മഹാരാജാവിനെഴുതിയ കത്തിൽ നിന്ന് ചില വരികൾ:

"... എന്റെ ജീവിതത്തിലെ വളരെ പ്രധാനപ്പെട്ട ഒരു കാര്യം തിരുമനസ്സിനെ അറിയിക്കാൻ വേണ്ടിയാണ് ഇന്ന് ഞാനീ കത്തെഴുതുന്നത്. അങ്ങയുടെ മുമ്പിൽ എന്റെ മനസ്സ് തുറക്കുന്നതിൽ എനിക്കു ലവലേശം ലജ്ജയില്ല. വലിയൊരു പാപബോധം എന്റെ മനസ്സിനെ സദാ നീറ്റിക്കൊണ്ടിരിക്കുന്നു. ഈ ലോകത്തെ സേവിക്കാനായി ഞാൻ എന്റെ പെറ്റമ്മയെ അവഗണിച്ചു. എനിക്ക് അമ്മയെ കുറച്ചുകാലമെങ്കിലും സേവിക്കുകയും ശുശ്രൂഷിക്കുകയും വേണം. അതാണ് എന്റെ അവസാനത്തെ ആഗ്രഹം. എനിക്ക് എന്റെ അമ്മയുടെ കൂടെ താമസിക്കണം. ഇപ്പോൾ അവർ താമസിക്കുന്നത് ഒരു ചെറ്റപ്പുരയിലാണ്. ചെറുതെങ്കിലും മാന്യമായ ഒരു വീട് അവർക്കുവേണ്ടി പണിയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അതിനായി ഞാൻ അങ്ങയോട് അപേക്ഷിക്കട്ടെ..."

*വിവേകാനന്ദ സാഹിത്യസർവസ്വം-കത്തുകൾ*

## പാഠവിശകലനം

**ആശയം സംഗ്രഹിക്കുക**

ജിബ്രാന്റെ കവിത, വി.ടി.യുടെ കുറിപ്പ്, വിവേകാനന്ദന്റെ കത്ത് ഇവയിലേതെങ്കിലും ഒന്ന് അധ്യാപിക പരിചയപ്പെടുത്തുന്നു. വായനയിലൂടെ ആശയം കണ്ടെത്തുന്നു. ഉചിതമായ ചോദ്യങ്ങൾ ഉന്നയിച്ച് അധ്യാപിക ചർച്ച നയിക്കുന്നു.

- ആരെക്കുറിച്ചാണ് ഇവിടെ വിവരിക്കുന്നത്?
- കവിയുടെ/മകന്റെ എന്തു മനോഭാവമാണിവിടെ തെളിയുന്നത്?
- സമാനമായ ചിന്തകൾ ബഷീറിലും കണ്ടെത്താനാവുമോ?
- കഥയുടെ ആരംഭവും അവസാനവും എങ്ങനെയാണ്?
- കഥയുടെ ശീർഷകം എന്താണ് പറയുന്നത്?

കുട്ടികളുടെ കണ്ടെത്തലുകൾ അധ്യാപിക ക്രോഡീകരിക്കുന്നു.

- അമ്മയെക്കുറിച്ചാണ് വിവരിക്കുന്നത്.
- അമ്മയോടുള്ള കടപ്പാട്, മാതൃത്വത്തിനുമുന്നിൽ വിനീതരാവുന്നു.
- ബഷീർ അമ്മയെ അഗാധമായി ആദരിക്കുന്നു.
- അമ്മയുടെ എഴുത്തിൽ തുടങ്ങി അമ്മയുടെ എഴുത്തിൽ അവസാനിക്കുന്ന കഥ.
- കഥ അമ്മതന്നെയാണ്. മാതാവും മാതൃഭൂമിയും ശീർഷകവും അമ്മ തന്നെ.

തുടർന്ന് ബഷീർ തന്റെ അമ്മയിൽ കണ്ടെത്തിയ സവിശേഷതകൾ കുറിക്കാം.

- ദാഹിച്ചുമോഹിച്ചുണ്ടായ സന്താനത്തെ വളർത്തി വലുതാക്കുന്നു.
- കാണാനാഗ്രഹിക്കുന്നു. അടുത്തുണ്ടാവാനാഗ്രഹിക്കുന്നു.
- വ്യാകരണമോ വടിവോ ഇല്ലാത്ത എഴുത്ത്, പൊതുകാര്യങ്ങളിലെ അജ്ഞത.
- ഭക്ഷണമൊരുക്കി ഉറങ്ങാതെ കാത്തിരിക്കുന്ന രാത്രികൾ.
- ഭാരതത്തിലെങ്ങുമുള്ള അമ്മമാരുടെ പൊതുമനസ്സ്.

കുട്ടികളുടെ കുറിപ്പുകൾ കൈമാറി വിലയിരുത്തട്ടെ. കൂടുതൽ നിരീക്ഷണങ്ങൾ ചേർത്ത് മെച്ചപ്പെടുത്തട്ടെ. മെച്ചപ്പെടുത്തിയ രചനകൾ പൊതുവായി അവതരിപ്പിക്കട്ടെ.

**കഥാവിശകലനം തയാറാക്കുക**

അധ്യാപിക കഥയിലെ ചില വാക്യങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

- "അവിടെ നിന്റെ ആരാ ഉള്ളത്?" അദ്ദേഹം നീണ്ടുനിവർന്ന് 'പടപടോ'ന്ന് ഒരാ റെണ്ണം എന്റെ കൈവെള്ളയിൽ. "ഇനിപോകരുത്! മനസ്സിലായോടാ?"
- അന്നു ഞങ്ങൾക്ക് ആഹാരം കിട്ടിയില്ല. രാത്രിഭയങ്കരമായ തണുപ്പായിരുന്നു. കിടക്കാൻ പായ ഉണ്ടായിരുന്നില്ല. പിറ്റേദിവസം കാലത്തെഴുന്നേറ്റപ്പോൾ ഓരോ രുത്തരുടെയും മുഖം നീരുകെട്ടി വീങ്ങിയിരുന്നു. ഞങ്ങൾക്കു തീരെ നടക്കാൻ വയ്യായിരുന്നു.
- "നിങ്ങളാണോ സത്യഗ്രഹി?" എന്നിട്ട് ഗാന്ധിജിയുടെ പല്ലുപോയ കഥ പറഞ്ഞു കേൾപ്പിച്ചു.
- ഞാൻ ഒന്നും പറഞ്ഞില്ല. ഞാൻ ആകെ വിങ്ങിപ്പൊട്ടി. ലോകമെല്ലാം ഉറങ്ങിക്കി ടക്കുകയാണ്. എന്റെ മാതാവുമാത്രം ഉറക്കമിളച്ചിരിക്കുന്നു.

? ഈ സന്ദർഭങ്ങളിൽ നിന്ന് മനസ്സിലാവുന്നത് എന്തെല്ലാമാണ്?

- ബഷീറിന്റെ അനുഭവങ്ങളാണിവ.
- ശാരീരികമായ പീഡാനുഭവങ്ങൾ സഹിക്കുന്നു.
- അമ്മയെക്കുറിച്ചോർത്ത് മാനസികമായി നീറുന്നു.
- ആദർശശുദ്ധി ചോദ്യം ചെയ്യപ്പെടുന്ന നിമിഷങ്ങൾ

- സത്യസന്ധമായ ആഖ്യാനം, അലങ്കാരമില്ലാത്ത ഭാഷ. ഹൃദയത്തിൽ തൊടുന്ന വാക്കുകൾ.

ചർച്ചയിലൂടെ കുട്ടികൾ കണ്ടെത്തിയ ആശയങ്ങൾ അധ്യാപിക ക്രോഡീകരിക്കുന്നു. തുടർന്ന് 'ബാല്യകാലസഖി'യെപ്പറ്റി എം.പി. പോൾ നടത്തിയ പ്രസിദ്ധമായ നിരീക്ഷണം പ്രദർശിപ്പിക്കുന്നു.

"ഇത് ജീവിതത്തിൽ നിന്നു ചീന്തിയെടുത്ത ഒരേടാണ്; വക്കിൽ ചോര പൊടിഞ്ഞിരിക്കുന്നു."

ജീവിതത്തിൽ നിന്നു ചീന്തിയെടുത്തത് - ജീവിതത്തിലെ അനുഭവങ്ങൾ

വക്കിൽ ചോരപൊടിഞ്ഞിരിക്കുന്നു - വേദനാകരമായ അനുഭവങ്ങൾ

- പച്ചയായ ആഖ്യാനം

ഈ വിശേഷണങ്ങൾ ബഷീറിന്റെ 'അമ്മ' എന്ന കഥയ്ക്കു യോജിക്കുമോ?

- കഥ വിശകലനം ചെയ്ത് കുറിപ്പു തയാറാക്കുക.

തയാറാക്കിയ കുറിപ്പുകൾ കുട്ടികൾ സ്വയം വിലയിരുത്തി മെച്ചപ്പെടുത്തട്ടെ. മെച്ചപ്പെടുത്തിയ രചനകൾ പോർട്ട്ഫോളിയോയിലേക്ക്.

**മനോഭാവം കുറിക്കുക**

കഥാസന്ദർഭം ക്ലാസിൽ പ്രദർശിപ്പിക്കുന്നു.
("എന്നെ പ്രസവിച്ച ..... പ്രതീക്ഷിക്കുന്നില്ല")
കഥാവായനയിൽ നിന്നു ലഭിച്ച ആശയങ്ങൾ വച്ച് കുട്ടികൾ പ്രതികരിക്കട്ടെ.

സൂചനകൾ:-

- അമ്മയോടുള്ള ബന്ധം.
- സ്വാതന്ത്ര്യസമരത്തിന്റെ തീവ്രത.
- ബഷീറിന്റെ രാജ്യസ്നേഹം.
- കുടുംബബന്ധങ്ങളെക്കാൾ ശക്തമായ രാജ്യസ്നേഹം.
- സ്വാതന്ത്ര്യസമരസേനാനികളുടെ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾ.
-
-

സൂചനകളുടെ അടിസ്ഥാനത്തിൽ ചർച്ച.

വീട് എന്ന ഇത്തിരിവട്ടത്തിൽനിന്ന് നാട് എന്ന വിശാലതയിലേക്കു മനസ്സു വളരുമ്പോഴാണ് പിറന്ന നാടിനെ പെറ്റമ്മയെപ്പോലെ കാണാനാവുന്നത്. വീട്ടിലെ പ്രയാസങ്ങൾ മക്കളാണ് പരിഹരിക്കേണ്ടത്. നാടിന്റെ ദുരിതം തീർക്കാനുള്ള കടമ അതേ അളവിൽ തനിക്കുണ്ട് എന്ന ചിന്തയാണ് ബഷീറിന്റെ ദേശസ്നേഹം.

- അമ്മയെപ്പോലെ ഭാരതവും തന്നെ പ്രതീക്ഷിക്കുന്നുണ്ടെന്ന ബഷീറിന്റെ വാക്കുകളിൽ തെളിയുന്ന മനോഭാവം കുറിക്കുക.

ചർച്ചയിലൂടെ രൂപപ്പെട്ട ആശയങ്ങൾ കുറിപ്പാക്കട്ടെ.

അവതരണം/മെച്ചപ്പെടുത്തൽ

വിലയിരുത്തൽ

കുട്ടികൾ വായിച്ച് അവതരിപ്പിക്കട്ടെ.

- ഗാന്ധിജിയെ വായിച്ചറിയുന്നു.
- ഗാന്ധിജിയുടെ ചിന്തകളുമായി യോജിക്കുന്നു.
- ഗാന്ധിജിയെ സ്വീകരിക്കുന്നതിന്റെ ആവേശം.
- ഗാന്ധിജിയെ തൊട്ടറിയുന്നു.
- ആശ്രമത്തിൽ പോകുന്നു, ഖദർ ധരിക്കുന്നു.
- അമ്മയോട് ഗാന്ധിജിയെപ്പറ്റി സംസാരിക്കുന്നു.
- ഗാന്ധിജിയുടെ ദണ്ഡിസമരപ്രഖ്യാപനം കേട്ട് ആവേശമുൾക്കൊള്ളുന്നു.
- വീടുവിട്ടിറങ്ങി ഉപ്പുസത്യഗ്രഹത്തിൽ പങ്കെടുക്കുന്നു.
- നിരാഹാരസമരം, സത്യാഗ്രഹസമരം എന്നീ ഗാന്ധിയൻ സമരപാതകൾ സ്വീകരിക്കുന്നു.
- ഹിംസ ഉപേക്ഷിക്കാൻ തയാറാവുന്നു.
- ഗാന്ധിജിയോടുള്ള ആരാധന ബഷീറിന്റെ ജീവിതത്തെ എങ്ങനെയെല്ലാം സ്വാധീനിച്ചു എന്ന് ഈ ചർച്ചയുടെ വെളിച്ചത്തിൽ നിരീക്ഷണക്കുറിപ്പ് തയാറാക്കുക.

ചർച്ചയിലെ പങ്കാളിത്തവും കുറിപ്പും നിരന്തരമൂല്യനിർണയത്തിന് ഉപയോഗിക്കാം.

**വിലയിരുത്തൽക്കുറിപ്പ് തയാറാക്കുക**

"അങ്ങനെ ഞാനും പോയി. ആരോടും ചോദിക്കാതെ, വിദ്യാഭ്യാസം ഉപേക്ഷിച്ച് കോഴിക്കോട്ടേക്കു പോയി. അന്നു സന്ധ്യയ്ക്ക് എന്റെ അമ്മ അടുക്കളയിൽ ആഹാരം പാകം ചെയ്കയായിരുന്നു. അമ്മ ഒന്നും അറിഞ്ഞിരുന്നില്ല. ഞാൻ അമ്മയോട് ഒരു ഗ്ലാസ് വെള്ളം അവസാനമായി വാങ്ങിക്കുടിച്ച് ഉമ്മായെ ഒന്നു നോക്കിയിട്ട് ഇറങ്ങി നടന്നു."

അധ്യാപിക ഈ വരികളിലേക്കു കുട്ടികളുടെ ശ്രദ്ധ ക്ഷണിക്കുന്നു. തുടർന്ന് ചോദ്യങ്ങളിലൂടെ ചർച്ച നയിക്കുന്നു.

- വീടു വിട്ടിറങ്ങാൻ ബഷീറിനെ പ്രേരിപ്പിച്ചതെന്താണ്?
- വീട്ടിലെ സുഖസൗകര്യങ്ങൾ പുറത്തു കിട്ടുന്നുണ്ടോ?
- ഈ തീരുമാനമെടുക്കുമ്പോൾ ബഷീറിന്റെ പ്രായം എത്രയായിരുന്നു?
- ഈ പ്രായത്തിലെ കുട്ടികൾ സ്വാഭാവികമായി ചിന്തിക്കുന്നതെന്തായിരിക്കും?
- ബഷീർ അന്നത്തെ സാഹചര്യത്തിൽ മാതൃകാപരമായാണോ പ്രവർത്തിച്ചത്?

കുട്ടികളുടെ നിരീക്ഷണങ്ങൾ അധ്യാപിക ഉചിതമായി ക്രോഡീകരിക്കുന്നു.

- ദേശീയബോധമാണ് ബഷീറിനെ വീടുവിട്ടിറങ്ങാൻ പ്രേരിപ്പിച്ചത്.
- മുള്ളുനിറഞ്ഞ സമരപാത സ്വയമറിഞ്ഞു സ്വീകരിച്ചു.
- ബഷീർ ജനിച്ചത് 1908–ൽ. ഉപ്പുസത്യഗ്രഹം നടക്കുന്നത് 1930–ൽ.
- വ്യക്തിപരമായ സുഖലാഭങ്ങളാണ് കൗമാരക്കാർ തേടുന്നത്.
- വിദ്യാർഥി സാമൂഹികബോധമുള്ളവനായിരിക്കണം. സാമൂഹികപ്രതിബദ്ധതയും പ്രതികരണ സന്നദ്ധതയും നല്ല വിദ്യാർഥിയുടെ ലക്ഷണങ്ങളാണ്.
- ദേശീയപ്രസ്ഥാനകാലത്ത് സാമൂഹികസാഹചര്യങ്ങളോട് ശക്തമായി പ്രതികരിക്കുന്ന ഒരു വിദ്യാർഥിയായിരുന്നു ബഷീർ. ഈ പ്രസ്താവന വിലയിരുത്തി കുറിപ്പ് തയാറാക്കുക.

ചർച്ചയിലൂടെ രൂപപ്പെട്ട ആശയങ്ങൾ ഉൾപ്പെടുത്തി കുട്ടികൾ കുറിപ്പ് തയാറാക്കട്ടെ. അവതരണം – വിലയിരുത്തൽ – മെച്ചപ്പെടുത്തൽ

വിലയിരുത്തൽ സൂചകങ്ങൾ

- പ്രസക്തപരമായ ഒതുക്കം കാണുന്നുണ്ട്
- കഥയിലെ സന്ദർഭങ്ങൾ ഉദാഹരിച്ചിട്ടുണ്ട്.
- അനുഭവങ്ങളുടെ തീക്ഷ്ണത, ആഖ്യാനത്തിന്റെ അകൃത്രിമത്വം എന്നിവ ചർച്ച ചെയ്തിട്ടുണ്ട്.
- ആമുഖവും സ്വന്തം നിരീക്ഷണവും ഉൾപ്പെടുത്തിയിട്ടുണ്ട്.
- ഭാഷാപരമായ ഒതുക്കം കാണുന്നുണ്ട്.

**പ്രയോഗസവിശേഷത കണ്ടെത്തുക.**

ഭാഷയുടെ വാമൊഴിച്ചന്തവും നാട്ടുമൊഴിയുടെ അകൃത്രിമപ്രാവീണ്യവും ബഷീർക്കഥകളുടെ മുഖമുദ്രകളാണ്. കഥയെഴുതുകയല്ല, കഥപറയുകയാണദ്ദേഹം. അംഗവിക്ഷേപങ്ങൾ, ഭാവഹാവാദികൾ, ശബ്ദക്രമീകരണങ്ങൾ എന്നിങ്ങനെ വചനഭാഷയുടെ ലാവണ്യഘടകങ്ങളെല്ലാം അദ്ദേഹത്തിന്റെ എഴുത്തിലും ഉൾച്ചേർന്നിരിക്കുന്നു.

ആശയങ്ങളെ സൂചകശബ്ദം കൊണ്ടു വിവരിക്കുന്ന ഭാഷാതന്ത്രം നോക്കാം. വാമൊഴിയിലാണ് ഇവ കൂടുതലായിക്കാണുന്നത്.

'കിണികിണി' എന്ന ശബ്ദം കേട്ടാൽ 'സൈക്കിൾ' എന്ന ആശയം നമുക്കുണ്ടാകും.

മരത്തിൽ കയറിയവൻ താഴെ വീഴുന്നത് – 'പിതുക്കോ'ന്നു വീണു.

കൈയിലിരുന്ന പാത്രം നിലത്തുവീണു – 'പടോ'ന്നു വീണു.

വെടിപൊട്ടുന്ന ശബ്ദം – ഠേ, ഠേ എന്നു പൊട്ടി.

കഥകളിക്കാരൻ അതിവേഗം പുരികം ഇളക്കി – ഊർർർന്ന് പുരികം ഇളക്കി.

ഒരു സംഭാഷണ സന്ദർഭം നോക്കാം:

ഗായത്രി കുടുകുടാന്ന് വിയർത്തു എന്നല്ലേ പറഞ്ഞത്...?

അതേ..!

അവളുടെ തലമുടി പറപറാന്ന് പറക്കുകയുമാണ്.

അതു ഞാൻ ഓടിയിട്ടാ...

ഇനി ഇപ്പോ ഇവിടെക്കിടന്ന് കലാപിലാന്ന് ബഹളം വയ്ക്കും. അല്ലേ...?

അവളുടെ മുഖം തുടുതുടാന്ന് ചുമന്നിരിക്കുന്നു.

(അവലംബം: ഭാഷാകേളി : ടി.കെ. അച്യുതൻ)

കുടുകുടാ, പറപറാ, കലപിലാ, തുടുതുടാ മുതലായ ശബ്ദങ്ങൾ ഉപയോഗിച്ച് സന്ദർഭാനുസരണം ആശയങ്ങളെ മിഴിവോടെ വിവരിക്കാൻ വാമൊഴി ഭാഷയിൽ സൗകര്യങ്ങളുണ്ട്. എഴുത്തു ഭാഷയിലും ഈ സാധ്യത ബഷീർ പരീക്ഷിക്കുന്നു.

- മസിലിനു ബലമില്ല, പിളുപിളുപ്പ്.
- പടപടോന്ന് ഒരാറെണ്ണം എന്റെ കൈവെള്ളയിൽ.

ഇത്തരം പ്രയോഗങ്ങൾ ആഖ്യാനശൈലിയെ ആകർഷകമാക്കുന്നതെങ്ങനെ....?

– വായനക്കാരിൽ അനുഭവവേദ്യത വർധിപ്പിക്കുന്നതിന് പ്രവൃത്തിയോട് സാമ്യംപുലർത്തുന്ന ചിലശബ്ദങ്ങൾ ഭാഷയിൽ പ്രയോഗിക്കാറുണ്ട്. ഇത് വായനക്കാരിൽ കൗതുകം ആസ്വാദ്യതയും വർധിപ്പിക്കുന്നു.

യൂണിറ്റ് പ്രവർത്തനം

ശ്യാമ മേഘമേ, നീയെൻ.... പ്രേമദൂതുമായ്
ദൂരെ പോയ് വരൂ....

ചിത്രം – സമയമായില്ലപോലും രചന – ഒ.എൻ.വി. കുറുപ്പ്

(കാളിദാസന്റെ കൃതികളിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് രചിച്ച ഗാനങ്ങളും നൽകാവുന്നതാണ്).

സിനിമാഗാനം ക്ലിപ്പിൻ കേൾപ്പിക്കുന്നു. പാട്ടിലെ ആശയം കാളിദാസന്റെ ഏതു കൃതിയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നു കുട്ടികൾ കണ്ടെത്തട്ടെ.

എഴുത്തച്ഛനെഴുതുമ്പോൾ, എന്ന സച്ചിദാനന്ദൻകവിതയിലെ ഭാഗങ്ങളും ക്ലാസിൽ നൽകാവുന്നതാണ്. തുടർന്ന് ചർച്ചയാകാം.

**സൂചനകൾ**

കാളിദാസന്റെയും എഴുത്തച്ഛന്റെയും രചനകൾ സാഹിത്യത്തിനും കലകൾക്കും ഇന്നും പ്രചോദനം നൽകുന്നു.

- മഹത്തായ സാഹിത്യകൃതികൾ കാലത്തെ അതിജീവിക്കുന്നു.
- കാളിദാസകൃതികളുടെ സാർവത്രികമായ അംഗീകാരം.

എഴുത്തച്ഛൻ

- ഭാഷയ്ക്കു നൽകിയ സംഭാവനകൾ
- തത്ത്വചിന്ത
- മൂല്യബോധനം
-
-

ചർച്ചയുടെ അടിസ്ഥാനത്തിൽ എഴുത്തച്ഛന്റെയും കാളിദാസന്റെയും കൃതികൾ വിലയിരുത്തി ഉപന്യാസം തയാറാക്കുക.

# യൂണിറ്റ്‌വിശകലനം

**പ്രവർത്തനസമയം : 24 പിരീഡ്** **സമയം 20 മണിക്കൂർ**

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ (വ്യവഹാരരൂപങ്ങൾ/ പ്രകടിതരൂപങ്ങൾ) | വിലയിരുത്തൽ |
|---|---|---|---|---|---|
| 1 ഭാഷാവൃത്തങ്ങളുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് കവിതകൾ വായിക്കുകയും കൂടുതൽ ശേഖരിക്കുകയും ചെയ്യുന്നു. | • ലക്ഷ്മണ സാന്ത്വനം | • താളം കണ്ടെത്തുന്നു.<br>• ആസ്വാദനശേഷി മെച്ചപ്പെടുത്തുന്നു.<br>• ഭാഷാവൃത്തങ്ങളുടെ സവിശേഷത തിരിച്ചറിയുന്നു. | • ഈണം കണ്ടെത്തൽ ചൊല്ലി അവതരിപ്പിക്കൽ<br>• കണ്ടെത്തൽ | • ഈണം<br>• ഭാവത്തിന് അനുയോജ്യമായ ഈണം കണ്ടെത്തിച്ചൊല്ലുന്നു. | - ഈണം കണ്ടെത്തൽ<br>- താളം<br>- ആശയവ്യക്തത<br>- ഭാവം<br>- പങ്കാളിത്തം<br>- അക്ഷരശുദ്ധി |
| 2. മധ്യകാലഘട്ടത്തിലെ കാവ്യഭാഗങ്ങൾ വായിച്ച് അവയിലെ സാമൂഹിക പശ്ചാത്തലം, ജീവിത വീക്ഷണം, ഭാഷ എന്നിവ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു. | • ലക്ഷ്മണ സാന്ത്വനം | • ജീവിതം നശ്വരമാണ്<br>• ചുട്ടുപഴുത്ത ലോഹത്തിൽ വീണത്തുള്ളിപോലെ ക്ഷണഭംഗുരമാണ് ജീവിതം.<br>• അഹം ദേഹമാണെന്ന ചിന്ത അജ്ഞതയാണ്.<br>• ക്രോധമാണ് നാശത്തിനു കാരണം.<br>• നദിയിൽ ഒഴുകുന്ന കാഷ്ഠം പോലെ പ്രപഞ്ചബന്ധം അസ്ഥിരമാണ്. | • വിശകലനം ചെയ്യൽ<br>• കാലികപ്രസക്തി കണ്ടെത്തൽ<br>• അലങ്കാരം കണ്ടെത്തുന്നു. | • കുറിപ്പ്<br>• വിലയിരുത്തൽ കുറിപ്പ്<br>• നവിശകലനകുറിപ്പ് | - ഭാഷ<br>- പ്രയോഗ സവിശേഷത<br>- അപഗ്രഥന ശേഷി<br>- നിരീക്ഷണ പാടവം<br>- ഭാഷാശൈലി<br>- അവതരണ മികവ്<br>- ചമൽകാര ഭംഗി<br>- വിശകലനപാടവം |

# യൂണിറ്റ്‌വിശകലനം

**പ്രവർത്തനസമയം : 24 പിരീഡ്** **സമയം 20 മണിക്കൂർ**

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ (വ്യവഹാരരൂപങ്ങൾ/ പ്രകടിതരൂപങ്ങൾ) | വിലയിരുത്തൽ |
|---|---|---|---|---|---|
| • ലേഖനം, നിരൂപണം എന്നിവ വായിച്ച് അവയിലെ ഉള്ളടക്കം, രചനാപരമായ പ്രത്യേകതകൾ, ഭാഷ, നിലപാടുകൾ എന്നിവ വിശകലനം ചെയ്ത് രചനകൾ നിർവഹിക്കുന്നു. | • കാളിദാസൻ | • കാളിദാസന്റെ കാവ്യഭാവനക്ക് സവിശേഷ സൗന്ദര്യമുണ്ട്.<br>• കാലത്തെ അതിജീവിക്കുന്ന മൂല്യവും അസാധാരണമായ രചനാവൈഭവവും ഉണ്ട് | • കണ്ടെത്തി എഴുതുന്നു.<br>• ചർച്ച സമർത്ഥിക്കൽ | • കുറിപ്പ്<br>• വിശകലനക്കുറിപ്പ്<br>• ആസ്വാദനക്കുറിപ്പ് | - അവതരണരീതി<br>- ഉചിതമായ ഭാഷ<br>- അപഗ്രഥന ശേഷി<br>- നിരീക്ഷണ പാടവം<br>- ഭാഷാശൈലി<br>- അവതരണമികവ് |
| • വ്യത്യസ്ത വ്യവഹാര രൂപങ്ങളുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് ആശയങ്ങൾ അവയ്ക്കുചിതമായി അവതരിപ്പിക്കുന്നു. | • കാളിദാസൻ | • ഏറ്റവും വലിയ പർവതമായ ഹിമാലയം പോലെ ഏറ്റവും മഹാനായ കവിയാണ് കാളിദാസൻ.<br>• പ്രഭാഷണത്തിലൂടെ യുക്തിസഹമായി അവതരിപ്പിക്കുന്നു | • വിവരിക്കൽ<br>• വാചിക ആവിഷ്ക്കാരം<br>• സവിശേഷപ്രയോഗങ്ങൾ<br>• വിലയിരുത്തൽ | • തയാറാക്കിയ പ്രസംഗം അവതരിപ്പിക്കുന്നു | - അഭിസംബോധന<br>- ആമുഖം<br>- നിലപാടുകൾ<br>- ഭാഷയുടെ ഒഴുക്ക്<br>- ഉച്ചാരണ സ്ഫുടത<br>- ശരീരഭാഷ<br>- ശബ്ദവിന്യാസം |
| • ക്രിയയിൽ നിന്നുണ്ടാവുന്ന നാമപദങ്ങൾ പാഠഭാഗത്തു നിന്നു കണ്ടെത്തി അവയുടെ സവിശേഷതകൾ ചർച്ച ചെയ്യുന്നു. കൂടുതൽ ഉദാഹരണം ശേഖരിക്കുന്നു. | • കാളിദാസൻ | • ക്രിയകളിൽ നിന്നു രൂപപ്പെട്ട നാമപദങ്ങൾ ആണ് കൃത്ത് അഥവ ക്രിയാനാമം എന്ന് തിരിച്ചറിയുന്നു. | • കൃത്തുകൾ കണ്ടെത്തൽ<br>• പദങ്ങൾ വിഗ്രഹിക്കൽ | • ക്രിയാനാമങ്ങൾ കണ്ടെത്തി എഴുതുന്നു | - വാക്യസന്ദർഭങ്ങളിൽ ശരിയായ പ്രയോഗം നടത്തുന്നു. |

# യൂണിറ്റ്‌വിശകലനം

**പ്രവർത്തനസമയം : 24 പിരീഡ്** **സമയം 20 മണിക്കൂർ**

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ (വ്യവഹാരരൂപങ്ങൾ/ പ്രകടിതരൂപങ്ങൾ) | വിലയിരുത്തൽ |
|---|---|---|---|---|---|
| • വ്യത്യസ്ത കാലഘട്ടത്തിലെ കഥകൾ വായിക്കുകയും അവയുടെ ആഖ്യാനപരമായ സവിശേഷതകൾ തിരിച്ചറിയുകയും വിവിധ രചനകളിൽ ആവിഷ്കരിക്കുകയും ചെയ്യുന്നു. | • അമ്മ | • ബഷീറിന്റെ വിദ്യാർത്ഥി ജീവിതവും സ്വാതന്ത്ര്യസമര വീരഗാഥകളും അമ്മയെക്കുറിച്ചുള്ള നിരീക്ഷണങ്ങളും കുട്ടികൾക്ക് മാതൃകയാണ്. | • വിശകലനക്കുറിപ്പ് തയാറാക്കൽ | • വിശകലനക്കുറിപ്പ് | - നിരീക്ഷണ പാടവം<br>- ഭാഷാ ശൈലി<br>- വിശകലന ശേഷി |
| • വിവിധ രചനകൾ വായിച്ചും ഏർപ്പെട്ടും ആശയസമഗ്രത, ഘടന, ഉചിതമായ ഭാഷ, പ്രസക്തമായ ഉദ്ധരികൾ എന്നിവയോടെ ഉപന്യാസം തയാറാക്കുന്നു. | • കാളിദാസൻ എഴുത്തച്ഛൻ<br>• ലക്ഷ്മണ സാന്ത്വനം | • മഹത്തായ സൃഷ്ടികൾ കാലത്തെ അതിജീവിക്കുന്നവയാണെന്ന് തിരിച്ചറിയുന്നു. | • ഉപന്യാസം തയാറാക്കൽ | • ഉപന്യാസം | - തലക്കെട്ട്<br>- ആമുഖം<br>- ഉള്ളടക്കം<br>- നിഗമനങ്ങൾ<br>- ഉപസംഹാരം<br>- കാലികപ്രസക്തി |

6

# ജീവിതം പടർത്തുന്ന വേരുകൾ

## ആ മു ഖം

*സ്നേഹത്തിൽ നിന്നുദിക്കുന്നു ലോകം*
*സ്നേഹത്താൽ വൃദ്ധി തേടുന്നു*

**– കുമാരനാശാൻ**

സ്നേഹത്തിന്റെ മഹത്ത്വം പ്രകീർത്തിക്കാത്ത കവികളില്ല. കാളിദാസനും ആശാനും ജി.യും ഉള്ളൂരുമെല്ലാം സ്നേഹത്തെക്കുറിച്ച് ഏറെ പാടിയവരാണ്. സമൂഹജീവിയായ മനുഷ്യന്റെ നിലനിൽപ്പിനാധാരം തന്നെ സ്നേഹബന്ധത്തിലധിഷ്ഠിതമായ ഒരു സാമൂഹികക്രമമാണ്. ജീവിക്കുന്ന ചുറ്റുപാടിനെയും സഹജീവികളെയും സ്നേഹിക്കാനും ബഹുമാനിക്കാനും സംരക്ഷിക്കാനും ചരിത്രാതീതകാലം മുതലേ മനുഷ്യന് സാധിച്ചു. മാറിവന്ന സാമൂഹികസാഹചര്യങ്ങളിലും ആ ബന്ധം ഊട്ടിയുറപ്പിക്കാനും പ്രോജ്ജ്വലിപ്പിക്കാനും മനുഷ്യനു കഴിഞ്ഞു. ഗോത്രങ്ങളായും കൂട്ടുകുടുംബങ്ങളായും അണുകുടുംബങ്ങളായും ഒക്കെ ജീവിക്കുമ്പോഴും പരസ്പരസ്നേഹത്തിന്റെ കണ്ണി അറ്റുപോകാതിരിക്കാൻ പോയകാലത്ത് അവർ ശ്രമിച്ചുകൊണ്ടേയിരുന്നു. എല്ലാ ഇല്ലായ്മകളിലും സ്നേഹത്തിന്റെയും സാന്ത്വനത്തിന്റെയും വാതിലുകൾ അവർ തുറന്നുവച്ചു.

എന്നാൽ വർത്തമാനകാലത്തോ? ഓരോ മനുഷ്യനും തന്നിലേക്ക് ചുരുങ്ങുകയും സ്വന്തം സുഖസൗകര്യങ്ങൾ ലാക്കാക്കി പ്രവർത്തിക്കുകയും ചെയ്യുന്നു. കുടുംബബന്ധങ്ങളിൽ പോലും വിള്ളലുകൾ സംഭവിക്കുന്നു. എല്ലാ സുഖസൗകര്യങ്ങളും ഒരു ബട്ടണമർത്തുമ്പോൾ ലഭിക്കുന്ന തരത്തിലേക്ക് നവലോകം മാറുമ്പോൾ, ആധുനികസാങ്കേതികവിദ്യകൾ കൂടും കൂട്ടവുമില്ലാതെ ഒറ്റപ്പെട്ട മുറികളിൽ അവനെ തളച്ചിടുമ്പോൾ മാനവികതയുടെ വെണ്മ അവനിൽനിന്ന് അന്യമായിക്കൊണ്ടിരിക്കുന്നു. തനിക്കു ചുറ്റുമുള്ളവരെപ്പോലും കണ്ടിട്ടും കാണാതെ അവൻ ജീവിക്കുന്നു. നന്മ, കരുണ, സ്നേഹം എന്നീ ആർദ്രഭാവങ്ങൾ യാന്ത്രികതയുടെ ചൂടിൽ വറ്റിവരളുന്നു. മനുഷ്യവർഗത്തെ സർവനാശത്തിലേക്ക് നയിക്കുന്ന ഈ പ്രവണതയെ പുതുതലമുറ തിരിച്ചറിയേണ്ടതുണ്ട്. അച്ഛനമ്മമാരെയും സഹോദരങ്ങളെയും സ്നേഹിക്കാനും സഹായിക്കാനും സംരക്ഷിക്കാനുമുള്ള ഒരു മനസ്സ് അവരിൽ രൂപപ്പെടേണ്ടതുണ്ട്. സ്വജനത്തെപ്പോലെ തന്നെ സമൂഹത്തെയും പ്രകൃതിയെയും സ്നേഹിക്കാനുള്ള നന്മ നിറഞ്ഞ മനസ്സിന്റെ ഉടമകളായി പുതുതലമുറ മാറേണ്ടതുണ്ട്. ഈ ഒരു സന്ദേശം കുട്ടികളിലെത്തിക്കുക എന്നതാണ് ഈ യൂണിറ്റിന്റെ മുഖ്യ ലക്ഷ്യം. മലയാളത്തിലെ പ്രശസ്ത നോവലിസ്റ്റും കഥാകാരനുമായ തകഴി ശിവശങ്കരപ്പിള്ളയുടെ നോവൽ ‘രണ്ടിടങ്ങഴി’യിലെ ഒരു ഭാഗം, ശ്രദ്ധേയ കഥാകാരൻ യു.കെ. കുമാരന്റെ ‘ഓരോ വിളിയും കാത്ത്’ എന്ന കഥ, സമകാലികകവികളിൽ പ്രശസ്തനായ റഫീക്ക് അഹമ്മദിന്റെ ‘അമ്മത്തൊട്ടിൽ’ എന്ന കവിത എന്നിവയാണ് ഈ യൂണിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## പ്രവേശകം

കവി ഡി. വിനയചന്ദ്രന്റെ '**വേരുകൾ**' എന്ന ഒരു കൊച്ചുകഥയാണ് പ്രവേശകമായി കൊടുത്തിട്ടുള്ളത്. തലക്കെട്ടിനെ അന്വർഥമാക്കാനും ഇതര രചനകളുടെ പ്രമേയത്തിലേക്കു നയിക്കാനും പര്യാപ്തമായ ഒരു കഥയാണ് ഇത്.

കഥ കുട്ടികൾ വ്യക്തിഗതമായി വായിക്കട്ടെ.

- ചർച്ച

  തുടർന്ന് ചില ചോദ്യങ്ങളിലൂടെ അധ്യാപിക ചർച്ച നയിക്കുന്നു.

  ❖ കഥയുടെ ആശയം

  ❖ രചനാപരമായ പ്രത്യേകതകൾ

  ❖ കഥ ഓർമ്മപ്പെടുത്തുന്നത്

    - വേരുകളും ഭൂമിയും തമ്മിലുള്ള ബന്ധം.
    - ബന്ധമറ്റുപോകുമ്പോൾ എത്ര വലിയ വൃക്ഷവും അടിതെറ്റിവീഴും.
    - മനുഷ്യന്റെ നിലനിൽപ്പ്.
    - അമ്മയോടുള്ള/ഭൂമിയോടുള്ള അവന്റെ സ്നേഹം.
    - ഇതിന് വിള്ളൽ വീഴുമ്പോൾ സംഭവിക്കുന്നത്.

  ❖ ഒപ്പം യൂണിറ്റ് തലക്കെട്ടിന്റെ പ്രാഥമികചർച്ചയിലേക്കും പോകാം.

    - ചർച്ചയിൽ വരേണ്ടവ:
    -




- ചർച്ചയിലെ പങ്കാളിത്തം
- ആശയങ്ങൾ യുക്തിയുക്തം അവതരിപ്പിക്കാനുള്ള കഴിവ് എന്നിവ വിലയിരുത്തണം.

പരസ്പരസ്നേഹവും വിശ്വാസവും സഹവർത്തിത്വവുമാണ് ജീവിതത്തിൽ വേരുകൾ എന്നും അവയാണ് ജീവിതത്തെ കൂടുതൽ ദൃഢവും പവിത്രവുമാക്കിത്തീർക്കുന്നത് എന്നു ചർച്ച ക്രോഡീകരിക്കാം.

# പ്ലാവിലക്കഞ്ഞി

തകഴിയുടെ 'രണ്ടിടങ്ങഴി' എന്ന നോവലിലെ പതിനേഴാം അധ്യായമാണ് പാഠഭാഗം. അക്കൊല്ലത്തെ ആദ്യ വെള്ളപ്പൊക്കം കഴിഞ്ഞു. പണിയാളരുടെ കൈവശമുള്ളതെല്ലാം തീർന്നു. അവർ ഓണപ്പണിയിൽ ഏർപ്പെട്ടു. ആദ്യത്തെ ദിവസം കട്ടകുത്തു കഴിഞ്ഞപ്പോൾ കൂലിക്കായി ചെന്നവർക്ക് മുക്കാൽ രൂപ കൂലി ലഭിച്ചു. അന്നന്നത്തെ അത്താഴത്തിനു പോലും നെല്ല് ലഭിക്കാത്തതുമൂലം കൊടിയ പട്ടിണി അനുഭവിക്കേണ്ടി വന്ന കോരന്റെയും ചിരുതയുടെയും ജീവിതം വരച്ചുകാട്ടുകയാണ് ഈ ഭാഗത്തിലൂടെ കഥാകാരൻ.

### രണ്ടിടങ്ങഴി (നോവൽസംഗ്രഹം)

മലയാളനോവൽ സാഹിത്യത്തെ പാവപ്പെട്ട മനുഷ്യരുടെ ജീവിതത്തിലേക്ക് മാറ്റി പ്രതിഷ്ഠിച്ച നോവലിസ്റ്റാണ് തകഴി ശിവശങ്കരപ്പിള്ള.

അദ്ദേഹത്തിന്റെ കൃതികളിൽ പ്രസിദ്ധമാണ് 'രണ്ടിടങ്ങഴി'. ഇതിലെ കഥ നടക്കുന്ന സ്ഥലം കുട്ടനാടിന്റെ ഹൃദയ ഭൂമിയായ തകഴിയാണ്. വെള്ളം കെട്ടിക്കിടക്കുന്ന നെൽപ്പാടങ്ങളും തെങ്ങിൻതോപ്പുകളും നിറഞ്ഞ തുരുത്തുകൾക്കിടയിൽ, പണിയെടുക്കുന്ന പുലയരും പറയരും അവരുടെ യജമാനന്മാരായ ജന്മിമാരും നിവസിക്കുന്ന പ്രദേശമാണത്.

അവിടുത്തെ കാളിപ്പറയന്റെയും കുഞ്ഞാളിയുടെയും മകളായ ചിരുതയെ വിവാഹം കഴിക്കാനാഗ്രഹിക്കുന്ന കോരൻ, ചാത്തൻ തുടങ്ങിയ ചെറുപ്പക്കാർ തമ്മിലുള്ള മത്സരമാണ് തുടക്കത്തിൽ. സുന്ദരിയായ ചിരുതയെ അവളുടെ അച്ഛൻ, ഒരു വലിയ തുക പെൺപണം തരുന്നയാൾക്ക് വിവാഹം കഴിച്ചുകൊടുക്കാൻ തീരുമാനിക്കുന്നു. ചാത്തന് അത് കൊടുക്കാനായില്ല. കോരൻ ഒരു വലിയ ഭൂവുടമയായ പുഷ്പവേലിൽ ഔസേപ്പിന്റെ അടിയാനായി ചേർന്ന് പണം മുൻകൂർ വാങ്ങി നൽകി. ചിരുതയെ വിവാഹം കഴിക്കുന്നു. ഔസേപ്പിന്റെ നൂറേക്കർ നിലത്തിന്റെ ചുമതലക്കാരനായിത്തീരുകയും ചെയ്യുന്നു. പാടത്ത് കഠിനാധ്വാനം ചെയ്ത് കോരൻ ഏറ്റവും നല്ല വിളവുതന്നെ ഉണ്ടാക്കിയെടുത്തു. എന്നാൽ വിളവെടുപ്പു സമയത്ത് മറ്റു കൂലിക്കാരെപ്പോലെ മാത്രമേ ഔസേപ്പ് കോരനെ കണ്ടുള്ളൂ. നാമമാത്രമായ കൂലി മാത്രമേ അയാൾ കോരന് നൽകിയുള്ളൂ. ശക്തനായ ഭൂവുടമയോട് കൂടുതൽ കൂലി ചോദിക്കാൻ അവന് കരുത്തുമില്ലല്ലോ.

സ്വാതന്ത്ര്യത്തിനുശേഷം തിരുവിതാംകൂർ സംസ്ഥാനത്ത് പ്രായപൂർത്തി വോട്ടവകാശം നിലവിൽ വരുകയും പറയർക്കും പുലയർക്കും വോട്ടുചെയ്യാനവകാശം ലഭിക്കുകയും ചെയ്തു. രാഷ്ട്രീയാവബോധം വളർന്നതോടെ അവർക്ക് തങ്ങളുടെ ശക്തിയെപ്പറ്റി ബോധമുണ്ടായി. പൗരന്മാരെന്ന നിലയിലും തൊഴിലാളികളെന്ന നിലയിലും അവകാശാധികാരങ്ങളെപ്പറ്റി ചിന്തിക്കാൻ ഇതവരെ പ്രേരിപ്പിച്ചു. ഭൂരഹിതകർഷകർ സ്വന്തം അവകാശസംരക്ഷണത്തിനായി സംഘടനകൾ ആരംഭിച്ചു. കോരൻ പുതിയ യൂണിയന്റെ നേതാവായി. തൊഴിലാളികളുടെ അവകാശങ്ങൾക്കായി അവർ പോരാടി.

ഭൂവുടമകൾ ക്ഷോഭിച്ചു. അവരുടെ ഉന്നം കോരനായി. കോരന്റെ അച്ഛൻ മരിച്ചപ്പോൾ അവർ താമസിച്ചിരുന്ന സ്ഥലത്ത് ശവം മറവുചെയ്യാൻ പോലും അനുവദിച്ചില്ല. സംഘടനാപ്രവർത്തനത്തിൽ മുഴുവൻ സമയവും ചെലവ ഴിക്കാൻ അയാൾ തീരുമാനിച്ചു. ഒരു രാത്രി കോരൻ പാടം ചുറ്റാൻ പോയ പ്പോൾ ചിരുത ഒറ്റയ്ക്കിരുന്ന കുടിലിലേക്ക് യജമാനനായ ചാക്കോ കയറി അവളെ ശല്യപ്പെടുത്താൻ തുടങ്ങി. അവിടെ പെട്ടെന്ന് കയറിവന്ന കോരൻ ചാക്കോയുമായി മൽപ്പിടിത്തമുണ്ടായി.

ചാക്കോ മരിക്കുകയും ചെയ്തു. കൊലക്കുറ്റം ചുമത്തപ്പെട്ട കോരന് 15 വർഷത്തെ തടവുശിക്ഷ വിധിച്ചു. ജയിലിലേക്ക് പോകുമ്പോൾ സ്നേഹി തനും ഭാര്യയുടെ മുൻകാമുകനുമായ ചാത്തന്റെ സംരക്ഷണയിൽ ചിരു തയെ കോരൻ ഏൽപ്പിച്ചു. സഹോദരതുല്യമായ സ്നേഹത്തോടെ ചാത്തൻ അവളെ സംരക്ഷിച്ചു. കോരന് ഒരു കുഞ്ഞ് പിറന്നു. ചാത്തൻ അവനെ വളർത്തി. ജയിൽവിമുക്തനായ കോരൻ ഭാര്യയോടും മകനോടും സുഹൃ ത്തിനോടും ഒപ്പം ഒന്നിച്ചുചേരുന്നു. അവന്റെ കഷ്ടപ്പാടുകൾ വെറുതെയാ യില്ല. അപ്പുറത്ത് മുദ്രാവാക്യങ്ങൾ ഉയർന്നുകേട്ടു. "വിപ്ലവം ജയിക്കട്ടെ. യൂണിയൻ ജയിക്കട്ടെ!" കോരന്റെ മകൻ വെളുത്തയും കൈ ചുരുട്ടി ഉയർത്തി വിളിച്ചു: "കൃഷിഭൂമി കർഷകർക്ക്."

- പാഠഭാഗം വായന
  - കുട്ടികൾ പാഠഭാഗം സ്വന്തമായി വായിക്കട്ടെ.
  - തിരഞ്ഞെടുത്ത ഭാഗങ്ങൾ ക്ലാസിൽ ചെറുനാടകങ്ങളായി അവതരിപ്പിക്കു കയുമാവാം.
    - പുഷ്പവേലിക്കൽ ഔസേപ്പിന്............നെല്ലു കൂലി കിട്ടുകയില്ല. തീർച്ച.
    - രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത്? ..........

      നാളെ കാലത്ത് എടുത്തു മോന്തുമ്പം ചട്ടീല് ഒരിറ്റു വെള്ളം വെച്ചേച്ചാ മതി.
    - പിറ്റേന്ന് കാലത്ത് ആ നാഴി കഞ്ഞിവെള്ളവും നാലു കഷണം കപ്പയും ഒരു വഴക്കിന് കാരണമായി ....... ജീവിതത്തിന് എന്തെന്ത് സംഭാവനകൾ ചെയ്ത ഒരു ജീവിതത്തിന്റെ അവസാനാധ്യായങ്ങ ളാണ് ഒരു കുറുകുറുപ്പോടെ അവിടെ വലിച്ചു കഴിയുന്നത്!
    - വൃദ്ധൻ ചോദിച്ചു. "മോനേ, നിനക്കിവിടെ കൂലി നെല്ലല്ല്യോ!"

      ............. അപ്പന് ഒരു നേരമെങ്കിലും നിറച്ച് ചോറു കൊടുക്കണം. അതു മാത്രമാണ് അവന്റെ ആഗ്രഹം.

കുട്ടികൾ നാല് ചെറുഗ്രൂപ്പുകളായി മാറി ആവശ്യമായ സംഭാഷണഭാഗങ്ങൾ സ്വയം വികസിപ്പിച്ച് ലഘുനാടകമായി ക്ലാസിൽ അവതരിപ്പിക്കട്ടെ. അവതരണം വിലയിരുത്തുമ ല്ലോ.

## പഠനപ്രവർത്തനങ്ങൾ

## ജീവിതത്തിലെ ഇല്ലായ്മകൾ

❖ **ചർച്ച നടത്താം**

സന്ദർഭം കണ്ടെത്തൽ (പാഠപുസ്തകത്തിലെ ഒന്നാമത്തെ പ്രവർത്തനത്തിനായി നൽകിയിരിക്കുന്ന സംഭാഷണം).

പ്രസക്തമായ ആശയങ്ങൾ ക്രോഡീകരിച്ച് അവതരിപ്പിക്കാനുള്ള കഴിവ് വിലയിരുത്തണം.

- ഇങ്ങനെ പറയാനിടയായ സാഹചര്യം.
- സ്വന്തം വിശപ്പ് മറച്ചുവച്ച് ഉറ്റവരെ ഊട്ടാനുള്ള മനോഭാവം.
  - ▶ കോരനും ചിരുതയും തമ്മിൽ
  - ▶ അപ്പനും മരുമകളും തമ്മിൽ
- സ്നേഹത്തിന്റെ അഗാധത.
- ഒരു നേരം ഭക്ഷണം കഴിക്കാനില്ലെങ്കിലും പരസ്പരസ്നേഹത്താൽ ഇല്ലായ്മകളെ അതിജീവിക്കുന്നവർ.
- കണ്ടെത്തിയ ആശയങ്ങൾ ക്രോഡീകരിച്ച് കുട്ടികൾ കുറിപ്പ് തയാറാക്കട്ടെ.
- അധ്യാപിക കുറിപ്പ് വിലയിരുത്തണം.

## കണ്ടെത്തിയെഴുതാം

കോരന്റെയും ചിരുതയുടെയും വിവാഹവുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ കാരണം കോരനെ അവന്റെ അച്ഛൻ കൈവെടിഞ്ഞതായിരുന്നു . എന്നാൽ വർഷങ്ങൾക്കു ശേഷം അയാൾ മകനെത്തേടി വരുന്നു. പാടത്തെ പണികഴിഞ്ഞ് തിരിച്ചുവരുന്ന കോരൻ, കുടിലിനകത്ത് ചിരുതയുമായി സംസാരിച്ചിരിക്കുന്ന അച്ഛനെ തിരിച്ചറിയുന്നു. എഴുന്നേൽക്കാൻ വയ്യാതായ, മേലാകെ നീരുവന്ന് ക്ഷീണിതനായ തന്റെ പിതാവിനെ കണ്ടപ്പോൾ കോരന്റെ കണ്ണുകൾ നിറഞ്ഞു. വൃദ്ധനെ തകഴിയിൽ തനിച്ചാക്കി തന്റെ സുഖം തേടി പെണ്ണുമായി മറുനാട്ടിൽ പോയത് അക്ഷന്തവ്യമായ അപരാധമായി ഇപ്പോൾ കോരന് തോന്നുന്നു.

❖ കുട്ടികൾ പാഠഭാഗം വായിച്ച് പ്രസക്തമായ ഭാഗങ്ങൾ നോട്ടുബുക്കിൽ കുറിക്കട്ടെ.

❖ വായിച്ചവതരിപ്പിക്കലും കൂട്ടിച്ചേർക്കലും നടത്താം

## കൂടുതൽ സൂചനകൾ കണ്ടെത്തൽ

- ജന്മി-കുടിയാൻ വ്യവസ്ഥ നിലനിന്നിരുന്ന കാലത്തെ സാമൂഹ്യാവസ്ഥ ചർച്ചചെയ്യണം.
- അടിയാളരുടെ ഇടയിൽ പ്രതിഷേധത്തിന്റെ സ്വരം ഉയർന്നു വന്നത്.
- ഒറ്റപ്പെട്ട സ്വരങ്ങൾ നോവലിന്റെ അവസാനമാവുമ്പോഴേക്ക് സംഘങ്ങളായി ഏറ്റെടുക്കാൻ തുടങ്ങിയതിന്റെ സൂചനകൾ

സന്ദർഭവുമായി ബന്ധപ്പെട്ട സൂചനകൾ കണ്ടെത്തുന്നതിലെ മികവ് വിലയിരുത്തണം.

- ❖ ലഘുചർച്ചയ്ക്കുശേഷം കുട്ടികൾ പാഠഭാഗം വായിച്ച് കൂടുതൽ സൂചനകൾ നോട്ടുബുക്കിൽ കുറിക്കണം.

  ഉദാ: അല്ലച്ചാ, നെല്ലു വെളീ കാണിക്കത്തില്ല. ഇന്നലെ ആറണ കൊടുത്തു നാഴി അരി മേടിച്ചു. ഇന്നിപ്പം ഇരുനാഴിയൊണ്ട്.

## പ്രാദേശികസംസാരഭാഷയിലേക്കു മാറ്റി എഴുതൽ

- ❖ ഓരോ പ്രദേശത്തും അവരുടേതായ വാമൊഴിഭാഷയുണ്ട്.
- ❖ പാഠഭാഗം കുട്ടികൾ അവരുടെ പ്രദേശത്തെ സംസാരഭാഷയിലേക്ക് മാറ്റി എഴുതട്ടെ.
- ❖ പൊതുവായന - ചർച്ച
- ❖ വാക്യഘടനയിൽ വരുന്ന മാറ്റം.
- ❖ പദങ്ങളുടെ പ്രയോഗത്തിൽ ഉള്ള മാറ്റം.

**വിലയിരുത്തേണ്ടവ.**
- ഉപയോഗിച്ച പദങ്ങൾ
- വാക്യഘടന
- പ്രാദേശികസ്വഭാവം

ഓരോ പ്രദേശത്തുള്ളവർക്കും അവരവരുടേതായ വാമൊഴിയും മററു പ്രദേശത്തുള്ളവയിൽനിന്നും വ്യത്യസ്തമായിരിക്കും. പദങ്ങൾ, വാക്യഘടന, ഉച്ചാരണം ഇവയിൽ പ്രദേശത്തിന്റേതായ സവിശേഷതകളുണ്ട്. അവ ഉൾക്കൊള്ളാനും പ്രത്യേകതകൾ തിരിച്ചറിയാനും ഈ പ്രവർത്തനം സഹായിക്കണം.

### കുറിപ്പ് തയാറാക്കാം

- ❖ ചെമ്മീൻ നോവൽഭാഗം വായന.
- ❖ ഭാഷാപരമായ പ്രത്യേകതകൾ - ചർച്ച.
  - ▶ തൃക്കുന്നപ്പുഴ കടലോരത്തെ നിവാസികളുടെ ഭാഷ.
  - ▶ മൗനത്തിന്റെ അർഥാന്തരങ്ങൾ ഒളിഞ്ഞും തെളിഞ്ഞും ഭാഷാശൈലിയെ സ്വാധീനിക്കുന്നു.
  - ▶ പദങ്ങൾ, പ്രയോഗങ്ങൾ എന്നിവയുടെ ഉപയോഗം.
  - ▶
- ❖ രണ്ടിടങ്ങഴി - പാഠഭാഗവുമായി താരതമ്യം ചെയ്യൽ.
  - ▶ കുട്ടനാട്ടിലെ കർഷകത്തൊഴിലാളികളുടെ ഭാഷ.
  - ▶ പ്രാദേശിക പദങ്ങൾ, പ്രയോഗങ്ങൾ
  - ▶
- ❖ ഇത്തരം ഭാഷാഭേദങ്ങൾ എങ്ങനെ രചനയെ ആസ്വാദ്യമാക്കുന്നു?
  - ▶ സൗന്ദര്യതലം
  - ▶ അതതു പ്രദേശവുമായുള്ള ബന്ധം (ഗ്രാമീണത)
  - ▶ വൈകാരികത

**വിലയിരുത്തേണ്ടവ.**
- ആശയസമഗ്രത
- യുക്തിയുക്തം സമർത്ഥിക്കൽ
- സംക്ഷിപ്തത

- ▶ നാട്ടുവഴക്കം
- ▶ ഭാഷയുടെ ആത്മാർഥത, ജീവൻ.

❖ കൂടുതൽ പുസ്തകങ്ങൾ വായനയും കണ്ടെത്തലും.

- ▶ എം.ടി, ഉറൂബ്, ബഷീർ എന്നിവരുടെ കൃതികൾ.

❖ കണ്ടെത്തിയ സവിശേഷതകൾ ക്ലാസിൽ പങ്കുവയ്ക്കുന്നു.

❖ കുറിപ്പ് തയാറാക്കൽ

❖ അവതരണം - ചർച്ച - സൂചകങ്ങളുടെ സഹായത്താൽ മെച്ചപ്പെടുത്തൽ.

❖ കുറിപ്പ് അധ്യാപിക വിലയിരുത്തണം.

**ഓരോ വിളിയും കാത്ത്**

**കഥാസംഗ്രഹം**

പ്രസിദ്ധ കഥാകാരൻ യു.കെ.കുമാരന്റെ ശ്രദ്ധേയമായ കഥയാണ് 'ഓരോ വിളിയും കാത്ത്'. കുടുംബത്തിന്റെ എല്ലാമെല്ലാമായ അച്ഛൻ മരണപ്പെട്ടപ്പോൾ ഒറ്റപ്പെട്ടുപോയ അമ്മയുടെ വേദനകളും വിഹ്വലത കളുമാണ് കഥയിൽ കാണുന്നത്. ഇത്രയും കാലം അച്ഛന്റെ ഓരോ വിളിക്കും പിന്നാലെ ഓടുകയായിരുന്നു അമ്മ.

ഒറ്റപ്പെട്ടുപോയ വീട്ടിൽ ഒറ്റയ്ക്കാക്കി പോകാൻ തയാറാകാത്ത മകൻ. ഒടുവിൽ മകന്റെ നിർബന്ധത്തിനു വഴങ്ങി നഗരത്തിലേക്കു വരാമെന്ന് അമ്മ വാക്കുകൊടുക്കുന്നു. എന്നാൽ പേകേണ്ട ദിവസമെത്തിയപ്പോൾ കിടന്ന കിടപ്പിൽ നിന്നെണീക്കാതെ എന്തോ ആലോചിച്ചുകിടക്കുന്ന അമ്മയെയാണ് മകൻ കാണുന്നത്. വീണ്ടും നിർബന്ധിച്ചപ്പോൾ "ഞാനെങ്ങന്യാ മോനേ വര്വാ? അച്ഛൻ എന്നെ എപ്പോളും വിളിച്ചോ ണ്ടിരിക്കുകയാ. ഇന്നലേം വിളിച്ചു. വിളിക്കുമ്പം ഞാനിവിടെ ഇല്ലാന്ന് വെച്ചാൽ..." എന്ന മറുപടിയോടെ കഥ അവസാനിക്കുന്നു. വർത്തമാ നകാലത്ത് നാം കാണുന്ന ചില യാഥാർഥ്യങ്ങളാണ് കഥാകാരൻ ഈ കഥയിലൂടെ അവതരിപ്പിക്കുന്നത്. വാർദ്ധക്യകാലത്ത് തീർത്തും ഒറ്റ പ്പെട്ടുപോകുന്ന വൃദ്ധദമ്പതിമാരുടെ ചിത്രം ഈ കഥയിലൂടെ അവത രിപ്പിക്കുന്നു. കുടുംബബന്ധങ്ങളുടെ ഇഴയടുപ്പവും അവർ വച്ചുപുലർത്തുന്ന സ്നേഹാദരങ്ങളും ഈ കഥയെ കൂടുതൽ ഭാവതീ വ്രമാക്കുന്നു. ജീവിച്ചിരിപ്പില്ലാത്തവരോടുപോലും ബന്ധം നിലനിർത്തു ന്നവരുണ്ട്. അവരെപ്പോഴും തങ്ങളുടെ കൂടെയുണ്ട് എന്ന തോന്നലാണ് അവരെ ജീവിതത്തോട് കൂടുതൽ അടുപ്പിക്കുന്നത്.

## കഥയിലേക്ക് (പ്രവേശകപ്രവർത്തനം)

❖ 'What is that' എന്ന ഹ്രസ്വസിനിമയുടെ പ്രദർശനം (സമാനസിനിമകൾ പ്രയോജനപ്പെടുത്താം.)

❖ ലഘുചർച്ച

▶ ഈ ഹ്രസ്വചിത്രത്തിലെ കഥാപാത്രങ്ങൾ ആരെല്ലാം?

▶ അവർ പറയുന്നതെന്താണ്?

▶ മകൻ കയർത്തു സംസാരിക്കുന്നതെന്തിന്?

▶ ഈ സിനിമ നമ്മോട് പറയുന്നതെന്താണ്?

**വിലയിരുത്തേണ്ടവ.**
- ചർച്ചയിലെ പങ്കാളിത്തം
- ആശയവിനിമയശേഷി
- അവതരണത്തിലെ മികവ്

ചർച്ചയിൽ കുട്ടികൾക്ക് സ്വതന്ത്ര പ്രതികരണത്തിനുള്ള അവസരം നൽകണം.

## കഥാവായന

തുടർന്ന് കുട്ടികൾ കഥ മൗനമായി വായിക്കട്ടെ.

❖ കഥാവതരണം

കഥ നന്നായി വായിച്ചവതരിപ്പിക്കുന്ന കുട്ടികൾക്ക് അവതരണത്തിന് അവസരം നൽകാം. (രണ്ടോ മൂന്നോ പേർ. മറ്റു കുട്ടികൾ വിലയിരുത്തട്ടെ.)

❖ ആസ്വാദനചർച്ച

പ്രാഥമികവായനയിലുടെയും കേൾവിയിലൂടെയും കുട്ടികൾ കഥ എത്രമാത്രം ആസ്വദിച്ചിട്ടുണ്ട് എന്ന് അറിയാനായി ലഘുചർച്ച നടത്താം.

▶ കഥ നടക്കുന്നതെവിടെ?

▶ കഥാപാത്രങ്ങൾ ആരെല്ലാം?

▶ അച്ഛനും അമ്മയും തമ്മിലുള്ള ആത്മബന്ധം വെളിവാക്കുന്ന സന്ദർഭങ്ങൾ ഏതൊക്കെ?.

▶ തന്റെ കൃഷിയിടങ്ങളും ചുറ്റുപാടുകളുമായി അയാൾക്കുള്ള ബന്ധം.

▶ മകന്റെ നിർബന്ധത്തിന് വഴങ്ങാത്ത അമ്മ.

ഈ ചോദ്യങ്ങളിലൂടെയും സൂചനകളിലൂടെയും കുട്ടികൾ കണ്ടെത്തിയ കാര്യങ്ങൾഅവർ പറയട്ടെ.

**വിലയിരുത്തേണ്ടവ.**
- ചർച്ചയിലെ പങ്കാളിത്തം
- ആശയങ്ങൾ യുക്തിയുക്തം അവതരിപ്പിക്കാനുള്ള കഴിവ്.

എന്നിവ വിലയിരുത്തണം.

## പഠനപ്രവർത്തനങ്ങൾ

### ചർച്ച നടത്താം

- കഥാവായന
- സന്ദർഭം കണ്ടെത്തൽ
- ചില സൂചനകളിലൂടെ പ്രവർത്തനത്തിന്റെ ആഴങ്ങളിലേക്ക്.
  - അച്ഛന്റെ മരണം വരുത്തിവച്ച ശൂന്യത.
  - അച്ഛന്റെ ശബ്ദവും സാന്നിധ്യവുമില്ല.
  - ഒരുപാടു പേർ ഇറങ്ങിപ്പോയതുപോലെയുള്ള അവസ്ഥ (എങ്ങും നിശ്ശബ്ദത).
  - കിടപ്പിലായപ്പോൾ പോലും അച്ഛന്റെ സാന്നിധ്യം വീട്ടിലെ ഓരോ കാര്യത്തിനുമുണ്ടായിരുന്നു.

    സ്നേഹം നിറഞ്ഞ പെരുമാറ്റവും ബന്ധങ്ങളുമാണ് വീടിനെ വീടാക്കുന്നത്.

സൂചനകളോടുള്ള പ്രതികരണങ്ങളിൽ പ്രസക്തമായവ ചേർത്ത് ചർച്ച ക്രോഡീകരിക്കണം.

## അമ്മയ്ക്ക് അങ്ങനെ തോന്നാൻ കാരണം – കുറിപ്പ്

- കുട്ടികൾ കഥ വായിക്കട്ടെ.
- സംഘമായി ചർച്ച ചെയ്യട്ടെ.
  - അച്ഛനില്ലാത്ത അവസ്ഥ
  - അച്ഛന്റെ ഓരോ വിളിക്കു പിന്നാലെ പോകുമ്പോഴും അമ്മയ്ക്ക് ചെറുപ്പമായിരുന്നു.
  - പെട്ടെന്ന് അമ്മ വാർധക്യത്തിന്റെ നിസ്സഹായതയിലേക്ക് വഴുതിവീഴുമെന്ന മകന്റെ ചിന്ത.
  - വീട്ടിലെ ഒറ്റപ്പെടലിൽ ഓർമ്മകളിലേക്ക് അമ്മ തനിയെ പോകുമെന്ന അയാളുടെ തോന്നൽ.

ഇവയൊക്കെയാണ് മകൻ അമ്മയെ നഗരത്തിലേക്കു വിളിക്കാൻ കാരണം.

എന്തുകൊണ്ടാവാം ഇവിടെ അമ്മയ്ക്ക് താൻ തനിച്ചല്ല എന്ന് തോന്നിയത്?

- അച്ഛന്റെ ഓർമ്മകൾ തങ്ങിനിൽക്കുന്ന വീട്
- വീടും പറമ്പുമൊക്കെ അച്ഛൻ നോക്കിയിരുന്നത്.
- മരിച്ചിട്ടും അച്ഛന്റെ സാന്നിദ്ധ്യം അമ്മ അറിയുന്നു.
- വീടുവിട്ടു പോയാൽ ഓർമ്മകൾ ഉറങ്ങുന്ന വീടു നോക്കാൻ ആരുമില്ലാത്ത അവസ്ഥ അമ്മയെ വേദനിപ്പിക്കുന്നു.
- സ്നേഹബന്ധത്തിന്റെ ദൃഢതയും അന്യോന്യവും.

ഇങ്ങനെ പ്രസക്തമായ കാര്യങ്ങൾ ഉൾപ്പെടുത്തി ചർച്ച ക്രോഡീകരിക്കാം.

- ❖ കുട്ടികൾ കുറിപ്പ് തയാറാക്കട്ടെ.
- ❖ പരസ്പരം വായിച്ച് മെച്ചപ്പെടുത്തട്ടെ.

## അച്ഛന്റെ സ്വഭാവസവിശേഷതകൾ

- പാഠഭാഗം വായന
- സവിശേഷതകൾ കണ്ടെത്തൽ

**അച്ഛൻ**

കിടന്നിടത്തുനിന്ന് അച്ഛൻ ചോദിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും അമ്മ മറുപടി നൽകും. നിർദേശങ്ങൾ അനുസരിക്കും. എങ്കിലും ചോദ്യവും നിർദേശവും അസഹ്യമാകുന്ന ചില സന്ദർഭങ്ങളിൽ അമ്മ പൊട്ടിത്തെറിക്കാറുണ്ട്.

**കിടപ്പിലായപ്പോഴും വീട്ടിലെ സജീവസാന്നിധ്യം**

കിടപ്പിലായിരുന്നപ്പോൾ പോലും വീടിന്റെ ഓരോ കാര്യത്തിലും അച്ഛൻ ഏറെ ശ്രദ്ധിച്ചിരുന്നു.

**വീട്ടുകാര്യങ്ങളിലുള്ള ശ്രദ്ധ**

മുറിക്കകത്തു വച്ചോ പറമ്പിന്റെ ഏതെങ്കിലും മൂലയിൽ വച്ചോ ആയിരിക്കും വളരെ അപ്രതീക്ഷിതമായ വിളിയുണ്ടാവുക. അതേ നിമിഷത്തിൽ അമ്മയുടെ മറുപടി ഉണ്ടായില്ലെങ്കിൽ അച്ഛൻ കോപം കൊണ്ട് വിറയ്ക്കും.

**കുടുംബത്തിലെ പ്രധാനി**

"മൂപ്പരെങ്ങോട്ട് പോയി?" അച്ഛനോടൊന്നിച്ച് കുറേ നാൾ കച്ചവടം നടത്തിയിരുന്ന ആളായിരുന്നു അത്. ആ വഴി വന്നാൽ എപ്പോഴും വീട്ടിൽ കയറാതെ പോവുകയുമില്ല.

**മറ്റുള്ളവരോടുള്ള ബന്ധം**

- ഗ്രൂപ്പിൽ വായന
- കഥാസന്ദർഭങ്ങളുടെ പ്രാധാന്യം ഗ്രൂപ്പിൽ ചർച്ച ചെയ്യണം.

## കഥയിലെ പദച്ചേരുവകൾ

ഭാഷയിലെ ഓരോ പദത്തിനും സവിശേഷാർഥമുണ്ട്. വ്യത്യസ്താർഥങ്ങളുള്ള പദങ്ങളെ ഇണക്കത്തോടെ കൂട്ടിച്ചേർക്കുമ്പോൾ സുന്ദരവും അർഥസാന്ദ്രവുമായ സമസ്തപദങ്ങൾ രൂപം കൊള്ളും.

**വിലയിരുത്തേണ്ടവ.**

- ഉചിതസന്ദർഭങ്ങൾ കണ്ടെത്തിയിട്ടുണ്ട്.
- ചർച്ചയിൽ യഥാസമയം അവതരിപ്പിക്കുന്നു.
- മറ്റുള്ളവരുടെ അഭിപ്രായം പരിഗണിക്കുന്നു.

> വിഭക്തിക്കുറികൂടാതെ
> പദയോഗം സമാസമാം
>
> – *കേരളപാണിനീയം*

ഒന്നിൽ കൂടുതൽ പദങ്ങളുടെ ഇടയിൽ ഉണ്ടാവേണ്ടിയിരുന്ന പ്രത്യയങ്ങളെയോ പദങ്ങളെയോ ഒഴിവാക്കിക്കൊണ്ട് ഒറ്റപ്പദമാക്കിത്തീർക്കുന്ന പ്രക്രിയയാണ് സമാസം.

സമാസിച്ചുണ്ടാകുന്ന ഒറ്റപ്പദമാണ് സമസ്തപദം. സമാസിച്ചപ്പോൾ ഏതെങ്കിലും ശബ്ദം (പദങ്ങളോ പ്രത്യയങ്ങളോ) വിട്ടുപോയിട്ടുണ്ടെങ്കിൽ അവയും ചേർത്ത് സമാസാർഥം പൂർണരൂപത്തിലാക്കലാണ് 'വിഗ്രഹിക്കൽ'.

❖ പദച്ചേരുവകൾ വിഗ്രഹിക്കുമ്പോൾ

| | | |
|---|---|---|
| നെല്ലിൻകുല | – | നെല്ലിന്റെ കുല |
| കാൽമുട്ട് | – | കാലിന്റെ മുട്ട് (കാലിലെ മുട്ട്) |
| നാലില | – | നാല് ഇല |
| മരക്കൊമ്പ് | – | മരത്തിന്റെ കൊമ്പ് |

കൂടുതൽ ഉദാഹരണങ്ങൾ പാഠഭാഗത്തുനിന്നു കണ്ടെത്തണം. കുട്ടികൾ വിഗ്രഹിച്ചു പറയട്ടെ.

## കഥയരങ്ങ് നടത്താം

- ❖ 'സ്നേഹബന്ധം' പ്രമേയമായ കഥകൾ കുട്ടികൾ കണ്ടെത്തട്ടെ.
- ❖ ഗ്രൂപ്പിൽ വായിച്ച് അവതരിപ്പിക്കൽ
- ❖ മികച്ച കഥ, മികച്ച വായനക്കാരൻ – കണ്ടെത്തൽ
- ❖ കഥയരങ്ങ് സംഘടിപ്പിക്കൽ
- ❖ കഥാവതരണം
- ❖ കഥയുടെ ആശയം, സവിശേഷതകൾ, മികച്ച അവതരണം ഇവ കുട്ടികൾ കണ്ടെത്തട്ടെ.

❖ പൊതു അവതരണം

❖ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ കഥാവതരണം വിലയിരുത്തണം.

- ▶ തിരഞ്ഞെടുത്ത കഥയുടെ ഔചിത്യം
- ▶ ഭാവം

- സംഭാഷണഭാഗങ്ങളുടെ അവതരണം
- ശബ്ദനിയന്ത്രണം

## സമാനകഥകൾ കണ്ടെത്താം, വായിക്കാം

| | | |
|---|---|---|
| അമ്മ | - | മാധവിക്കുട്ടി |
| എഴുപതുകാരുടെ യോഗം | - | അശോകൻ ചരുവിൽ |
| കോലാട് | - | മാധവിക്കുട്ടി |
| മൂന്നാമതൊരാൾ | - | മുണ്ടൂർകൃഷ്ണൻകുട്ടി |
| പകൽവീട് | - | അഷ്ടമൂർത്തി |
| മഞ്ഞുകാലം | - | ശിഹാബുദ്ദീൻ പൊയ്ത്തുംകടവ് |
| നെയ്പ്പായസം | - | മാധവിക്കുട്ടി. |

**കുട്ടികൾ കാണേണ്ട സിനിമകൾ**

ഒരു ചെറുപുഞ്ചിരി

തിങ്കളാഴ്ച നല്ല ദിവസം

ദി ബ്രിഡ്ജ് - കേരള കഫേ

അമ്മക്കിളിക്കൂട്

# അമ്മത്തൊട്ടിൽ

## ആമുഖം

റഫീക്ക് അഹമ്മദിന്റെ കവിതയാണ് 'അമ്മത്തൊട്ടിൽ.' ആധുനികകാല ജീവിതത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മനുഷ്യബന്ധങ്ങളുടെ പ്രാധാന്യവും വാർധക്യത്തെ ഉൾക്കൊള്ളാൻ കഴിയാത്ത പുതുതലമുറയുടെ മനോഭാവം കവിതയ്ക്ക് വിഷയമാവുന്നു. അനാഥ ശിശുക്കൾക്കോ ഉപേക്ഷിക്കപ്പെടുന്ന കുഞ്ഞുങ്ങൾക്കോ ഉള്ള അഭയമാണ് അമ്മത്തൊട്ടിൽ. കവിതയിൽ അമ്മയെ ഉപേക്ഷിക്കുവാനുള്ള ഇടം- അമ്മത്തൊട്ടിൽ - തേടുകയാണ് മകൻ. കാലം സാമൂഹിക ജീവിതത്തിൽ വരുത്തിയ സാംസ്കാരികലോപം, മനുഷ്യത്വരാഹിത്യം. സ്നേഹശൂന്യത, ലോഭചിന്ത, സ്വാർത്ഥത തുടങ്ങി മാനവത്വം ഹനിക്കുന്നതിനെയെല്ലാം ആർജ്ജവഭാവത്തിൽ കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നു. അരുതായ്മകൾ വർധിച്ചുവരുന്ന സമകാലിക കേരളീയസമൂഹത്തിൽ ഈ കവിത ഏറെ പ്രസക്തം തന്നെ.

## പാഠാപഗ്രഥനം

അമ്മയെ ഉപേക്ഷിക്കാൻ തീരുമാനിച്ച മകൻ ജീവിതത്തിന്റെ പിൻസീറ്റിലേക്ക് അമ്മയെ മാറ്റാൻ ശ്രമിക്കുന്നു. മകൻ എത്ര ശ്രമിച്ചിട്ടും അമ്മയെ കാറിന്റെ പിൻസീറ്റിൽ നേരെയിരുത്തുവാൻ കഴിയുന്നില്ല. ഏറെ ശാരീരിക വൈഷമ്യങ്ങൾ ഉണ്ടെങ്കിലും തന്നെ എങ്ങോട്ടു കൊണ്ടു പോകുന്നുവെന്ന് അമ്മ ചോദിക്കുന്നില്ല- മകനെ വിഷമിപ്പിക്കരുതെന്ന് അമ്മ വിചാരിച്ചിട്ടുണ്ടാവണം. ആദ്യം ആധുനിക ലോകത്തിന്റെ സംഭാവനയായ മാളിന്റെ സമീപത്ത് ഉപേക്ഷിക്കുവാനുള്ള ശ്രമം പെറ്റുകിടക്കുന്ന തെരുവുപട്ടിയുടെ പ്രതികരണത്താൽ ഉപേക്ഷിക്കുന്നു. പെരുംമാൾ എന്ന പ്രയോഗം പെരുംമാൾ, പെരുമാൾ, പെരും ആൾ എന്നിങ്ങനെ വൈവിധ്യമാർന്ന ചിന്തകളെ ഉണർത്തുന്നു. തുടർന്ന് ജില്ലാശുപത്രി പരിസരത്തെത്തിയപ്പോൾ കുട്ടിക്കാലത്ത് പനിച്ചുകിടന്ന തന്നെ അമ്മയെടുത്തുകൊണ്ട് ആശുപത്രിയിൽ എത്തിയത് ഓർക്കുന്നു. അന്നത്തെ സൂചിപ്രയോഗം ശരീരത്തിന് വേദന നൽകിയെങ്കിൽ അമ്മയെ ഉപേക്ഷിക്കുവാനുള്ള ചിന്ത നീറ്റലായി മാറുന്നു. വിദ്യാലയപരിസരത്തിലെത്തിയപ്പോഴാകാട്ടെ, മകനെ വിദ്യാലയത്തിലാക്കി ചുറ്റുമതിലിനുപുറത്ത് കാത്തുനിന്ന അമ്മയുടെ ചിത്രം കനലായി മനസ്സിലെത്തുന്നു. ഇനി എവിടെ കൊണ്ടിറക്കണമെന്ന് ചിന്തിച്ച് ദേവാലയത്തിലെത്തിയപ്പോൾ അമ്മയെ ഉപേക്ഷിക്കുവാനുള്ള തീരുമാനം ഉപേക്ഷിക്കുന്നു.

അമ്മവയറ്റത്തു പറ്റിക്കിടന്ന ചൂടും അലസമായ് കാച്ചെണ്ണ മണവും പുലർച്ചയിലെ തണുപ്പാറ്റുന്ന ചൂട്ടുകത്തുന്ന മണവും മകനെ തെറ്റു ചെയ്യാതെ മടങ്ങിപ്പോകാനും അമ്മയെന്ന ജന്മസുകൃതത്തെ തിരിച്ച് വീട്ടിലെത്തിക്കാനും പ്രേരിപ്പിച്ചു. തിരികെ വീട്ടിലെത്തുമ്പോൾ ഒന്നിനും കൊള്ളരുതാത്തവൻ എന്ന് ഭാര്യ പഴിക്കാം, എന്നിങ്ങനെ ചിന്തകൾ പെരുകുമ്പോൾ, തിരിഞ്ഞ് അമ്മയെ നോക്കുന്ന മകൻ വലത്തോട്ടു പൂർണമായി ചാഞ്ഞ് കണ്ണടയ്ക്കാതെ മയങ്ങുന്ന/മടങ്ങുന്ന അമ്മയെയാണ് കാണുന്നത്. (അടയ്ക്കാത്ത അമ്മയുടെ കണ്ണുകൾ അവരെ നിർദയം പൊള്ളിക്കുന്നതാണ്. അഥവാ, പിന്നെയും മകനായി മകന്റെ സുരക്ഷയ്ക്കായി തുറന്നു പിടിക്കുകയാണ് ആ കണ്ണുകൾ).

**പ്രവർത്തനങ്ങളിലൂടെ**

**ഈണം കണ്ടെത്താം**

- കുട്ടികൾ കവിത വായിക്കട്ടെ. (വ്യക്തിഗതം)
- ചെറുസംഘങ്ങളായി കവിത ഭാവാത്മകമായി ചൊല്ലി അവതരിപ്പിക്കുന്നു.
- മറ്റു ഗ്രൂപ്പുകൾ ആലാപനം വിലയിരുത്തട്ടെ.
- പൊതുചർച്ച

| **വിലയിരുത്തൽ സൂചകങ്ങൾ** |
|---|
| • അക്ഷരസ്ഫുടത |
| • ശബ്ദവിന്യാസം |
| • ഈണം, താളം, ഭാവം |
| • അംഗങ്ങൾ തമ്മിലുള്ള യോജിപ്പ് |

- ഇനിയും മെച്ചപ്പെടേണ്ടവ കണ്ടെത്തുന്നു.
  - ▶
  - ▶
- മെച്ചപ്പെടുത്തി അവതരിപ്പിക്കാൻ അവസരം നൽകുന്നു.

**കവിതാവായന-ചർച്ച**

- കുട്ടികൾ കവിത വ്യക്തിഗതമായി വായിക്കട്ടെ. താഴെ കൊടുത്ത സൂചനകൾ പ്രയോജനപ്പെടുത്തി അധ്യാപിക പ്രാഥമിക ചർച്ച നടത്തണം.

*സൂചനകൾ*

- → *കവിതയിലെ പ്രമേയം*
- → *സവിശേഷ പ്രയോഗങ്ങൾ*
- → *ഇഷ്ടപ്പെട്ട വരികൾ - അവയുടെ സവിശേഷതകൾ*
- → *മനസ്സിൽ തട്ടിയ സന്ദർഭങ്ങൾ*
- → *രചനാപരമായ പ്രത്യേകതകൾ*

ഇവ ക്ലാസിൽ പങ്കുവയ്ക്കട്ടെ. സമകാലികപ്രാധാന്യമുള്ള വിഷയം അതിനനുയോജ്യമായ പദങ്ങളും പ്രയോഗങ്ങളും ഒരു ദൃശ്യത്തിലെന്നപോലെയുള്ള അനുഭവപ്രതീതി ഇവയിൽ ഊന്നിക്കൊണ്ട് ചർച്ച ക്രോഡീകരിക്കുമല്ലോ.

**മങ്ങിപ്പഴകിയ പിഞ്ഞാണവർണമായ കണ്ണുകൾ**

- ❖ കവിതാവായന - വ്യക്തിഗതം
- ❖ കവിതാ ഭാഗം കണ്ടെത്തൽ
- ❖ പൊതു ചർച്ച
  - ▶ അമ്മയുടെ കണ്ണുകളെ 'മങ്ങിപ്പഴകിയ പിഞ്ഞാണമായി' എന്നു പറയാൻ കാരണമെന്ത്
    - ● പിഞ്ഞാണം → വാക്കിന്റെ അർഥം → പ്രത്യേകതകൾ
    - ● ഭക്ഷണം കഴിക്കാൻ ഉപയോഗിച്ചിരുന്ന പാത്രം.
    - ● നിരന്തരമായി ഒരേ പാത്രം തന്നെ ഉപയോഗിക്കുന്നതിനാൽ പഴകി പോകുകയും നിറം മങ്ങുകയും ചെയ്യുന്നു.
  - ▶ അമ്മയുടെ പ്രായാധിക്യം
    - ● കണ്ണിന്റെ തെളിച്ചം നഷ്ടപ്പെട്ടു.
    - ● പോളകൾ തൂങ്ങിയിരിക്കുന്നു.
    - ● പീള അടിഞ്ഞിരിക്കുന്നു.
    - ● നിറം മങ്ങിപ്പോയിരിക്കുന്നു.
    - ● ദീനത - ദൈന്യം
    - ●
  - ▶ അമ്മമാർ കണ്ണിമ ചിമ്മാതെ കുഞ്ഞുങ്ങളെ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു.
  - ▶ മക്കൾക്ക് വേണ്ടി എത്രകാലം കാത്തിരിക്കാനും അവർ തയാറാവുന്നു.
  - ▶ മോറി മോറി പഴകിയപാത്രം പോലെ കെട്ട കാഴ്ചകൾ കണ്ടുകണ്ട് നിറം മങ്ങിയ കണ്ണുകൾ.
  - ▶

ചർച്ചയിലെ പ്രസക്ത ആശയങ്ങൾ ഉൾപ്പെടുത്തി അധ്യാപിക ക്രോഡീകരിക്കണം. തുടർന്ന് കുറിപ്പ് തയാറാക്കാം.

## സവിശേഷ സന്ദർഭങ്ങൾ

'പെറ്റുകിടക്കും..... ചാടിക്കുതിക്കുന്നു'

- ❖ വരികൾ ചാർട്ടിലോ ബോർഡിലോ എഴുതി പ്രദർശിപ്പിക്കണം.
- ❖ ലഘുചർച്ച
  - ▶ പെറ്റുകിടക്കുന്ന പട്ടിയുടെ പ്രത്യേകതകൾ.

- ▶ കുട്ടിയെ സംരക്ഷിക്കാനുള്ള വ്യഗ്രത.
- ▶ അടുത്തോട്ട് വരുന്നവർക്കു നേരെയുള്ള ശൗര്യം.

? മൃഗങ്ങളിൽപ്പോലും മാതൃ-പുത്രബന്ധത്തിന്റെ ഇത്തരം ദൃശ്യങ്ങൾ കാണുമ്പോൾ ഇവിടെ സംഭവിക്കുന്നതെന്ത്?

- പ്രകൃതിയും മിണ്ടാപ്രാണികളും പരിഷ്കൃതരായ മനുഷ്യന് നൽകുന്ന പാഠങ്ങൾ.

- ജന്മം നൽകി വളർത്തിയ അമ്മയെ തെരുവിലേക്കു വലിച്ചെറിയാൻ ശ്രമിക്കുന്നു.

? അമ്മമാർ മക്കൾക്ക് നൽകുന്ന സ്നേഹവും കരുതലും അവർക്ക് തിരിച്ചുനൽകാനാവുന്നുണ്ടോ?

മാതാപിതാക്കളോട് സ്നേഹമായി പെരുമാറേണ്ടതും സംരക്ഷിക്കേണ്ടതും മക്കളുടെ ചുമതലയാണ് എന്ന ബോധത്തിലേക്ക് ചർച്ച ക്രോഡീകരിക്കണം.

❖ തുടർന്ന് ഇത്തരം കാവ്യസന്ദർഭങ്ങൾ കുട്ടികൾ കണ്ടെത്തണം.

ഉദാ:

❶ പണ്ട് പനിച്ചതും അമ്മയെടുത്തുകൊ-
ണ്ടപ്പടിയോരോന്നു കേറിക്കിതച്ചതും
അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽ പോ-
ലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ്.

❷ പിന്നെയും മുന്നോട്ട്, വെട്ടമില്ലാളില്ല
കുട്ടിയേകാന്തത കണ്ണുപൊത്തിക്കളി-
ക്കുന്ന വിദ്യാലയമുറ്റമുണ്ടൊന്നിനി
പൊട്ടിക്കരഞ്ഞും ശഠിച്ചും കുതറിയു-
മെത്തിയതും ഉച്ചയാവോളമമ്മയാ-
ചുറ്റുമതിലിൻ പുറത്തന്നു നിന്നതും
ചങ്കിൽ കരച്ചിൽ കുരുങ്ങിപ്പിടഞ്ഞതും

❖ ഗ്രൂപ്പിൽ ചർച്ച ചെയ്യട്ടെ.

❖ കണ്ടെത്തിയ കാര്യങ്ങൾ ക്ലാസിൽ പൊതുവായി അവതരിപ്പിക്കട്ടെ.

അവതരണത്തിലെ സവിശേഷതകൾ, ഏറ്റവും നന്നായി അവതരിപ്പിച്ചവർ എന്നിവ കണ്ടെത്തി അധ്യാപിക ടീച്ചിംങ് മാന്വലിൽ രേഖപ്പെടുത്തണം.

## വരികൾ വ്യാഖ്യാനിക്കാം

‘എങ്ങിനി കൊണ്ടിറക്കേണ്ടു ... കോവിലിൽ?’

❖ വരികൾ വായന - ചർച്ച

❖ കുട്ടികൾ കണ്ടെത്തിയ കാര്യങ്ങൾ അവർ പറയട്ടെ.

- ▶ വഴിയോരത്ത് ഉപേക്ഷിക്കൽ
- ▶ വൃദ്ധസദനത്തിൽ കൊണ്ടുചെന്നാക്കൽ

- എത്ര വിളിച്ചാലും തിരിച്ചുകൊണ്ടുപോകാൻ ആരോരുമില്ലാത്തവർ.
- അമ്മ പ്രാർഥിച്ച കോവിലിൽ അനാഥയായി ഉപേക്ഷിക്കൽ.

❖ അനുഭവങ്ങൾ, പത്രവാർത്തകൾ, ലേഖനങ്ങൾ, ഫീച്ചറുകൾ ഇവയുടെ അടിസ്ഥാനത്തിൽ വിശദീകരിക്കാം. (നേരത്തേ നിർദേശം നൽകണം)..

❖ ചർച്ചകളുടെ അടിസ്ഥാനത്തിൽ വരികൾ വ്യാഖ്യാനിച്ച് കുട്ടികൾ എഴുതട്ടെ.

❖ ഗ്രൂപ്പിൽ വായിച്ചവതരണം.

❖ മികച്ചവ കണ്ടെത്തൽ

- എന്തുകൊണ്ട് മികച്ചത്?
- ചർച്ച

❖ സൂചകങ്ങൾ അവർ പൊതുവായി വികസിപ്പിക്കട്ടെ.

❖ പൊതു അവതരണം

❖ മെച്ചപ്പെടുത്തൽ

❖ അധ്യാപികയുടെ വിലയിരുത്തൽ

### അമ്മയ്ക്ക് സംഭവിച്ചത്

❖ കവിത വായന

❖ അമ്മയ്ക്ക് എന്ത് സംഭവിച്ചിട്ടുണ്ടാവാം?

❖ വരികൾ കണ്ടെത്തി നിഗമനത്തിൽ എത്താം.

❖ സൂചനകൾ കണ്ടെത്തൽ

- പിറകിലെ സീറ്റിലുണ്ട്.
- വലത്തോട്ട് പൂർണമായി ചാഞ്ഞ് മടങ്ങി മയങ്ങിയിരിക്കുന്നു.
- പീളയടിഞ്ഞ് നിറമില്ലാത്ത കണ്ണുകൾ അടയ്ക്കാതെ വച്ചിരിക്കുന്നു.

❖ ഈ സൂചനകളിൽനിന്ന് നിഗമനങ്ങൾ രൂപീകരിക്കട്ടെ.

❖ വിശദീകരിച്ച് കുറിപ്പ് തയാറാക്കട്ടെ.

## ആസ്വാദനം തയാറാക്കാം.

- കവിതവായനയും ചർച്ചയും നടന്നതിന്റെ വെളിച്ചത്തിൽ കുട്ടികൾ മനസ്സിലാക്കിയ കാര്യങ്ങൾ ഉൾപ്പെടുത്തി ആശയപടം തയാറാക്കണം
  - പ്രമേയം
  - രചനാപരമായ പ്രത്യേകതകൾ
  - പദങ്ങൾ, പ്രയോഗങ്ങൾ
  - സവിശേഷതയുള്ള വരികൾ
  - സാമൂഹികപ്രസക്തി
  - വൈകാരികത
  - സമകാലികപ്രസക്തി
  -

  കവിത

- തുടർന്ന് സമാനകവിതകൾ, കഥകൾ, ഫീച്ചറുകൾ എന്നിവ ശേഖരിക്കാനും കാണാനുള്ള അവസരം നൽകണം.
- പൊതുചർച്ച
- ആസ്വാദനം തയാറാക്കൽ
- ഏതാനും പേരുടെ അവതരണം
- ഗ്രൂപ്പിൽ വായന - മെച്ചപ്പെടുത്തൽ
- മികച്ചവയുടെ അവതരണം - കുട്ടികളുടെ വിലയിരുത്തൽ
- അധ്യാപികയുടെ വിലയിരുത്തൽ (സൂചകങ്ങളുടെ അടിസ്ഥാനത്തിൽ)

**വിലയിരുത്തേണ്ടവ.**
- ആശയ സമഗ്രത
- പദങ്ങൾ, പ്രയോഗങ്ങൾ എന്നിവയുടെ സവിശേഷതകൾ
- സമാനകവിതകളുടെ ഉപയോഗം
- ആകർഷകമായ ഭാഷ

## ഉപന്യാസം തയാറാക്കൽ

- പാഠഭാഗം - വ്യക്തിഗത വായന
- ഉപന്യാസ വിഷയം "എല്ലാ പരിമിതികളെയും സ്നേഹംകൊണ്ട് മറികടക്കാനാവും" (TB പേജ് 23).
  - വ്യക്തിബന്ധങ്ങളുടെ ഇഴയടുപ്പം.
  - കുടുംബബന്ധങ്ങളുടെ പവിത്രത.
  - സാമൂഹികബന്ധങ്ങളുടെ ആവശ്യകത.
- പാഠഭാഗങ്ങൾ വായിച്ച് വിഷയവുമായി ബന്ധപ്പെട്ട കുറിപ്പുകൾ തയാറാക്കൽ
- കൂടുതൽ വായനയിലേയ്ക്ക് - ശേഖരിച്ച ആശയങ്ങൾ ഉൾപ്പെടുത്തൽ
- ആശയപടനിർമ്മാണം
- കൈമാറി വായനയും കൂട്ടിച്ചേർക്കലും
- വ്യക്തിഗതരചന (ഉപന്യാസം)
- ഏതാനും പേരുടെ അവതരണം
- മികച്ചത് ഏത്? എന്തുകൊണ്ട്?
  - സൂചകങ്ങൾ രൂപപ്പെടുത്തൽ




- ആശയസമഗ്രത
- ഘടന (തലക്കെട്ട്, തുടക്കം, വളർച്ച, ഉപസംഹാരം, ഖണ്ഡികാകരണം)
- ഭാഷ (ഉചിതപദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ, ഉദ്ധരണികൾ....)

❖ ഗ്രൂപ്പിൽ വായന - സൂചകങ്ങളുടെ സഹായത്തോടെ ചർച്ച.
❖ മെച്ചപ്പെടുത്തൽ
❖ ടീച്ചർവെർഷൻ അവതരണം
❖ വ്യക്തിഗത മെച്ചപ്പെടുത്തൽ
❖ പോർട്ട്ഫോളിയോവിലേക്ക്.

## ഞാൻ എന്നെക്കുറിച്ച്

ഈ യൂണിറ്റിലെ ഏറ്റവും പ്രധാനപ്പെട്ട ആവിഷ്കാര പ്രകടിതരൂപങ്ങളാണ് ആസ്വാദനക്കുറിപ്പ്, കഥയരങ്ങ്, ഉപന്യാസം എന്നിവ. ഇതിലൂടെ കടന്നുവന്ന കുട്ടിക്ക് എത്രത്തോളം അനുഭവങ്ങൾ ആർജ്ജിക്കാൻ സാധിച്ചിട്ടുണ്ട് എന്ന് സ്വയം വിലയിരുത്തുന്നതിനും ഇനിയും മെച്ചപ്പെടേണ്ട ഇടങ്ങൾ സ്വന്തമായി തിരിച്ചറിയുന്നതിനും വേണ്ടിയാണ് 'ഞാൻ എന്നെക്കുറിച്ച് ' എന്ന പ്രവർത്തനം യൂണിറ്റിൽ നൽകിയിട്ടുള്ളത്. ഇത് ഏറ്റെടുക്കാൻ കുട്ടിക്ക് അധ്യാപിക അവസരമൊരുക്കുകയും അവ പരിശോധിച്ച് ആവശ്യമായ നിർദേശങ്ങൾ നൽകുകയും വേണം.

യൂണിറ്റ് (ടീച്ചർടെക്സ്റ്റ്) പ്രവർത്തനവിശകലന ഭാഗത്ത് നിരന്തരവിലയിരുത്തൽ നടത്തേണ്ട പ്രധാന സന്ദർഭങ്ങളും സൂചകങ്ങളും നൽകിയിട്ടുണ്ട്. അതത് സന്ദർഭത്തിൽ അവ പ്രയോജനപ്പെടുത്തുകയും വിവിധ വിലയിരുത്തൽ രീതികളിലൂടെ (സ്വയം വിലയിരുത്തൽ, പരസ്പരവിലയിരുത്തൽ, അധ്യാപികയുടെ വിലയിരുത്തൽ) നിരന്തര വിലയിരുത്തൽ നടത്തേണ്ടതുമാണ്. യഥാസമയം ആവശ്യമായ പിന്തുണ നൽകി ഓരോ കുട്ടിയെയും മെച്ചപ്പെടുത്തുന്നതിനും പഠിതാവിൽ പഠനനേട്ടം ഉറപ്പാക്കുന്നതിനും പരിശ്രമിക്കുമല്ലോ.

# യൂണിറ്റ്‌വിശകലനം

പ്രവർത്തനസമയം : 24 പിരീഡ്

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ (വ്യവഹാരരൂപങ്ങൾ/ പ്രകടിതരൂപങ്ങൾ) | വിലയിരുത്തൽ |
| --- | --- | --- | --- | --- | --- |
| • വ്യത്യസ്ത കാലഘട്ടങ്ങളിൽ മലയാളത്തിലുണ്ടായ കഥകൾ, നോവലുകൾ മുതലായവ വായിക്കുകയും അവയുടെ പ്രമേയം, രചനാകാലം, ആഖ്യാനരീതി, രചനാതന്ത്രം എന്നിവയുടെ സവിശേഷതകൾ കണ്ടെത്തി ചർച്ച, സംവാദം, കുറിപ്പുകൾ എന്നിവയിലൂടെ അവതരിപ്പിക്കുകയും ചെയ്യുന്നു.<br>• വിവിധ സാഹിത്യകൃതികളിൽ പ്രതിഫലിക്കുന്ന സാമൂഹിക ജീവിതം, ഭാഷ എന്നിവയുടെ പ്രത്യേകതകൾ വിശകലനം ചെയ്ത് എഴുതുന്നു. | • രണ്ടിടങ്ങഴി | • എഴുത്തുകാർ ജീവിച്ചിരുന്ന കാലഘട്ടത്തിലെ സാമൂഹിക അവസ്ഥ, കുടുംബബന്ധങ്ങൾ, വ്യക്തിബന്ധങ്ങൾ എന്നിവ പ്രതിഫലിക്കുന്ന ധാരാളം രചനകൾ നമ്മുടെ സാഹിത്യത്തിലുണ്ട്.<br>• രചനകളിലെ പ്രമേയം, ആഖ്യാനരീതി, ഭാഷ എന്നിവയിലെ വൈവിധ്യം അവയെ കൂടുതൽ ആകർഷകമാക്കുന്നു. | • ചർച്ച<br>• സൂചനകൾ കണ്ടെത്തൽ<br>• വിലയിരുത്തൽ കുറിപ്പ് തയാറാക്കൽ | • ചർച്ചയിലിടപെട്ട് സംസാരിക്കൽ<br>• കണ്ടെത്തിയ സൂചനകളുടെ അവതരണം<br>• വിലയിരുത്തൽ കുറിപ്പ് | • ചർച്ചയിലെ പങ്കാളിത്തം<br>• ആശയങ്ങളുടെ അവതരണം.<br>• പ്രക്രിയാ ഘട്ടങ്ങൾ<br>• വിലയിരുത്തൽ കുറിപ്പ് |

# യൂണിറ്റ്‌വിശകലനം

പ്രവർത്തനസമയം : 24 പിരീഡ്

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ (വ്യവഹാരരൂപങ്ങൾ/ പ്രകടിതരൂപങ്ങൾ) | വിലയിരുത്തൽ |
|---|---|---|---|---|---|
| • കഥകളിലെ ശ്രദ്ധേയരായ കഥാപാത്രങ്ങളുടെ സ്വഭാവസവിശേഷതകൾ, മറ്റുള്ളവരോടുള്ള ഇടപെടൽ, കഥയിലെ സ്ഥാനം എന്നിവ കണ്ടെത്തി നിരൂപണം തയാറാക്കുന്നു. | • ഓരോ വിളിയും കാത്ത് | • കുടുംബബന്ധങ്ങളുടെ ഊഷ്മളത, പവിത്രത എന്നിവ പ്രമേയമായ ധാരാളം കഥകൾ മലയാളത്തിലുണ്ട്. | • ചർച്ച<br>• കുറിപ്പ് തയാറാക്കൽ | • പ്രകടനം<br>• കുറിപ്പ് | • ചർച്ചയിലെ ഇടപെടൽ<br>• കുറിപ്പ് |
| • പുതിയ കാലത്തെ കാവ്യഭാഷ തിരിച്ചറിഞ്ഞ് വ്യാഖ്യാനിക്കുകയും നൂതനസന്ദർഭങ്ങളിൽ പ്രയോഗിക്കുകയും ചെയ്യുന്നു. | | • പദങ്ങളുടെ തിരഞ്ഞെടുപ്പ്, പദച്ചേരുവുകളുടെ ഔചിത്യം, സവിശേഷപ്രയോഗങ്ങൾ, ശൈലി എന്നിവയുടെ സന്ദർഭാനുസരണമുള്ള ഉപയോഗം എന്നിവ രചനയെ കൂടുതൽ ആസ്വാദ്യമാക്കുന്നു. | • വിഗ്രഹിച്ച് എഴുതൽ<br>• കഥയരങ്ങ് | • പദച്ചേരുവകൾ<br>• അവതരണം | • പദച്ചേരുവുകൾ നിർമ്മിക്കാനും വിഗ്രഹിക്കാനുമുള്ള കഴിവ്.<br>• കഥകൾ തിരഞ്ഞെടുത്തതിലെ ഔചിത്യം.<br>• അവതരണ മികവ് |

## യൂണിറ്റ്വിശകലനം

പ്രവർത്തനസമയം : 24 പിരീഡ്

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ (വ്യവഹാരരൂപങ്ങൾ/ പ്രകടിതരൂപങ്ങൾ) | വിലയിരുത്തൽ |
|---|---|---|---|---|---|
| • കവിതകൾ വായിച്ച് അവയിലെ ചമൽക്കാരം, ബിംബകല്പനകൾ, സവിശേഷപ്രയോഗങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് ആസ്വദിക്കുന്നു. ആസ്വാദനക്കുറിപ്പുകൾ, വിശകലനക്കുറിപ്പുകൾ എന്നിവ തയാറാക്കി അവതരിപ്പിക്കുന്നു.<br>• തന്നിരിക്കുന്ന വിഷയമേഖലയുമായി ബന്ധപ്പെട്ട പുതിയ രചനകൾ വായിച്ചും ചർച്ചകളിലേർപ്പെട്ടും ദൃശ്യസാധ്യതകൾ പ്രയോജനപ്പെടുത്തിയും മറ്റും ഗ്രഹിച്ച ആശയങ്ങൾ നൂതനസന്ദർഭങ്ങളിൽ (ചർച്ച, ഉപന്യാസം) പ്രയോഗിക്കുന്നു. | • അമ്മത്തൊട്ടിൽ | • കവിതകൾ വായിച്ചാസ്വാദിക്കുന്നതും കുറിപ്പുകൾ തയാറാക്കുന്നതും തുടർവായനയിലേക്കും സർഗാത്മക രചനയിലേക്കും നയിക്കാൻ സഹായിക്കും.<br>• വിവിധ രചനകൾ വായിച്ചും ചർച്ചകളിൽ ഏർപ്പെട്ടും ദൃശ്യസാധ്യതകൾ പ്രയോജനപ്പെടുത്തിയും ആർജിക്കുന്ന അനുഭവങ്ങൾ വ്യത്യസ്ത ആവിഷ്കാര രൂപങ്ങളിൽ പ്രകടിപ്പിക്കേണ്ടതുണ്ട്. | • ഈണം കണ്ടെത്തൽ<br>• ചർച്ച<br>• വ്യാഖ്യാനിച്ച് എഴുതൽ<br>• നിഗമനങ്ങൾ രൂപീകരിക്കൽ<br>• ആസ്വാദനക്കുറിപ്പ്<br>• ഉപന്യാസം | • ആലാപനം<br>• പ്രകടനം<br>• കുറിപ്പ്<br>• കണ്ടെത്തിയ നിഗമനങ്ങളുടെ അവതരണം.<br>• ആസ്വാദനക്കുറിപ്പ്<br>• ഉപന്യാസം | • ഈണം, താളം, ഭാവം, പങ്കാളിത്തം.<br>• ചർച്ചയിലെ ഇടപെടൽ<br>• കുറിപ്പ്<br>• അവതരണം, യുക്തി.<br>• പ്രക്രിയാഘട്ടങ്ങൾ, ആസ്വാദനക്കുറിപ്പ്<br>• പ്രക്രിയാഘട്ടങ്ങൾ<br>* ചർച്ച<br>* കുറിപ്പ്<br>* ആശയപടം<br>* ഉപന്യാസം |